# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




ജൂൺ 09 – മാർ അപ്രേം തിരുനാൾ

Vol. LXXIII JUNE 2023 No. 6



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി ആരംഭിച്ച ആർത്രോസ്കോപ്പി സ്കിൽ ലാബിന്റെ ഉദ്ഘാടനം കേരള ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് നിർവഹിക്കുന്നു.



പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും അഗ്രിമ സെൻട്രൽ നേഴ്സറിയുടെയും ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിഭാസംഗമത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു



ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വി. അൽഫോൻസാമ്മയുടെ കബറിടം
മലങ്കര സിറിയൻ ഓർത്തഡോക്സ് സഭാസമൂഹത്തിന്റെ പരമാധ്യക്ഷൻ ബസേലിയോസ്
മാർത്തോമാ മാത്യൂസ് മൂന്നാമൻ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സന്ദർശിക്കുന്നു.



ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 88–ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള
കബറിടപ്രാർത്ഥനകൾക്കും ശ്രാദ്ധനേർച്ച വെഞ്ചരിപ്പിനും അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് കാർമികത്വം വഹിക്കുന്നു.



പാലാ സെന്റ് തോമസ് പ്രസിലെ നവീകരിച്ച ആർട്ട് ഗാലറിയുടെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.




പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച നസ്രാണിചരിത്ര സെമിനാറിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു



പാലാ ബിഷപ്സ് ഹൗസിൽ SMYM - KCYM സംഘടനയുടെ പാലാ രൂപതയിലെ
2023 പ്രവർത്തനവർഷത്തിലെ ഡയറക്ടറിയുടെ പ്രകാശനകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു



ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാർ കുട്ടികളെ ആദ്യാക്ഷരം കുറിപ്പിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**JUNE 2023**
**Vol. LXXIII No. 6**

# CONTENTS

ഇടയലേഖനം 73 .......... 415

സർക്കുലർ .......... 420

സർക്കുലർ .......... 430

സർക്കുലർ - 316 .......... 439

അറിയിപ്പുകൾ .......... 442

Transfer & Appointments .......... 443

അറിയിപ്പുകൾ .......... 444

വാർത്തകൾ .......... 448

ആദരാഞ്ജലികൾ .......... 479

അഭിവന്ദ്യ പിതാവിന്റെ ഡയറി .......... 495

ഇടയലേഖനം - 73

# വിശ്വാസപരിശീലനവർഷാരംഭം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ
സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്
നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്
കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

"പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (ശ്ലീഹ. പ്രവ. 1,8). സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഈശോ ശ്ലീഹന്മാരോടു പറഞ്ഞ ഈ വാക്കുകൾ പൂർത്തീകരിക്കപ്പെട്ട വലിയ തിരുനാളാണ് പന്തക്കുസ്താ. പന്തക്കുസ്താദിനത്തിലാണ് ഒരുമിച്ചുകൂടി പ്രാർത്ഥനയിൽ മുഴുകിയിരുന്ന അവരുടെമേൽ പരിശുദ്ധാത്മാവിന്റെ ആഗമനമുണ്ടായത്. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ അവർ ഓരോരുത്തരുടെയുംമേൽ വന്നുനിന്നു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.

ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകർമ്മം അതിന്റെ ഫലങ്ങൾ പരസ്യമായി പ്രകടിപ്പിച്ചുതുടങ്ങുന്നതാണ്

നാം ഇവിടെ കാണുന്നത്. അജ്ഞരും ഭീരുക്കളുമായിരുന്നവർ പൊടുന്നനേ വിജ്ഞരും ധൈര്യശാലികളും കർത്താവിനെ പരസ്യമായി പ്രഘോഷിക്കുന്നവരുമായിത്തീർന്നു. മുകളിൽ നിന്നുള്ള ശക്തി പ്രാപിച്ച ശ്ലീഹന്മാർ രുചികെട്ടവയ്ക്കു രുചി കൊടുക്കുന്ന ഉപ്പുപോലെയായിരുന്നു. അവർ ലോകത്തിനു വെളിച്ചം പ്രദാനം ചെയ്തു. അവർ പരിശുദ്ധാത്മാവിന്റെ ആയുധമണിഞ്ഞു. ഉണങ്ങിയ നിലത്ത് നീർച്ചാലുകളായി അവർ മാറി. ദുഷ്ടൻ വിതച്ച കളകളെ അവർ വേരോടെ പിഴുതെറിഞ്ഞു. പരിശുദ്ധാത്മാവിന്റെ വാൾ ധരിച്ചിരുന്നതിനാൽ അവർ ദുഷ്ടശത്രുക്കളെ തകർത്തുകളഞ്ഞു. അവർ ഭൂമിയിൽ ദൈവാലയങ്ങൾ നിർമ്മിച്ചു. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിച്ച ശ്ലീഹന്മാർ പുറപ്പെട്ടു സുവിശേഷമറിയിച്ചു. പരിശുദ്ധാത്മാവിൽ നിന്നു ലഭിച്ച സഹനശക്തികൊണ്ട് ശ്ലീഹന്മാർ ഈശോയെ പ്രതി സഹിച്ചു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ശ്ലീഹന്മാരെ പ്രബുദ്ധരാക്കുകയാണ്. ശ്ലീഹന്മാരുടെ നാവുകൾ പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായി. ബാബേലിൽ മനുഷ്യന്റെ അഹംഭാവവും ഗർവ്വും അവനെ ആശയക്കുഴപ്പത്തിലേക്കും പരസ്പരധാരണയില്ലായ്മയിലേക്കും നയിക്കുകയും വിഭിന്ന ഭാഷകൾ സംസാരിക്കുന്നവരാക്കിത്തീർക്കുകയും ചെയ്തു. സെഹിയോനിലാകട്ടെ, പരിശുദ്ധാത്മാവിനാൽ ശ്ലീഹന്മാർ വിജ്ഞന്മാരായിത്തീർന്നു. അവർ സംസാരിക്കുന്നത് എല്ലാ ദേശങ്ങളിൽനിന്നുമുള്ളവർ അവരവരുടെ മാതൃഭാഷകളിൽ കേട്ടു. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നിടത്തു ആശയക്കുഴപ്പങ്ങളില്ല, സംഭ്രമമില്ല, അമ്പരപ്പുകളില്ല, താറുമാറായിക്കിടക്കുന്ന അവസ്ഥയില്ല. അവിടെയുണ്ടാകുന്നത് ഐക്യമാണ്, Confusions മാറി communion ഉണ്ടാകുന്നു. ആരംഭംമുതലേയുള്ള സഭയുടെ സാർവത്രികമാനവും ഇവിടെ വെളിപ്പെടുന്നുണ്ട്. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെ പ്രഘോഷണം കേട്ട് മാനസാന്തരപ്പെട്ട വിവിധ ഗോത്രങ്ങളിൽപ്പെട്ടവരും വിവിധ ദേശങ്ങളിൽനിന്നു വന്നവരുമായ

വരുടെ പട്ടിക എടുത്തുകാണിക്കുന്നത് സഭയിലൂടെ നൽക പ്പെടുന്ന രക്ഷയുടെ സാർവ്വത്രികസ്വഭാവമാണ്.

പന്തക്കുസ്താദിനത്തിൽ സഭ ജനിക്കുന്നത് മാനുഷിക ഇച്ഛയാലല്ല; മറിച്ച്, ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയാ ലാണ്. അതുകൊണ്ടാണ് വി. ആഗസ്തീനോസ് സഭയെ ആത്മാവിന്റെ സമൂഹം (Societas Spiritus) എന്ന് വിളിക്കുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടു ബന്ധപ്പെടുത്തിയേ സഭയെക്കുറിച്ചു പറയാനാവൂ. സഭാപിതാവായ വി. ഇരണേ വൂസ് പഠിപ്പിക്കുന്നു: "സഭ എവിടെയുണ്ടോ അവിടെ ദൈവ ത്തിന്റെ ആത്മാവുണ്ട്; ദൈവത്തിന്റെ ആത്മാവ് എവിടെ യുണ്ടോ അവിടെ സഭയുണ്ട്, സകല കൃപയുമുണ്ട്. സഭയിൽ നിന്നകലുക എന്നാൽ ആത്മാവിനെ നിഷേധിക്കലാണ്; അങ്ങനെ ജീവനിൽനിന്ന് ഒരുവൻ തന്നെത്തന്നെ അകറ്റുന്നു." പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ദൈവവചനം മറിയ ത്തിന്റെ ഉദരത്തിൽ മാംസം ധരിച്ചതുപോലെ, മിശിഹായുടെ മൗതികശരീരമായ സഭയും രൂപംകൊള്ളുന്നത് പരിശുദ്ധാത്മാ വിന്റെ പ്രവൃത്തിയാലാണ്. സഭയുടെ വളർച്ചയും ദൗത്യനിർവ്വ ഹണവും പരിശുദ്ധാത്മാവുവഴിയാണു സാധിക്കുന്നത്. സഭ യിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച്, ശ്ലീഹ ന്മാരിലൂടെ പ്രവർത്തിച്ച പരിശുദ്ധാത്മാവിനെക്കുറിച്ച് സഭ സവി ശേഷമായി ചിന്തിക്കുന്ന ആരാധനാവത്സരകാലമായ ശ്ലീഹാ ക്കാലത്തിന്റെ ആരംഭവും പന്തക്കുസ്താത്തിരുനാൾ ആഘോ ഷത്തോടെയാണ്.

ഈ തിരുനാളിൽത്തന്നെയാണ് നമ്മുടെ രൂപതയിൽ പുതിയ വിശ്വാസപരിശീലനവർഷം ആരംഭിക്കുന്നത്. പരി ശുദ്ധാത്മാവിന്റെ സഹായത്തോടെ ശ്ലീഹന്മാർ നിർവ്വഹിച്ച സുവിശേഷപ്രഘോഷണത്തിന്റെ സമകാലികരൂപമാണ് ഞായറാഴ്ചതോറും കുട്ടികൾക്കായി നൽകിവരുന്ന വിശ്വാസ പരിശീലനക്ലാസ്സുകൾ. അത് രക്ഷകനായ മിശിഹായെക്കുറി

ച്ചുള്ള പ്രഘോഷണമാണ്; പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിർവഹിക്കപ്പെടുന്ന സഭയിലെ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷ യാണ്; നാം വിശ്വസിക്കുന്നതും ഏറ്റുപറയുന്നതും ജീവിത ത്തിൽ പാലിക്കുന്നതും ദൈവാരാധനയിൽ ആഘോഷിക്കുന്ന തുമായ കാര്യങ്ങളെക്കുറിച്ചുള്ള പ്രബോധനമാണ്. മിശിഹാ രഹസ്യത്തിന്റെ ആഴങ്ങളറിയുവാനുള്ള പരിശ്രമമാണ് വിശ്വാ സപരിശീലനക്ലാസ്സുകളിൽ നടക്കുന്നത്. പരിശുദ്ധാത്മാവിന്റെ സഹായത്തോടെയാണ് ഈ കാര്യങ്ങളെല്ലാം നടക്കുന്നത്. പരിശുദ്ധാത്മാവ് ചെയ്യുന്ന കാര്യങ്ങൾ ഈശോ തന്നെ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ട് (യോഹ.14:16,26; 15:26;16:8). എപ്പോഴും നമ്മോടുകൂടി ആയിരിക്കുന്ന സഹായകൻ - പാറക് ലേത്താ - ആണ് പരിശുദ്ധാത്മാവ്. അവിടുന്ന് എല്ലാ കാര്യ ങ്ങളും നമ്മെ പഠിപ്പിക്കുകയും ഈശോ പറഞ്ഞവ ഓർമ്മപ്പെ ടുത്തുകയും ചെയ്യും. അവൻ ഇശോയെക്കുറിച്ചു സാക്ഷ്യ പ്പെടുത്തും. അവിടുന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. സകല സത്യങ്ങളിലും നമ്മെ നയിക്കുന്ന സത്യാത്മാവാണ് പരിശുദ്ധാത്മാവ്. നമ്മോടൊപ്പമായിരുന്നുകൊണ്ട് ദൈവാ നുഭവത്തിൽ നമ്മെ വളർത്തുകയും ദൈവികരഹസ്യങ്ങൾ നമ്മെ പഠിപ്പിക്കുകയും പാപരഹിതമായ ജീവിതം നയിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നമ്മുടെ വിശ്വാസപരിശീലനരംഗത്തുണ്ട്. സെഹി യോൻശാലയിൽ പരിശുദ്ധാത്മാവ് അധ്യാപകനെപ്പോലെ യായിരുന്നു, ശിഷ്യരുടെ സമൂഹം വിദ്യാർത്ഥികളെപ്പോലെയും. പരിശുദ്ധാത്മാവ് അവരെ ഭാഷ പഠിപ്പിച്ചു, ഓരോ സ്ഥല ത്തേക്കും പോകാൻ അവരെ സജ്ജരാക്കി. ഇന്നും വിശ്വാസ പരിശീലനക്ലാസ്സുകളിൽ സംബന്ധിക്കുമ്പോൾ ഓരോ കുട്ടിയും സെഹിയോൻ ശാലയിലെ ശിഷ്യസമൂഹത്തെപ്പോലെയാണ്. അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരാകുന്നു.

വിശ്വാസത്തിൽ ആഴപ്പെട്ടു ശരിയായ ബോധ്യങ്ങളോടെ ജീവിക്കാനും ഈശോയെ പ്രഘോഷിക്കാനും അവർ ശക്തരാകുന്നു.

വിശ്വാസപരിശീലനരംഗത്തു പ്രവർത്തിക്കുന്ന എല്ലാവരും വൈദികരും സന്ന്യസ്തരും മാതാപിതാക്കളും വിശ്വാസപരിശീലകരും, പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്ന ഇടമായിക്കണ്ടു വേണം വിശ്വാസപരിശീലനക്ലാസ്സുകളെ സമീപിക്കാൻ. ദൈവികപ്രവൃത്തി നടക്കുന്ന സ്ഥലമാണത്. അതിന്റെ വിശുദ്ധിയും പരിപാവനതയും അറിഞ്ഞു നാം പ്രവർത്തിക്കണം. മാനുഷികചിന്തകൾ അതിനെ മലിനപ്പെടുത്താൻ ഇടയാകരുത്. നമ്മുടെ കുഞ്ഞുങ്ങളെ സ്വർഗ്ഗോന്മുഖരായി വളരാൻ നാം പരിശീലിപ്പിക്കണം. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാത്തിയ 5,22) എന്നിവ അവരുടെ ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാനിടയാകട്ടെ. ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല (1 കോറി. 12, 3) എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനം നമുക്ക് ഓർക്കാം. ഈ പുതിയ വിശ്വാസപരിശീലനവർഷം എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 25.05.2023

NB: 2023 മേയ് മാസം 28-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുവാനായി നല്കപ്പെട്ട ഇടയലേഖനം.

Ref: 3861/K-5/KCBC/OL/DS 06.05.2023

### 2023 ലെ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനത്തിനുവേണ്ടിയുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## ദൈവവിളി: കൃപയും ദൗത്യവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,
പ്രിയപ്പെട്ട യുവതീയുവാക്കന്മാരേ,

1964 ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമധ്യേ വിശുദ്ധ പോൾ ആറാമൻ പാപ്പാ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ചശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇത് ആഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മധ്യേ, ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, “ദൈവവിളി: കൃപയും ദൗത്യവും” എന്നതാണ്. ദൈവത്തിന്റെ വിളിയെന്നത് കൃപയാണെന്ന്, സമ്പൂർണദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യ അവസരമാണ് ഈ ദിനം; അതോടൊപ്പം, സുവിശേഷം അന്യരിലേക്ക് എത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മകകൂട്ടായ്മയിലും നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അത് നമ്മെ ഏറെ

ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റെതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തരബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്തിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെ കുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അത് നാം ഒറ്റയ്ക്കു നടപ്പിൽവരുത്തുന്ന ഒന്നല്ല; അത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത് എപ്പോഴും സഭാത്മക കൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അത് ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടത്തോടുകൂടെ സ്നേഹക്കൂട്ടായ്മയിൽ ജീവിക്കണമെന്നത്.

**"ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ"**

അപ്പോസ്തലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തുറന്നുവയ്ക്കുന്നു: പിതാവായ ദൈവം, ക്രിസ്തുവിൽ, "തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, യേശുക്രിസ്തുവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടന്നു മുൻകൂട്ടി നിശ്ചയിച്ചു" (എഫേ. 1, 4-5). ജീവിതത്തെ അതിന്റെ പൂർണാർഥത്തിൽ നോക്കിക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു: ദൈവം നമ്മെ "ഗർഭംധരിച്ചത്" തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടന്നു നമ്മെ അവിടത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിനും സ്നേഹത്തോടൊപ്പവുമാണു നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പന്ഥാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യമായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിര

ന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കു വരുന്നു. അതു നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അദ്ഭുതപാരവശ്യംകൊണ്ടു നിറയ്ക്കുന്നു; അത് നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ടു ജ്വലിപ്പിക്കുന്നു. ചില സമയങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മിലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21-ാം തീയതി എനിക്ക് അപ്രകാരമായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദേവാലയത്തിന്റെ മുമ്പിലെത്തുകയും അവിടെ കുമ്പസാരകൂദാശയ്ക്ക് അണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്ന് ഒരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അത് ഇന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാനമാണ് വെളിച്ചത്തു വരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളകളിൽ, പ്രാർഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ, നമ്മൾ ദൈവവചനം കേൾക്കുകയും അത് നമ്മോടു നേരിട്ടു സംസാരിച്ചതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹസഹോദരനോ സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകുമ്പോൾ - ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മകതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടത്തെ കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് “ദൈവികമായ ഒരു

തിരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പരപ്രവർത്തനമാണ്;" അത് ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടി മുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അത് നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവയ്ക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാംതന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളി എന്നതിനെക്കുറിച്ചു നമുക്കു പറയാവുന്ന അടിസ്ഥാനഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ, കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീ സഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യാ ഇക്കാര്യം 'കണ്ടപ്പോൾ' വ്യക്തമായി ഉദ്ഘോഷിച്ചു; "ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു... എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

**"ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്"**

ദൈവത്തിന്റെ വിളി ഒരു 'പറഞ്ഞയയ്ക്കൽ' ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളി ഇല്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്കു പകർന്നു കൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളിയെന്നത് നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണു നല്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം"

(1 കോറി. 9,16). യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്, "ഞങ്ങൾ കേട്ടതും കണ്ടതും, വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണമാക്കുന്നതിനായി ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു" (1, 1-4 കാണുക).

അഞ്ചുവർഷംമുമ്പ് "*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ*" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, "നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു ദൗത്യമായി കാണേണ്ടതുണ്ട്" (ഖ. 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, "ഞാൻതന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താലാണ് ഞാൻ ഈ ഭൂമിയിൽ ആയിരിക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം*, ഖ. 273).

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ സന്തോഷപൂർവകമായ സാക്ഷ്യം ഒരുമിച്ചു നല്കുകയെന്നതാണ് നമ്മുടെ ദൗത്യം. യേശുവിനോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്ന നിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇത് സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലിവഴിയായി. അതു പലതിനെയും പലരെയും പാഴ്വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമീപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായിത്തീർന്നുകൊണ്ട് (ലൂക്കാ 10, 25-37 കാണുക). ക്രിസ്തീയ ദൈവവിളിയുടെ മർമം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന യേശുക്രിസ്തുവിനെ അനുകരിക്കുക എന്നത് (മർക്കോ. 10, 45 കാണുക).

ഇവ്വിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽനിന്നോ പദ്ധതികളിൽനിന്നോ ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സൽകൃത്യങ്ങൾ പരിശീലിപ്പിക്കുക എന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽനിന്നുമല്ല അതു വരുന്നത്; അത് യേശുവുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്കു ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം "അപ്പോസ്തലന്മാരാകും." അപ്പോഴാണ്, "പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യം വഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം* ഖ. 273).

എമ്മാവൂസിലേക്കു യാത്ര ചെയ്ത രണ്ടു ശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷചിത്രം. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയശേഷം അവർ പരസ്പരം പറഞ്ഞു: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?" (ലൂക്കാ 24, 32). "ഹൃദയം അഗ്നിയാൽ ജ്വലിക്കുക", "പാദങ്ങൾ നീങ്ങിക്കൊണ്ടിരിക്കുക" എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽനിന്നു നമുക്കു മനസ്സിലാക്കാനാകും. ലിസ്ബനിൽ നടക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നംവച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശ ഇതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി" (ലൂക്കാ 1,39). ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റ് തിടുക്കത്തിൽ പോകാൻ എല്ലാ

സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെ എന്നതാണെന്റെ ആശംസ.

**ഒരുമിച്ചു വിളിക്കപ്പെട്ടു യോഗം ചേർക്കപ്പെട്ടവർ**

പന്ത്രണ്ടു ശിഷ്യന്മാരെ ഓരോരുത്തരെയും യേശു തന്റെ പക്കലേക്കു പേരു ചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നു. തന്നോടുകൂടെ ആയിരിക്കാനും സന്ദേശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനുംവേണ്ടി അയയ്ക്കപ്പെടാനുമായി അവിടന്ന് അവരെ നിയോഗിച്ചു (മർക്കോ. 3,13 കാണുക). അങ്ങനെ കർത്താവ് തന്റെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ പന്ത്രണ്ടുപേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവനായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളിയെക്കുറിച്ചും പറയുന്നു. അതായത്, 72 ശിഷ്യരുടെ വിളി; അവരെ യേശു ഈരണ്ടു പേരെവച്ച് പറഞ്ഞയച്ചു (ലൂക്കാ 10,1 കാണുക).

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ചു വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണം എന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെ ഇടയിൽ പരസ്പരം സ്നേഹം പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും (യോഹ. 13, 34;15,12) അങ്ങനെ യേശുക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്. സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അതു നമുക്കു ലഭിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും (charisms) ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയെന്ന നമ്മുടെ പൊതുവായ വിളി വികാസം പ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അല്മായരായ സ്ത്രീ

പുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹികസഭ* എന്നപോലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവചനാത്മക സൂചന എന്ന വിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണമായി അർപ്പിച്ചിരിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ – ഡീക്കന്മാർ, പുരോഹിതർ, മെത്രാന്മാർ – വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധജനത്തിന്റെ കൂട്ടായ്മ വളർത്താൻ നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ള എല്ലാവരുമായുള്ള ബന്ധത്തിൽമാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ഒരു ദൈവവിളികളുടെ "സ്വരലയം" (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്തവും അതേസമയം സംയോജിച്ചതും, അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ചു ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

**കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം. ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും, ഇടവകസമൂഹങ്ങളിലും സമർപ്പിതജീവിതസമൂഹങ്ങളിലും, സഭാപരമായ സംഘടന

കളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും നമ്മുടെ സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ (1 യോഹ. 4, 16 കാണുക) മക്കളായി ഓരോ ദിവസവും പുനർ ജനിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവിടന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും ദാരിദ്ര്യവും മരണവും ഉള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻവേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വിശുദ്ധ പോൾ ആറാമൻ 1964 ഏപ്രിൽ 11-ാം തീയതി ആദ്യത്തെ ലോകദൈവവിളിദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ: "ആത്മാക്കളുടെ ദിവ്യഇടയനായ യേശുവേ, നീ അപ്പോസ്തലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെ പിടിക്കുന്നവരാക്കുകയും ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്ന് തീക്ഷ്ണമതികളും ഉദാരമനസ്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാകട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും, 'ഭൂമി

യുടെ ഉപ്പും' 'ലോകത്തിന്റെ പ്രകാശവും' (മത്താ. 5,13) ആയി ഭവിക്കുകയും ചെയ്യുമാറാകട്ടെ."

കന്യകാമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം!

പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാം തീയതി റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ചു നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി - 682 025

Ref: 3865/K-5/KCBC/OL/DS 27.05.2023

# 57–ാം ആഗോളമാധ്യമദിനം

## ലോകമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## "ഹൃദയപൂർവം സംസാരിക്കാം"

പ്രിയ സഹോദരീസഹോദരന്മാരേ,

57–ാമത് ലോകസാമൂഹിക ആശയവിനിമയദിനത്തിനായുള്ള ഈ സന്ദേശത്തിലൂടെ, നല്ല ആശയവിനിമയത്തിനുള്ള വ്യവസ്ഥകളായി 'പോയിക്കാണുക' 'ശ്രവിക്കുക' എന്നീ ശുശ്രൂഷകളിലൂടെ കടന്നുപോകാൻ, കഴിഞ്ഞ വർഷങ്ങളിൽ നാം ശ്രമിച്ചു. എന്നാൽ, ഇന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നത് 'ഹൃദയപൂർവമായി സംസാരിക്കുന്നതിൽ' ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. പലപ്പോഴും പലയിടത്തേക്കും പോകാനും പലരെയും കാണാനും കേൾക്കാനും നമ്മെ പ്രേരിപ്പിക്കുന്നത് നമ്മുടെ ഹൃദയമാണ്. സ്വാഗതാർഹമായ രീതിയിൽ തുറന്ന ഹൃദയത്തോടെ മറ്റുള്ളവരെ കേൾക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നതും നമ്മുടെ ഹൃദയമാണ്. മറ്റൊരുവനെ ശ്രദ്ധയോടെ കേൾക്കാൻ നാം ഉൾക്കൊള്ളുന്ന കാത്തിരിപ്പും ക്ഷമയും നല്ലൊരു പരിശീലനമായി സ്വീകരിച്ചുകഴിഞ്ഞാൽ, നമ്മുടെ മനസ്സിൽ തോന്നുന്ന ആശയങ്ങളെ മുൻനിർത്തിക്കൊണ്ട്, സംഭാഷണത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചലനാത്മകതയിലേക്കു നമ്മളെത്തന്നെ ഉൾച്ചേർക്കാൻ കഴിയും, ഈ പരിശീലനത്തെയാണ് കൃത്യമായി ആശയവിനിമയം നടത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നന്മയുള്ള ഹൃദയത്തോടെ അപരനെ ശ്രവിച്ചശേഷം, സ്നേഹത്തിൽ സത്യത്തെ പിന്തുടർന്ന് നമുക്കു സംസാരിക്കാനും കഴിയും (cf. എഫേ 4:15). സത്യം പ്രഘോഷിക്കുന്നതിൽ നാം ഭയപ്പെടേണ്ടതില്ല, അത് ചിലപ്പോൾ അസ്വസ്ഥതയുണ്ടാക്കുമെങ്കിൽപ്പോലും; കാരണം,

'The Christian's Programme' എന്ന ലേഖനത്തിൽ – ബെനഡിക്റ്റ് പതിനാറാമൻ എഴുതിയതുപോലെ – 'പലരെയും കാണുവാനുള്ള ഒരു ഹൃദയം' ആണ് നമുക്കു വേണ്ടത്.

**1.** അതായത്, നമ്മുടെ അസ്തിത്വത്തിന്റെ സത്യം അതിന്റെ ചലനാത്മകതയിലൂടെ വെളിപ്പെടുത്തുന്ന ഒരു ഹൃദയം നാം സ്വന്തമാക്കണം. ഒരേ തരംഗദൈർഘ്യത്തിലേക്കു സ്വയം പൊരുത്തപ്പെടാൻ ശ്രദ്ധിക്കുന്നവരെ ഈ ഹൃദയനിഷ്ഠ നയിക്കുന്നു, അങ്ങനെ പരിശീലിച്ചാൽ അപരന്റെ ഹൃദയമിടിപ്പും സ്വന്തം ഹൃദയത്തിനുള്ളിൽ കേൾക്കാൻ കഴിയും. അപ്പോൾ കണ്ടുമുട്ടൽ എന്ന അദ്ഭുതം സംഭവിക്കാം, ആ കണ്ടുമുട്ടൽ പരസ്പരം അനുകമ്പയോടെ നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു, നമ്മുടെ പരസ്പരദൗർബല്യങ്ങളെ ബഹുമാനത്തോടെ സ്വാഗതം ചെയ്യുന്നു, കേട്ടുകേൾവിയിലൂടെ വിലയിരുത്തി അഭിപ്രായവ്യത്യാസവും വ്യത്യസ്ത ചിന്തകളും നമ്മിൽ രൂപപ്പെടുന്നു.

എല്ലാ വൃക്ഷങ്ങളും അതിന്റെ ഫലത്തിൽനിന്നാണ് അറിയപ്പെടുന്നതെന്ന് യേശു മുന്നറിയിപ്പു നൽകുന്നുണ്ട് (cf. Lk 6:44): "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്ന് നന്മ പുറപ്പെടുവിക്കുന്നു, ദുഷ്ടൻ തന്റെ ദുഷ്ടനിക്ഷേപത്തിൽനിന്ന് തിന്മ പുറപ്പെടുവിക്കുന്നു; എന്തെന്നാൽ, ഹൃദയത്തിന്റെ നിറവിൽനിന്നാണ് അധരം സംസാരിക്കുന്നത്". അതുകൊണ്ടാണ്, സത്യമുൾക്കൊള്ളുന്ന ദാനധർമ്മപ്രവൃത്തികളെ മനസ്സിലാക്കുന്നതിന് ഒരാളുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടത് ആവശ്യമാണെന്നു പറയുന്നത്. ശുദ്ധമായ ഹൃദയത്തോടെ ശ്രവിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് ശരിയായതിനെ കാണാനും വിവരസാങ്കേതികതയിൽ  നാം ജീവിക്കുന്ന സങ്കീർണ്ണമായ ലോകത്ത് വിവേചിച്ചറിയാൻ സഹായിക്കാത്ത അവ്യക്തമായ ശബ്ദങ്ങൾ മറികടക്കാനും കഴിയൂ. ഹൃദയംകൊണ്ടു സംസാരിക്കാനുള്ള ആ

ഹ്വാനം, നിസ്സംഗതയിലേക്കും രോഷത്തിലേക്കും ചായ്വുള്ള നാം ജീവിക്കുന്ന കാലഘട്ടത്തെ നന്നായി വെല്ലുവിളിക്കുന്നു, ചിലപ്പോൾ സത്യത്തെ വ്യാജമാക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലും നാം പരീക്ഷിക്കപ്പെടുന്നുണ്ട്.

**ഹൃദ്യമായി ആശയവിനിമയം നടത്തുന്നു**

സൗഹാർദ്ദപരമായ രീതിയിൽ ആശയവിനിമയം നടത്തുക എന്നതിനർത്ഥം, നമ്മുടെ കൂടെയുള്ള സ്ത്രീ-പുരുഷന്മാരുടെ സന്തോഷങ്ങളിലും വേദനകളിലും, ഭയപ്പാടുകളിലും പ്രതീക്ഷകളിലും കഷ്ടപ്പാടുകളിലും ഒപ്പമായിരിക്കാൻ നമുക്കു കഴിയണം എന്നതാണ്. അങ്ങനെ നാം മറ്റുള്ളവരെ ഉൾക്കൊള്ളുന്നു എങ്കിൽ അപരനെ നാം സ്നേഹിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ പരിപാലിക്കുകയും അത് ലംഘിക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നു എന്നാണ് അർത്ഥം. ഗോൽഗോഥായിൽ നടന്ന കുരിശുമരണത്തിനുശേഷം എമ്മാവൂസിലേക്കു പോകുന്ന ശിഷ്യന്മാരുമായി സംഭാഷണം നടത്തുന്ന നിഗൂഢമായ വഴിയാത്രക്കാരനിൽ ഈ ശൈലി നമുക്കു കാണാൻ കഴിയും. ഉത്ഥിതനായ യേശു ഹൃദയംകൊണ്ട് അവരോടു സംസാരിക്കുന്നു, അവരുടെ കഷ്ടപ്പാടുകളുടെ യാത്രയെ സ്നേഹബഹുമാനത്തോടെ അനുഗമിച്ചു, സ്വയം നിർദ്ദേശിച്ചു, തന്റെ ഇഷ്ടപ്രകാരം അടിച്ചേൽപ്പിക്കാതെ, കടന്നുപോയ സംഭവത്തിന്റെ ആഴത്തിലുള്ള അർത്ഥം മനസ്സിലാക്കാൻ സ്നേഹപൂർവ്വം അവരുടെ മനസ്സു തുറക്കുന്നു. തീർച്ചയായും, അവൻ വഴിയിൽ അവരോടു സംസാരിക്കുകയും അവർക്കു തിരുവെഴുത്തുകൾ വിശദീകരിക്കുകയും ചെയ്യുമ്പോൾ അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ കത്തുന്നതായി അവർക്ക് സന്തോഷത്തോടെ ഉദ്ഘോഷിക്കാൻ കഴിഞ്ഞു (cf. Lk 24:32) എന്ന് വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.

ധ്രുവീകരണങ്ങളും വൈരുദ്ധ്യങ്ങളും അടയാളപ്പെടുത്തിയ ഒരു ചരിത്രകാലഘട്ടത്തിൽ നിർഭാഗ്യവശാൽ സഭാ

സമൂഹംപോലും പ്രതിരോധിക്കാത്തതാണെന്നു നാം മനസ്സിലാക്കുന്നു – 'തുറന്ന ഹൃദയത്തോടെയും തുറന്ന കൈകളോടെയും' ആശയവിനിമയം നടത്താനുള്ള പ്രതിബദ്ധത ആശയവിനിമയമേഖലയിലുള്ളവർക്കുമാത്രം ബാധകമായതല്ല; അത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്. സത്യം അന്വേഷിക്കാനും സംസാരിക്കാനും ദാനധർമ്മം ചെയ്യാനും നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച്, ക്രിസ്ത്യാനികളായ നാം നമ്മുടെ നാവിനെ തിന്മയിൽനിന്നു സൂക്ഷിക്കാൻ നിരന്തരം ആവശ്യപ്പെടുന്നു (cf. സങ്കീ. 34:13), കാരണം, തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നതുപോലെ, അതേ നാവിൽ നമുക്ക് കർത്താവിനെ വാഴ്ത്താനും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുരുഷന്മാരെയും സ്ത്രീകളെയും ശപിക്കാനും കഴിയും. (cf. യാക്കോബ് 3:9). ഒരു ദുഷിച്ച വാക്കും നമ്മുടെ വായിൽനിന്നു വരരുത്, പകരം 'കേൾക്കുന്നവർക്ക് കൃപ നൽകുന്നതിന് അവസരത്തിനു യോജിച്ച രീതിയിൽ, ആത്മികവർദ്ധനയ്ക്ക് യോജിച്ച രീതിയിൽ ജീവിതം നയിക്കുന്നതാണ് നല്ലത്' (എഫേ. 4:29).

ചിലപ്പോൾ സൗഹൃദസംഭാഷണങ്ങൾ ഏറ്റവും കഠിനമായ ഹൃദയങ്ങളിൽപ്പോലും ഒരു മാറ്റം നൽകിയേക്കാം. സാഹിത്യത്തിലും നമുക്ക് ഇതിനു തെളിവുകളുണ്ട്. ലൂസിയ ഇന്നോമിനാറ്റോയോടു ഹൃദയംകൊണ്ടു സംസാരിക്കുന്ന, ആരോഗ്യകരമായ ആന്തരിക പ്രതിസന്ധിയാൽ നിരായുധനാകുകയും, സ്നേഹത്തിന്റെ സൗമ്യമായ ശക്തിക്ക് വഴങ്ങുകയും ചെയ്യുന്നതുവരെ, 'വിവാഹനിശ്ചയത്തിന്റെ' (The Bethrothed) XXI അധ്യായത്തിലെ അവിസ്മരണീയമായ ആ പേജിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്. നിർഭാഗ്യവശാൽ ഹൃദയങ്ങളെയും ബന്ധങ്ങളെയും വിഷലിപ്തമാക്കുകയും ചെയ്യുന്ന ക്രൂരതയ്ക്കുള്ള യഥാർത്ഥ മറുമരുന്നാണ് ദയ എന്നത് 'മര്യാദ'യുടെ ഒരു ചോദ്യംമാത്രമല്ല, സമൂഹത്തിൽ ഞങ്ങൾ ഇത് പലരുടെയും അനുഭവത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നു.

മാധ്യമരംഗത്ത് ഞങ്ങൾക്ക് ഇത്തരം ആയുധങ്ങൾ ആവശ്യമാണ്, അതിനാൽത്തന്നെ മുന്നിൽ ആയിരിക്കുന്നവരെ ഈ ആശയവിനിമയരീതി പ്രകോപിപ്പിക്കുകയും രോഷം സൃഷ്ടിക്കുകയും സംഘർഷത്തിലേക്കു നയിക്കുകയും ചെയ്യുന്ന അമർഷം ഉളവാക്കുന്നില്ല; മറിച്ച്, അവർ ജീവിക്കുന്ന യാഥാർത്ഥ്യത്തെ, വിമർശനാത്മകവും എന്നാൽ, എല്ലായ്പ്പോഴും ആദരവുമുള്ള മനോഭാവത്തോടെ സമാധാനപരമായി പ്രതിഫലിപ്പിക്കാനും വ്യാഖ്യാനിക്കാനും ആളുകളെ സഹായിക്കുന്നു.

**ഹൃദയം ഹൃദയത്തോടു സംവദിക്കുന്നു**

പ്രശസ്തമായ പ്രസ്താവനകളിലൊന്നായ 'ഹൃദയം ഹൃദയത്തോടു സംസാരിക്കുന്നു' എന്ന ചിന്ത, സ്നേഹത്തിൽ വിശ്വസ്തരായ തലമുറകളെ പ്രചോദിപ്പിക്കുന്നുണ്ട്, അവരിൽ വിശുദ്ധ ജോൺ ഹെൻറി ന്യൂമാൻ, അത് തന്റെ മുദ്രാവാക്യമായി തിരഞ്ഞെടുത്തു, 'നന്നായി സംസാരിക്കാൻ, നന്നായി സ്നേഹിച്ചാൽ മതി' എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ബോധ്യം. ആശയവിനിമയം ഒരിക്കലും കൃത്രിമമായ ഒന്നിലേക്കും വിപണനതന്ത്രത്തിലേക്കും ചുരുങ്ങരുതെന്ന് അദ്ദേഹം കാണിച്ചുതരുന്നു. വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസിനെ സംബന്ധിച്ചിടത്തോളം, "ഹൃദയത്തിലും ഹൃദയത്തിലൂടെയും, സൂക്ഷ്മവും തീവ്രവും ഏകീകൃതവുമായ ഒരു പ്രക്രിയ നടക്കുന്നു, അതിൽ നാം ദൈവത്തെ അറിയുന്നു".

**2.** 'നന്നായി സ്നേഹിക്കുന്നതിലൂടെ', ബധിരനും മൂകനുമായ മാർട്ടിനുമായി ആശയവിനിമയം നടത്തുന്നതിൽ വിശുദ്ധ ഫ്രാൻസിസ് വിജയിച്ചു, അവന്റെ സുഹൃത്തായി. അതുകൊണ്ടാണ് ആശയവിനിമയത്തിൽ വൈകല്യമുള്ള ആളുകളുടെ സംരക്ഷകനെന്ന് അദ്ദേഹം അറിയപ്പെടുന്നത്.

ഈ 'സ്നേഹത്തിന്റെ മാനദണ്ഡത്തിൽ'നിന്നാണ്, ജനീവയിലെ വിശുദ്ധ ബിഷപ് തന്റെ രചനകളിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും ആശയവിനിമയം നടത്തുന്നത്'

എത്ര ഉചിതമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇത് ഇന്നത്തെ കാലഘട്ടത്തിന്റെ ചിന്തകൾക്ക് എതിരാണ് - പ്രത്യേകിച്ച് സോഷ്യൽ മീഡിയയിൽ നമ്മൾ അനുഭവിക്കുന്നതുപോലെ - ആശയവിനിമയം പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നു, അതിനാൽ, ലോകം നമ്മളെപ്പോലെയല്ല, നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാണണമെന്നു നിർബന്ധമില്ല . വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസ് തന്റെ രചനകളുടെ നിരവധി പകർപ്പുകൾ ജനീവസമൂഹത്തിനിടയിൽ പ്രചരിപ്പിച്ചു. ഈ 'പത്രപ്രവർത്തന' അവബോധം അദ്ദേഹത്തിന് ഒരു പ്രശസ്തി നേടിക്കൊടുത്തു, അത് അദ്ദേഹത്തിന്റെ രൂപതയുടെ പരിധിക്കപ്പുറത്തേക്കു പോയി, ഇന്നും നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ രചനകൾ, 'വളരെ ആസ്വാദ്യകരവും പ്രബോധനപരവും ചലനാത്മകവുമായ' ചിന്തകൾ നൽകുന്നു. ഇന്ന് നമ്മൾ ആശയവിനിമയമേഖലയിലേക്കു നോക്കുകയാണെങ്കിൽ, ഒരു ലേഖനം, ഒരു റിപ്പോർട്ട്, ഒരു ടെലിവിഷൻ അല്ലെങ്കിൽ റേഡിയോ പരിപാടി അല്ലെങ്കിൽ ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ ഉൾപ്പെടേണ്ട സവിശേഷതകൾ പലതാണ്. ആശയവിനിമയ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ മാധ്യമങ്ങളെ വല്ലാതെ സ്വാധീനിച്ച ഈ വിശുദ്ധനിൽനിന്നു പ്രചോദനം ഉൾക്കൊണ്ട്, ധൈര്യത്തോടും സ്വാതന്ത്ര്യത്തോടുംകൂടി സത്യം അന്വേഷിക്കുകയും പറയുകയും ചെയ്യണം.

**സിനഡൽ പാതയിൽ ഹൃദയപൂർവ്വം സംസാരിക്കാം**

നാം ഒരാളെ ശ്രവിക്കുന്നതുമൂലം മറ്റൊരാളുടെ സാമീപ്യം, അനുകമ്പ, ആർദ്രത എന്നിവയാൽ പരിപോഷിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സാമൂഹിക അവബോധമുൾക്കൊണ്ടു സമൂഹത്തോടു സംസാരിക്കുന്നതിനു കാരണമാകണം. ഹൃദയങ്ങളെ ജ്വലിപ്പിക്കുന്ന, മുറിവുകളിൽ സുഗന്ധം പരത്തുന്ന, നമ്മുടെ സഹോദരീസഹോദരന്മാരുടെ യാത്രയിൽ വെളിച്ചം വീശുന്ന ആശയവിനിമയം സഭയിൽ നമുക്ക് അനിവാര്യമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ അറിയുന്ന,

സൗമ്യവും അതേസമയം പ്രവചനികവുമായ ഒരു വ്യക്തിയെ, അല്ലെങ്കിൽ ഒരുകൂട്ടം കേൾവിക്കാരെ മൂന്നാം സഹസ്രാബ്ദ ത്തിൽ അവതരിപ്പിക്കാൻ വിളിക്കപ്പെടുന്ന അത്ഭുതകരമായ പ്രഖ്യാപനത്തിന് പുതിയ വഴികളും മാർഗങ്ങളും എങ്ങനെ കണ്ടെത്താമെന്ന് സഭ ചിന്തിക്കുന്നു. അങ്ങനെ ഒരു ആശയവി നിമയ രീതി ഞാൻ സ്വപ്നം കാണുന്നു. ദൈവവുമായും അയൽ ക്കാരനുമായും, പ്രത്യേകിച്ച് ഏറ്റവും ആവശ്യമുള്ളവരുമായുള്ള ബന്ധത്തെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന ഒരു ആശയവിനിമയം, സ്വയം റഫറൻഷ്യൽ ഐഡന്റിറ്റി സംരക്ഷിക്കുന്നതിനുപകരം വിശ്വാസത്തിന്റെ തീ ആളിക്കത്തുന്നത് എങ്ങനെയെന്ന് അറി യുന്ന ഒരു കൂട്ടായ്മ സഭയ്ക്ക് അനിവാര്യമാണ്. ശ്രവിക്കുന്ന തിലെ വിനയവും സംസാരിക്കുന്നതിലെ സൗമ്യതയും അടി സ്ഥാനമാക്കിയുള്ള ആശയവിനിമയത്തിന്റെ ഒരു രൂപം, അത് ഒരിക്കലും ദാനധർമ്മത്തിൽനിന്നു സത്യത്തെ വേർതിരിക്കു ന്നില്ല.

**സമാധാനത്തിന്റെ ഭാഷ പ്രചരിപ്പിച്ചുകൊണ്ട് ആത്മാക്കളെ നിരായുധരാക്കുന്നു.**

'മൃദുവായ നാവ് അസ്ഥിയെ തകർക്കും' എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. എന്നത്തേക്കാളും ഇന്ന്, യുദ്ധം നട ക്കുന്ന സ്ഥലങ്ങളിൽ സമാധാനസംസ്കാരം വളർത്തിയെടു ക്കാൻ ഹൃദയംകൊണ്ടു സംസാരിക്കേണ്ടത് അത്യാവശ്യമാണ്; വെറുപ്പും വിദ്വേഷവും രോഷവും നമ്മെ അടിമപ്പെടുത്തുന്ന ഇടങ്ങളിൽ സംവാദത്തിനും അനുരഞ്ജനത്തിനുമുള്ള വഴി കൾ തുറക്കുക. നാം അനുഭവിക്കുന്ന ആഗോളസംഘർഷ ത്തിന്റെ സാമൂഹികപശ്ചാത്തലത്തിൽ, ശത്രുതയില്ലാത്ത ഒരു ആശയവിനിമയരീതി നിലനിർത്തേണ്ടത് അടിയന്തരാവശ്യ മാണ്. 'മാന്യമായ സംഭാഷണം നടത്തുന്നതിനുപകരം തുട ക്കത്തിൽത്തന്നെ എതിരാളികളെ അപകീർത്തിപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുക' എന്ന പ്രവണതയെ മറികടക്കേ ണ്ടത് ആവശ്യമാണ്. വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ എൻ

സൈക്ലിക്കൽ 'പാച്ചെം ഇൻ തേറിസിൽ' പ്രവചനാത്മകമായി ഉദ്ബോധിപ്പിച്ചതുപോലെ, സമഗ്രമായ നിരായുധീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന, നമ്മുടെ ഹൃദയങ്ങളിൽ കൂടുകൂട്ടുന്ന യുദ്ധസമാനമായ മനോവിഭ്രാന്തിയെ ഇല്ലാതാക്കാൻ പ്രതിജ്ഞാബദ്ധരായ, സംഭാഷണത്തിനും തുറന്ന ആശയവിനിമയക്കാരെ നമുക്ക് ആവശ്യമുണ്ട്: 'യഥാർത്ഥ സമാധാനം കെട്ടിപ്പടുക്കാൻ പരസ്പരവിശ്വാസത്തിനുമാത്രമേ കഴിയൂ. അറുപത് വർഷങ്ങൾക്കുമുമ്പുള്ളതുപോലെ, ആശയവിനിമയത്തിന്റെ തലത്തിലും എത്രയും വേഗം അവസാനിപ്പിക്കേണ്ട യുദ്ധത്തിന്റെ വർദ്ധനവിനെ മനുഷ്യൻ ഭയപ്പെടുന്ന ഒരു ഇരുണ്ട സമയത്താണ് നാമും ഇപ്പോൾ ജീവിക്കുന്നത്. ആളുകളെയും പ്രദേശങ്ങളെയും നശിപ്പിക്കാൻ ആഹ്വാനം ചെയ്യുന്ന വാക്കുകൾ എത്ര എളുപ്പത്തിൽ സംസാരിക്കുന്നുവെന്ന് കേൾക്കുന്നത് വല്ലാതെ ഭയപ്പെടുത്തുന്നതാണ്. വാക്കുകൾ, അത് പലപ്പോഴും ഹീനമായ അക്രമത്തിന്റെ യുദ്ധസമാനമായ പ്രവർത്തനങ്ങളായി മാറുന്നു. അതുകൊണ്ടാണ് എല്ലാ യുദ്ധസമാനമായ വാക്കുതർക്കങ്ങളും അതുപോലെതന്നെ സത്യത്തെ കൃത്രിമമാക്കുകയും പ്രത്യയശാസ്ത്രപരമായ ലക്ഷ്യങ്ങൾക്കായി അതിനെ രൂപഭേദം വരുത്തുകയും ചെയ്യുന്ന എല്ലാ തരത്തിലുള്ള പ്രചാരണങ്ങളും തള്ളിക്കളയേണ്ടത് അനിവാര്യമാണ്. പകരം, ജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്ന ആശയവിനിമയത്തിന്റെ ഒരു രൂപമാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

ക്രിസ്ത്യാനികൾ എന്ന നിലയിൽ, സമാധാനത്തിന്റെ വിധി നിർണ്ണയിക്കുന്നത് ഹൃദയങ്ങളുടെ പരിവർത്തനത്തിലൂടെയാണെന്നു നമുക്കറിയാം. കാരണം, യുദ്ധത്തിന്റെ വൈറസ് മനുഷ്യന്റെ ഹൃദയത്തിനുള്ളിൽനിന്നാണു വരുന്നത്. അടഞ്ഞതും വിഭജിക്കപ്പെട്ടതുമായ ഒരു ലോകത്തിന്റെ നിഴലുകൾ അകറ്റാനും നമുക്കു ലഭിച്ചതിനേക്കാൾ മികച്ച ഒരു നാഗരികത

കെട്ടിപ്പടുക്കാനുമുള്ള ശരിയായ വാക്കുകൾ ഹൃദയത്തിൽനിന്നു വരുന്നു. ഈ ശ്രമത്തിൽ ഏർപ്പെടാൻ നമ്മൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്, എന്നാൽ, ആശയവിനിമയമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്വബോധത്തെ കൂടുതൽ ആകർഷിക്കുന്ന ഒന്നാണ്, അതിലൂടെ അവർക്ക് അവരുടെ തൊഴിൽ ഒരു ദൗത്യമായി നിർവഹിക്കാൻ കഴിയുമെന്ന വസ്തുത.

കർത്താവായ യേശു, പിതാവിന്റെ ഹൃദയത്തിൽനിന്നു പകർന്ന ശുദ്ധമായ വചനം, നമ്മുടെ ആശയവിനിമയം വ്യക്തവും തുറന്നതും ഹൃദയംഗമവുമാക്കാൻ നമ്മെ സഹായിക്കട്ടെ.

ഹൃദയമിടിപ്പിനു ചെവികൊടുക്കാനും സഹോദരീ സഹോദരന്മാരായി നമ്മെത്തന്നെ വീണ്ടും കണ്ടെത്താനും ഭിന്നിപ്പിക്കുന്ന ശത്രുതയെ നിരായുധരാക്കാനും വചനം മാംസമായ കർത്താവായ യേശു നമ്മെ സഹായിക്കട്ടെ.

സത്യത്തിന്റെയും സ്നേഹത്തിന്റെയും വചനമായ കർത്താവായ യേശു ദാനധർമ്മത്തിൽ സത്യം സംസാരിക്കാൻ നമ്മെ സഹായിക്കട്ടെ, അങ്ങനെ നമുക്ക് പരസ്പരം സംരക്ഷകരായി മുന്നേറാം.

ഫ്രാൻസിസ് പാപ്പ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി – 682 025.

സർക്കുലർ 316

# PSWS "Save a Family"

# കുടുംബോദ്ധാരണപദ്ധതി

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതയുടെ ഭൂപ്രദേശത്ത് അധിവസിക്കുന്ന നാനാ ജാതിമതസ്ഥരായ ദുർബലകുടുംബങ്ങളെ കണ്ടെത്തി സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകി അവരുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുവാൻ ലക്ഷ്യംവച്ച് പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി 'സേവ് എ ഫാമിലി പ്ലാൻ' SAFP യുടെ സഹകരണത്തോടെ പാവപ്പെട്ടവർക്ക് ഏറെ സഹായകമായ കുടുംബോദ്ധാരണപദ്ധതി നടപ്പിലാക്കിവരികയാണ്. ഈ വർഷം പുതിയ 225 കുടുംബങ്ങളെയാണ് പദ്ധതിയിലേക്കു തിരഞ്ഞെടുക്കുന്നത്. പദ്ധതിയിൽ അംഗങ്ങളാകുന്ന കുടുംബങ്ങൾക്ക് തുടർച്ചയായി ആറു വർഷത്തേക്ക് പ്രതിവർഷധനസഹായത്തോടൊപ്പം തങ്ങളുടെ സാധ്യതകൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ആരംഭിക്കാവുന്ന സ്വയംതൊഴിൽസംരംഭങ്ങൾക്ക് മുൻഗണനയോടെ സഹായങ്ങൾ നൽകുന്നതുമാണ്. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചികിത്സാസൗകര്യങ്ങൾ, വീടുകളുടെ നിർമാണം, അറ്റകുറ്റപ്പണികൾ, ശൗചാലയനിർമാണം, കുടിവെള്ളലഭ്യത ഉറപ്പാക്കൽ തുടങ്ങി വിവിധ തലങ്ങളിൽ സഹായങ്ങൾ ലഭിക്കാവുന്നതാണ്. കാനഡയിലെ സുമനസ്സുകൾ തങ്ങളുടെ വരുമാനത്തിൽനിന്ന് ഒരു നിശ്ചിതശതമാനംതുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നത് അർഹരായവരുടെ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് SAFP യുടെ നേതൃത്വത്തിൽ പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കുന്നത്.

## കുടുംബോദ്ധാരണപദ്ധതി 2023
## അപേക്ഷകൾ ക്ഷണിക്കുന്നു

**അപേക്ഷകർ നിർബന്ധമായും പാലിക്കേണ്ട രണ്ടു നിബന്ധനകൾ**

1. 13 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെങ്കിലുമുള്ള കുടുംബം.
2. അപേക്ഷകന് / അപേക്ഷയ്ക്കു സ്വയംതൊഴിൽ ചെയ്യാനുള്ള സന്നദ്ധതയും കഴിവും ഉണ്ടായിരിക്കണം.

**കൂടാതെ താഴെ കൊടുത്തിരിക്കുന്ന മൂന്നു മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് നിർബന്ധമായും ഉണ്ടായിരിക്കണം.**

1. വിധവയോ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതോ വിവാഹം കഴിക്കാതെ അമ്മയായ സ്ത്രീയോ നേതൃത്വം നൽകുന്ന കുടുംബം.
2. ക്യാൻസർ, HIV/AIDS, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധിക്കപ്പെട്ട അംഗമുള്ള കുടുംബം.
3. 40% എങ്കിലും ശാരീരികമോ മാനസികമോ ആയ വൈകല്യം ബാധിച്ച അംഗമുള്ള കുടുംബം (വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്.)

**താഴെ കൊടുത്തിരിക്കുന്ന നാലു ഘടകങ്ങളിൽ മൂന്നെണ്ണമെങ്കിലും നിർബന്ധമായും ഉണ്ടായിരിക്കണം.**

1. ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബം. (ഗവൺമെന്റ് അംഗീകൃതരേഖ ആവശ്യമാണ്)
2. ശുചിമുറി ഇല്ലാത്ത കുടുംബം.
3. വീട്ടിൽനിന്ന് 500 മീറ്ററിനുള്ളിൽ ശുദ്ധജലലഭ്യതയുടെ അഭാവമുള്ള കുടുംബം.
4. വാസയോഗ്യമല്ലാത്ത വീട്, ഭവനരഹിതർ, ഗുണനിലവാരമില്ലാത്ത മേൽക്കൂരയുള്ള വീട് (ഓല മേഞ്ഞത്, ടാർപോളിൻ, ഒരു മുറി മാത്രമുള്ള വീട്, മൺഭിത്തിയുള്ള വീട്)

അപേക്ഷകൾ ജൂൺ 15 നുമുമ്പ് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഓഫീസിലോ പ്രോജക്ട് കോർഡിനേറ്റർ പക്കലോ സമർപ്പിക്കാവുന്നതാണ്.

നമ്മുടെയിടയിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം നേടിയെടുക്കാനാവട്ടെയെന്ന് ആശിക്കുകയും വികാരിയച്ചന്മാരും, പ്രൊവിൻഷ്യാളമ്മമാരും യോഗപ്രതിനിധികൾ ഉൾപ്പെടെയുള്ള അല്മായസമൂഹവും നേതൃത്വം നൽകണമെന്ന് ഓർമപ്പെടുത്തുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29.05.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB : ഈ സർക്കുലറിലെ വിവരങ്ങൾ ഇടവകാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

# ഇൻഫാം രൂപതാതല സമ്മേളനം

നമ്മുടെ രൂപതയിലെ കർഷകരുടെ ക്ഷേമത്തിനുവേണ്ടി ഇടവകതലത്തിലും രൂപതാതലത്തിലും വിവിധ കർമപരിപാടികൾ നമ്മൾ രൂപംകൊടുത്തു നടപ്പിലാക്കിവരുകയാണല്ലോ. പി.എസ്.ഡബ്ല്യു.എസിന്റെ നേതൃത്വത്തിൽ മുണ്ടുപാലത്ത് ആരംഭിച്ച അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് കാർഷികമുന്നേറ്റത്തിനു വഴിയൊരുക്കുമെന്നു പ്രത്യാശിക്കുന്നു.

കർഷകരുടെ പ്രശ്നങ്ങൾക്കുവേണ്ടി ശബ്ദിക്കുകയും സർക്കാർതലത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുള്ള കർഷകപ്രസ്ഥാനമായ ഇൻഫാമിനെ കൂടുതൽ സജീവമാക്കേണ്ടത് ഇപ്പോൾ വളരെ അനിവാര്യമായിത്തീർന്നിരിക്കുന്നു. ബഫർസോൺ, വന്യമൃഗശല്യം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, വളങ്ങൾ ഉൾപ്പെടെയുള്ള കാർഷിക അവശ്യസാധനങ്ങളുടെ ലഭ്യതക്കുറവ്, അവയുടെ അമിതവില തുടങ്ങിയ പലവിധകാരണങ്ങളാൽ ബുദ്ധിമുട്ടുന്ന കർഷകരുടെ ഉന്നമനത്തിനുവേണ്ടി ഇൻഫാമിനു പലതും ചെയ്യാൻ കഴിയും. ഇപ്പോൾ നമ്മുടെ രൂപതയിലുള്ള ഇൻഫാമിന്റെ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും സജീവമാക്കി രൂപതാതല പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 2023 ജൂൺ 22-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഇൻഫാം ഇടവകപ്രതിനിധികളുടെ മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അധ്യക്ഷതയിൽ കൂടുന്നതായിരിക്കും. ഇടവകയിൽ ഇൻഫാം ഭാരവാഹികൾ ആയിട്ടുള്ളവരെയും ഇൻഫാം ഭാരവാഹികൾ ഇല്ലെങ്കിൽ യോഗത്തിൽനിന്ന് അച്ചൻ നിയോഗിക്കുന്ന ഇൻഫാം പ്രവർത്തനങ്ങൾക്ക് ഉതകുന്ന മൂന്നുപേരിൽ കുറയാത്ത ആളുകളെയും പ്രസ്തുത മീറ്റിങ്ങിലേക്കു പറഞ്ഞയയ്ക്കണമെന്ന് സ്നേഹപൂർവം അറിയിക്കുന്നു. സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

പാലാ, **ഫാ. ജോസഫ് തറപ്പേൽ**

01.06.2023 ഡയറക്ടർ, ഇൻഫാം

# കച്ചേരിക്കാര്യം

## Transfers & Appointments (June 2023)

| | Name | Office |
|---|---|---|
| 1 | Chovelikudyil James | MA study, St Thomas College, Pala, Residence at CR Hostel |
| 2 | Naduviledam Paul | Pastoral Assistant, Piravom |
| 3 | Panthiruvelil Mathew | MTh study, Vadavathoor |
| 4 | Poovathinkal Joseph | Chaplain, FC Convent, Kalloorkulam |
| 5 | Thellikunnel Joseph CRM | Asst. Vicar, Poovarany |
| 6 | Vazhayil Thomas | Asst. Vicar, Bharananganam |

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2023

| | Groups | | Science | | | | Humanities | | | | Commerce | | | | Full A+ | Total | | | | Previous Year |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank No. | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | | Total | Fail | Pass | Pass % | |
| 1 | Vilakkumadam | St. Joseph's HSS | 59 | 0 | 59 | 100.0 | | | | | 57 | 1 | 58 | 98 | 20 | 117 | 1 | 116 | **99.15** | **99.07** |
| 2 | Cherpunkal | Holy Cross HSS | 147 | 2 | 149 | 98.7 | | | | | 45 | 1 | 46 | 98 | 43 | 195 | 3 | 192 | **98.46** | **98.61** |
| 3 | Arakulam | St.Mary's HSS | 97 | 0 | 97 | 100.0 | 29 | 5 | 34 | 85 | 43 | 0 | 43 | 100 | 25 | 174 | 5 | 169 | **97.13** | **95.19** |
| 4 | Kuravilangad | St.Mary's HSS | 92 | 2 | 94 | 97.9 | 43 | 2 | 45 | 96 | | | | | 29 | 139 | 4 | 135 | **97.12** | **97.44** |
| 5 | Pala | St.Mary's GHSS | 117 | 1 | 118 | 99.2 | 40 | 4 | 44 | 91 | | | | | 38 | 162 | 5 | 157 | **96.91** | **97.40** |
| 6 | Bharananganam | St.Mary's HSS | 114 | 3 | 117 | 97.4 | 41 | 7 | 48 | 85 | 48 | 0 | 48 | 100 | 60 | 213 | 10 | 203 | **95.31** | **93.52** |
| 7 | Plassanal | St.Antony's HSS | 98 | 2 | 100 | 98.0 | 40 | 5 | 45 | 89 | | | | | 22 | 145 | 7 | 138 | **95.17** | **89.24** |
| 8 | Elanji | St.Peter's HSS | 93 | 6 | 99 | 93.9 | | | | | 33 | 1 | 34 | 97 | 24 | 133 | 7 | 126 | **94.74** | **97.42** |
| 9 | Kadanad | St.Sebastian's HSS | 96 | 0 | 96 | 100.0 | 42 | 3 | 45 | 93 | 28 | 7 | 35 | 80 | 24 | 176 | 10 | 166 | **94.32** | **91.24** |
| 10 | Pala | St.Thomas HSS | 97 | 1 | 98 | 99.0 | 39 | 8 | 47 | 83 | | | | | 15 | 145 | 9 | 136 | **93.79** | **95.51** |
| 11 | Kothanalloor | Emmanuel's HSS | 110 | 7 | 117 | 94.0 | | | | | 41 | 3 | 44 | 93 | 30 | 161 | 10 | 151 | **93.79** | **93.83** |
| 12 | Kozhuvanal | St.John's NHSS | 97 | 2 | 99 | 98.0 | 37 | 9 | 46 | 80 | | | | | 18 | 145 | 11 | 134 | **92.41** | **85.00** |
| 13 | Ramapuram | St.Augustine's HSS | 112 | 5 | 117 | 95.7 | 22 | 6 | 28 | 79 | 36 | 5 | 41 | 88 | 21 | 186 | 16 | 170 | **91.40** | **93.52** |
| 14 | Pravithanam | St. Michaels HSS | 57 | 3 | 60 | 95.0 | | | | | 43 | 8 | 51 | 84 | 12 | 111 | 11 | 100 | **90.09** | **93.40** |
| 15 | Valiyakumaramagalam | St. Paul's HSS | 54 | 3 | 57 | 94.7 | | | | | 49 | 9 | 58 | 84 | 11 | 115 | 12 | 103 | **89.57** | **96.30** |
| 16 | Teekoy | St.Mary's HSS | 89 | 8 | 97 | 91.8 | | | | | 36 | 9 | 45 | 80 | 19 | 142 | 17 | 125 | **88.03** | **91.82** |
| 17 | Aruvithura | St.George HSS | 99 | 17 | 116 | 85.3 | | | | | 42 | 4 | 46 | 91 | 14 | 162 | 21 | 141 | **87.04** | **87.20** |
| | | | Computer Application | | | | M.L.T | | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 20 | 6 | 26 | 77 | 27 | 3 | 30 | 90.0 | | | | | 0 | 56 | 9 | 47 | **83.929** | **68.96552** |

# Corporate Educational Agency, Diocese of Palai

| SSLC RESULTS | | March, 2022 | | | | March, 2023 | | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ | |
| 1 | Pala St.Mary's GHSS | 252 | 252 | 100.00 | 59 | 220 | 220 | 100.00 | 70 | 7th Time 100% |
| 2 | Arakulam St.Mary's HSS | 180 | 179 | 99.44 | 12 | 200 | 200 | 100.00 | 29 | 1st Time 100% |
| 3 | Kuravilangad St.Mary's GHS | 162 | 162 | 100.00 | 39 | 168 | 168 | 100.00 | 49 | 13th Time 100% |
| 4 | Cherpunkal Holy Cross HSS | 186 | 185 | 99.46 | 28 | 162 | 162 | 100.00 | 39 | 1st Time 100% |
| 5 | Kothanalloor Emmanuels HSS | 155 | 154 | 99.35 | 21 | 155 | 155 | 100.00 | 22 | 1st Time 100% |
| 6 | Muttuchira St.Agnes HS | 149 | 149 | 100.00 | 26 | 146 | 146 | 100.00 | 42 | 6th Time 100% |
| 7 | Pala St.Thomas BHSS | 114 | 114 | 100.00 | 14 | 145 | 145 | 100.00 | 27 | 3rd Time 100% |
| 8 | Vilakkumadom St.Joseph's HS | 124 | 124 | 100.00 | 12 | 124 | 124 | 100.00 | 18 | 3rd Time 100% |
| 9 | Plassanal St.Antony's HSS | 132 | 132 | 100.00 | 22 | 117 | 117 | 100.00 | 23 | 9th Time 100% |
| 10 | Kadanad St.Sebastians HSS | 117 | 117 | 100.00 | 21 | 113 | 113 | 100.00 | 30 | 11th Time 100% |
| 11 | Chemmalamattom Little Flower HS | 107 | 107 | 100.00 | 12 | 103 | 103 | 100.00 | 24 | 2nd Time 100% |
| 12 | Teekoy St.Mary's HSS | 147 | 147 | 100.00 | 21 | 126 | 126 | 100.00 | 24 | 5th Time 100% |
| 13 | Thudanganad St.Thomas HS | 103 | 103 | 100.00 | 10 | 99 | 99 | 100.00 | 14 | 9th Time 100% |
| 14 | Bharananganam St.Mary's HSS | 105 | 105 | 100.00 | 13 | 99 | 99 | 100.00 | 19 | 5th Time 100% |
| 15 | Ramapuram SH GHS | 142 | 142 | 100.00 | 30 | 98 | 98 | 100.00 | 37 | 5th Time 100% |
| 16 | Ramapuram St.Augustine's HSS | 98 | 98 | 100.00 | 8 | 97 | 97 | 100.00 | 37 | 3rd Time 100% |
| 17 | Kuravilangad St.Mary's HSS | 110 | 109 | 99.09 | 5 | 94 | 94 | 100.00 | 16 | 1st Time 100% |
| 18 | Pravithanam St.Michael's HS | 61 | 61 | 100.00 | 19 | 93 | 93 | 100.00 | 19 | 12th Time 100% |
| 19 | Vakakkad Alphonsa GHS | 68 | 68 | 100.00 | 18 | 89 | 89 | 100.00 | 26 | 9th Time 100% |
| 20 | Vadakara Little Flower HS | 77 | 77 | 100.00 | 11 | 87 | 87 | 100.00 | 24 | 7th Time 100% |
| 21 | Elanji St.Peter's HSS | 85 | 85 | 100.00 | 7 | 78 | 78 | 100.00 | 16 | 6th Time 100% |
| 22 | Marangattupally St.Thomas HS | 59 | 59 | 100.00 | 10 | 75 | 75 | 100.00 | 17 | 5th Time 100% |
| 23 | Kozhuvanal St.Johns NHSS | 81 | 81 | 100.00 | 7 | 74 | 74 | 100.00 | 22 | 3rd Time 100% |
| 24 | Kurumannu St.John's HS | 95 | 95 | 100.00 | 14 | 73 | 73 | 100.00 | 9 | 5th Time 100% |
| 25 | Koottickal St.George HS | 110 | 110 | 100.00 | 18 | 73 | 73 | 100.00 | 17 | 3rd Time 100% |
| 26 | Muttuchira Holy Ghost BHS | 74 | 74 | 100.00 | 7 | 67 | 67 | 100.00 | 7 | 16th Time 100% |
| 27 | Valiyakumaramangalam St. Paul's HS | 79 | 79 | 100.00 | 5 | 65 | 65 | 100.00 | 9 | 5th Time 100% |
| 28 | Mutholapuram St.Paul's HS | 75 | 75 | 100.00 | 5 | 59 | 59 | 100.00 | 21 | 11th Time 100% |
| 29 | Mattakara St.Joseph's HS | 58 | 57 | 98.28 | 4 | 56 | 56 | 100.00 | 7 | 1st Time 100% |
| 30 | Vellikulam St.Antony's HS | 51 | 49 | 96.08 | 0 | 55 | 55 | 100.00 | 5 | 1st Time 100% |
| 31 | Manalumkal St.Aloysious HS | 51 | 51 | 100.00 | 3 | 52 | 52 | 100.00 | 5 | 4th Time 100% |
| 32 | Peringulam St.Augustines HS | 53 | 53 | 100.00 | 15 | 51 | 51 | 100.00 | 14 | 16th Time 100% |
| 33 | Manathoor St.Joseph's HS | 56 | 56 | 100.00 | 2 | 51 | 51 | 100.00 | 13 | 15th Time 100% |
| 34 | Kanjiramattom Little Flower HS | 49 | 49 | 100.00 | 8 | 51 | 51 | 100.00 | 16 | 13th Time 100% |
| 35 | Kuruppanthara St.Xaviers VHSS | 71 | 71 | 100.00 | 6 | 51 | 51 | 100.00 | 10 | 10th Time 100% |
| 36 | Mutholy St.Joseph's GHS | 53 | 53 | 100.00 | 13 | 51 | 51 | 100.00 | 9 | 9th Time 100% |
| 37 | Aruvithura St.George HSS | 23 | 23 | 100.00 | 0 | 51 | 51 | 100.00 | 2 | 5th Time 100% |
| 38 | Chennad St.Maria Gorettis HS | 49 | 49 | 100.00 | 4 | 51 | 51 | 100.00 | 13 | 2nd Time 100% |
| 39 | Kudakkachira St.Josephs HS | 39 | 39 | 100.00 | 8 | 39 | 39 | 100.00 | 8 | 7th Time 100% |
| 40 | Kadaplamattom St.Antony's HS | 17 | 17 | 100.00 | 0 | 17 | 17 | 100.00 | 2 | 10th Time 100% |
| 41 | Kanjirathanam St.Johns HS | 21 | 21 | 100.00 | 0 | 16 | 16 | 100.00 | 1 | 13th Time 100% |
| | | 3838 | 3831 | **99.82** | 537 | 3691 | 3691 | **100.00** | 812 | |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സിനായി ചൊവ്വാഴ്ചകളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സിനായി മാർച്ച് 14, 21, 28 തീയതികളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## പാലാ മാർ സ്ലീവാ മെഡിസിറ്റിക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ

മാർ സ്ലീവാ മെഡിസിറ്റിക്ക് ദേശീയതലത്തിൽ ആരോഗ്യമേഖലയിലെ പരമോന്നത അംഗീകാരമായ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചു. പാലാ രൂപത ബിഷപ്പും മാർ സ്ലീവാ മെഡിസിറ്റിയുടെ ഫൗണ്ടറും പേട്രണുമായ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫ്രഞ്ച് സർക്കാരിന്റെ സഹായത്തോടെ സ്ഥാപിച്ച 400 ലിറ്റർ ശേഷിയുള്ള ഓക്സിജൻ പ്ലാന്റിന്റെയും രണ്ടാമത്തെ ഡയാലിസിസ് യൂണിറ്റിന്റെയും ഉദ്ഘാടനവും നടന്നു. മന്ത്രി ശ്രീ വി.എൻ. വാസവൻ, ശ്രീ ജോസ് കെ. മാണി എം.പി, ബിഷപ് എമെരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, തോമസ് ചാഴികാടൻ എം.പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, ഫാ. ജോസഫ് പാനാമ്പുഴ എന്നിവർ സന്നിഹിതരായി.

## മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികൾക്കായി സൗജന്യ അലർജി, ആസ്ത്മനിർണയക്യാമ്പ് നടത്തി

മാർ സ്ലീവാ മെഡിസിറ്റിയിൽ പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ അഞ്ചുമുതൽ പതിനഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ അലർജി, ആസ്ത്മനിർണയക്യാമ്പ് നടത്തി. സൗജന്യ രജിസ്ട്രേഷൻ, ഡോക്ടർ കൺസൾട്ടേഷൻ, പിഎഫ്ടി

പരിശോധന എന്നീ സേവനങ്ങൾ ക്യാമ്പിൽ പങ്കെടുത്തവർക്കു ലഭ്യമായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ ആർത്രോസ്കോപ്പി സ്കിൽ ലാബ്**

അസ്ഥിരോഗവിഭാഗം ഡോക്ടർമാരുടെ ശസ്ത്രക്രിയാനൈപുണ്യ പരിശീലനത്തിനുവേണ്ടി സ്ട്രൈക്കർ ഇന്ത്യയുമായി സഹകരിച്ചു മാർ സ്ലീവാ മെഡിസിറ്റിയിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ ആർത്രോസ്കോപ്പി സ്കിൽ ലാബിന്റെ ഉദ്ഘാടനം ആരോഗ്യമന്ത്രി ശ്രീമതി വീണാ ജോർജ് നിർവഹിച്ചു. ഇതിനോടൊപ്പംതന്നെ, യെനപ്പോയ സർവകലാശാലയുമായി ചേർന്ന് ഒരുക്കുന്ന പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് കോഴ്സിന്റെ ഉദ്ഘാടനം ശ്രീ മോൻസ് ജോസഫ് എം.എൽ.എ. നിർവഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികൾക്കായി സൗജന്യ അഡിനോയിഡ് നിർണ്ണയക്യാമ്പ്**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഇ.എൻ.ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സൗജന്യ അഡിനോയിഡ് നിർണ്ണയ ക്യാമ്പ് നടത്തി. മെയ് 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെയാണ് ക്യാമ്പ് നടത്തിയത്. വിട്ടുമാറാത്ത മൂക്കടപ്പ്, ജലദോഷം, കൂർക്കം വലി, മൂക്കിലൂടെ ശ്വാസംവിടാതെ വായിലൂടെ വിടുക എന്നീ ലക്ഷണങ്ങളുള്ള കുട്ടികൾക്കുവേണ്ടി ഒരുക്കിയ ക്യാമ്പിൽ സൗജന്യ രജിസ്ട്രേഷൻ, ഡോക്ടർ കൺസൾട്ടേഷൻ, എന്നീ സേവനങ്ങൾ ലഭ്യമായിരുന്നു.

## NEW DOCTORS (MAY)

1. ഡോ. രവിശങ്കർ ടി.ആർ. – അസ്സോസിയേറ്റ് കൺസൾട്ടന്റ്, ഓങ്കോളജി
2. ഡോ. അനിൽശർമ്മ – വിസിറ്റിംഗ് കൺസൾട്ടന്റ്, കാർഡിയോളജി
3. ഡോ. ടിജോ ഇവാൻ ജോൺ – സൈക്ക്യാട്രിസ്റ്റ്

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

ബിഷപ് പോൾ ആന്റണി മുല്ലശ്ശേരിൽ (കൊല്ലം രൂപതാ ബിഷപ്)

മാർ ജെയിംസ് അത്തിക്കളം (സാഗർ രൂപതാ മെത്രാൻ)

**മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ത്രിതീയൻ കാതോലിക്കാ ബാവായ്ക്കു സ്വീകരണം**

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ത്രിതീയൻ കാതോലിക്കാ ബാവായ്ക്കു സ്വീകരണം നൽകി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, രൂപതയിലെ വികാരി ജനറാളുമാർ, മറ്റു വൈദികർ, അല്മായർ എന്നിവർ സംബന്ധിച്ചു.

**ആദ്യാക്ഷരംകുറിക്കൽ**

പന്തക്കുസ്താത്തിരുനാൾ ദിനമായ മേയ് 28 ഞായറാഴ്ച ആദ്യാക്ഷരം കുറിക്കൽ ചടങ്ങ് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് രാവിലെ 8 ന് അർപ്പിച്ച വി. കുർബാനയെത്തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികശ്രേഷ്ഠരുടെയും നേതൃത്വത്തിലായിരിന്നു ചടങ്ങുകൾ.

**ഡീക്കൻ മിനിസ്ട്രി**

അഡോർണോ സഭാംഗമായ ഡീക്കൻ അജോ കളത്തിലും സി.എം.ഐ. സഭാംഗമായ ഡീക്കൻ സനൂപ് കാഞ്ഞിരക്കാട്ടുതൊട്ടിയിലും അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രിക്കായി എത്തിച്ചേർന്നു.

**കൃതജ്ഞതാബലിയർപ്പണം**

മേയ് 17 ന് കോട്ടയം പ്രൊവിൻസിലെ കപ്പൂച്ചിൻ സന്ന്യാസവൈദികർ പരിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

മേയ് 24-ാം തീയതി സാഗർ രൂപത മെത്രാൻ മാർ ജെയിംസ് അത്തിക്കളം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ എം.എസ്.റ്റി. സമൂഹത്തിലെ വൈദികർ പരി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾ ക്കുവേണ്ടി 2023 മേയ് 6 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2023 മേയ് 27 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യ ത്തിൽ ബേബി ജോൺ കലയന്താനി നയിച്ച രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടാ യ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപ മാലപ്രദക്ഷിണത്തിനു മേയ് മാസത്തിലെ വിവിധ ശനിയാഴ്ചകളിലായി അമ്പാറ നിരപ്പേൽ (06/05/2023), ചെമ്മലമറ്റം (13/05/2023), ചേറ്റുതോട് (20/05/2023), വാരിയാനിക്കാട് (27/04/2023) എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു.

ജൂൺ മാസത്തെ ജപമാല പ്രദക്ഷിണങ്ങൾക്കു നേതൃത്വം നൽകുന്ന ഇടവകകൾ: പൂവത്തോട് (03/06/2023),തിടനാട് (10/06/2023), ചൂണ്ടച്ചേരി (17/ 06/2023), കിഴതടിയൂർ (24/06/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലനവർഷാരംഭം 2023-2024**

പുതിയ വിശ്വാസപരിശീലനവർഷം (2023-2024) പന്തക്കുസ്താ ത്തിരുനാൾ ദിനത്തിൽ (2023 മേയ് 28, ഞായർ) ആരംഭിച്ചു. ഒന്നാം ക്ലാസിലേ ക്കുള്ള കുട്ടികളുടെ പ്രവേശനവും മറ്റു കുട്ടികളുടെ ക്ലാസ് പ്രമോഷനും ഇതര വർഷാരംഭപ്രവർത്തനങ്ങളും എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

**2. പ്രഥമാധ്യാപകസമ്മേളനം**

2023-2024 വിശ്വാസപരിശീലനവർഷാരംഭത്തിനൊരുക്കമായുള്ള പ്രഥമാധ്യാപകസമ്മേളനം 2023 മേയ് 27 ശനിയാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രാവിലെ 9.30 മുതൽ 1 മണി വരെയുള്ള സമയത്തു നടത്തപ്പെട്ടു. പാലാ രൂപത വികാരിജനറാൾ പെരിയ ബഹു. ഫാ. ജോസഫ് കണിയോടിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. റവ. ഡോ. എമ്മാനുവൽ പാറേക്കാട്ട് അധ്യാപകർക്ക് ക്ലാസ്സ് നൽകി.

**3. വിശ്വാസപരിശീലകസംഗമം**

2023-2024 വിശ്വാസപരിശീലനവർഷാരംഭത്തിന് ഒരുക്കമായി നമ്മുടെ രൂപതയിലെ വിശ്വാസപരിശീലകരുടെ സംഗമം 2023 മെയ് 13,20,21 തീയതികളിൽ ചൂണ്ടച്ചേരി St. Joseph College of Engineering and Technology-യിൽ വച്ച് നടത്തപ്പെട്ടു. മൂന്നു ബാച്ചുകളിലായി നടത്തപ്പെട്ട സംഗമത്തിൽ എല്ലാ ഇടവകകളിൽനിന്നുമുള്ള വിശ്വാസപരിശീലകർ പങ്കെടുത്തു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ഫാ. ജോസഫ് തടത്തിൽ, വികാരിജനറാൾ പെരിയ ബഹു. ഫാ. ജോസഫ് മലേപ്പറമ്പിൽ എന്നിവർ വിശ്വാസപരിശീലകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. റവ. ഡോ. തോമസ് വടക്കേൽ, ഡോ. റ്റി.സി. തങ്കച്ചൻ, ഡോ. അലക്സ് കാവുകാട്ട് എന്നിവർ ക്ലാസ്സുകൾ നയിച്ചു. രാവിലെ 9.30-ന് ആരംഭിച്ച് വൈകിട്ട് 3.30-ന് അവസാനിക്കുന്ന രീതിയിലാണ് വിശ്വാസപരിശീലകസംഗമം നടത്തപ്പെട്ടത്.

**3. വിചിന്തനം സെമിനാർ**

ഈ വർഷം IX -ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കായി വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച വിചിന്തനം സെമിനാർ 16 ബാച്ചുകളിലായി നടത്തപ്പെട്ടു. ഏപ്രിൽ 27, 28 തീയതികളിലും മെയ് 4,5,6,8,9,10,11,18,19,22,23,24,25,29 തീയതികളിലുമായി നടത്തപ്പെട്ട സെമിനാറിൽ 3245 കുട്ടികൾ പങ്കെടുത്തു.

**5. പ്രതിഭാസംഗമം (VII- ാം ക്ലാസ്സ്)**

ഈ വർഷം VII- ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കായി 2023 മെയ് 16,17,18 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് സഭാതല പ്രതിഭാസംഗമം നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് ഓസ്റ്റിൻ ടോമി കുമ്മണ്ണൂർ (മൂന്നിലവ്), ക്രിസ്റ്റിൻ സുഭാഷ് നടയ്ക്കൽ (പാലാക്കാട്), ഇവാനിയ അന്ന ഷാന്റിസ് പാലയ്ക്കൽ (കൂടല്ലൂർ), ജിൽസി ജോസഫ് അറയ്ക്കൽ (അന്ത്യാളം) എന്നിവർ പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. ഇവരിൽ പാലാക്കാട് ഇടവകാംഗം ക്രിസ്റ്റിൻ സുഭാഷ് നടയ്ക്കൽ സീറോമലബാർ സഭാപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു.

**6. സ്കോളർഷിപ്പ് പരീക്ഷ**

വിശ്വാസപരിശീലനസ്കോളർഷിപ്പ് പരീക്ഷ 2023 മെയ് 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത് കുറവിലങ്ങാട്, അരുവിത്തുറ,

തുടങ്ങനാട്, പാലാ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. രണ്ട് ടേമിലി പരീക്ഷകളുടെയും മാർക്കിന്റെ അടിസ്ഥാനത്തിൽ IV മുതൽ XII വരെ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ 2405 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

**7. സേ പരീക്ഷ**

2023 ഫെബ്രുവരി 19 ന് നടത്തിയ X, XII ക്ലാസ്സുകളിലെ വാർഷിക പ്പരീക്ഷയിൽ വിജയിക്കാത്തവർക്കും ന്യായമായ കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായി 2023 മേയ് 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത് സേ പരീക്ഷ നടത്തപ്പെട്ടു. പരീക്ഷയുടെ റിസൽട്ട് മേയ് 25 വ്യാഴാഴ്ച പ്രസിദ്ധീകരിച്ചു.

**8. സ്കൂൾ മതബോധന-സന്മാർഗ്ഗ പരിശീലനരംഗം**

പുതിയ അദ്ധ്യയനവർഷത്തിൽ (2023-2024) ഇതര പാഠ്യവിഷയങ്ങളോടൊപ്പം നൽകേണ്ട മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾ വിതരണത്തിനു തയ്യാറായി. 2023 ജൂൺ 17-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**9. പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2023 ജൂൺ 8-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയുള്ള സമയത്ത് പാലാ, അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുന്നു.

**10. തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

1 മുതൽ 4 വരെയുള്ള വിശ്വാസപരിശീലനക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2023 ജൂൺ 10 -ന് ഉച്ചകഴിഞ്ഞ് 2 മുതൽ വൈകിട്ട് 4 വരെ സമയത്ത് നടത്തപ്പെടുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## പാലാ മിഷൻ – അദിലാബാദ്

**1. വിശ്വാസോത്സവം**

മേയ് 1 ന് നെന്നൽ, മന്നഗുഡം, കൊത്തഗുഡം, ഖർജി, കോനംപെട്ട വില്ലേജുകളിലെ കുട്ടികൾക്കായി നടത്തപ്പെട്ട വിശ്വാസോത്സവത്തിൽ 70 കുട്ടികൾ പങ്കെടുത്തു. മേയ് 21 മുതൽ 23 വരെ വെങ്കിട്ടാപുരത്തു വിശ്വാസോത്സവം നടന്നു. രൂപത മേജർ സെമിനാരി ബ്രദേഴ്സ് പരിപാടികൾക്കു നേതൃത്വം നൽകി.

**2. മിഷൻ ദർശൻ**

മേയ് 9 മുതൽ 14 വരെ പാലാ രൂപതയിലെ പെരിങ്ങുളം ഇടവകയിൽനിന്ന് ബഹു. വികാരി. ഫാ. മാത്യു പാറത്തൊട്ടിയുടെ നേതൃത്വത്തിൽ മിഷൻ ലീഗ്,

സൺഡേസ്കൂൾ അധ്യാപകരും കുട്ടികളുമായി 29 പേർ പാലാ മിഷനിൽ സന്ദർശനം നടത്തി. 9 ന് കൊത്തഗുഡം വില്ലേജിൽ ഭവനങ്ങൾ സന്ദർശിച്ചു. വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. 10 ന് മൈലാരം, ഗൊല്ലപ്പള്ളി, കോനംപെട്ട, മന്നഗുഡം വില്ലേജുകൾ സന്ദർശിച്ചു. മന്നഗുഡത്തു വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. കലാപരിപാടികൾ നടത്തി. 11 ന് അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിനെയും പ്രിൻസ് ആന്റണി പിതാവിനെയും സന്ദർശിച്ചു. അവർ അദിലാബാദ് മിഷനെക്കുറിച്ചു പങ്കുവച്ചു. കൽക്കരിഖനിയും തുടർന്ന് സിഎംസി മഞ്ചേരിയാൽ പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു. 12 ന് ചെന്നൂരിൽ കപ്പൂച്ചിൻ സഭയുടെ മിഷനും, ഫോസിൽ പാർക്കും, കാളേശ്വരം പ്രൊജക്റ്റും സന്ദർശിച്ചു. കൊറോണ ബാധിച്ചു മരിച്ച പെരിങ്ങുളം ഇടവകക്കാരിയായ സി. ആൽഫ്രി വള്ളിയാംതടത്തിലിന്റെ (സി.എം.സി.) കബറിടത്തിൽ (ബീമാരം) ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വെങ്കിട്ടപുരത്തു വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. കലാപരിപാടികൾ നടത്തി. 13 ന് ഖർജി വില്ലേജ് ചാപ്പലിന്റെ പരിസരം വൃത്തിയാക്കി. ബെല്ലംപള്ളിയിൽ സി.എം.ഐ. ഹൈദ്രാബാദ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. അദിലാബാദിലെ ആദ്യകാല മിഷനറിമാർ അനുഭവങ്ങൾ പങ്കുവച്ചു. രൂപതയുടെ എഫ്ഫാത്ത ധ്യാനകേന്ദ്രം സന്ദർശിച്ചു. ജപമാല, ആരാധന, വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. 14 ന് ഫാ. പ്രകാശ് ചോലക്കടവിൽ മിഷൻ അനുഭവം പങ്കുവച്ചു. ഉച്ചകഴിഞ്ഞു 3.20 ന് ബെല്ലംപള്ളിയിൽനിന്നു പെരിങ്ങുളത്തിനു യാത്രയായി.

### 3. പൗരോഹിത്യത്തിന്റെ പത്താം വാർഷികം

മേയ് 1 ന് വൈകുന്നേരം ഗൊല്ലപ്പള്ളി ഇടവകക്കാരായ ബഹു. ഫാ. നവീൻ VC (അമേരിക്ക) ഫാ. മത്തായി വെലുപുല (അദിലാബാദ് രൂപത) എന്നിവരുടെ പൗരോഹിത്യസ്വീകരണത്തിന്റെ പത്താം വാർഷികം ഗൊല്ലപ്പള്ളി മഠം ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു ആഘോഷിച്ചു. പാലാ മിഷൻ വൈദികരും സിസ്റ്റേഴ്സും പങ്കെടുത്തു.

### 4. യാത്രയയപ്പ്

മൈലാരം മഠത്തിൽ ഒരു വർഷത്തോളം ശുശ്രൂഷ ചെയ്തശേഷം ഉപരിപഠനത്തിനുപോകുന്ന സി. കവിത LAR, സി. മീര LAR എന്നിവർക്കു മേയ് 1 ന് ഗൊല്ലപ്പള്ളി മഠത്തിൽ പാലാ മിഷൻ വൈദികരും സിസ്റ്റേഴ്സും ചേർന്ന് യാത്രയയപ്പു നൽകി. വെങ്കിട്ടപുരം മഠത്തിൽ ഒരു വർഷം ശുശ്രൂഷ ചെയ്ത് റെബേനയിലേക്കു പോകുന്ന സി. ആനീസ് സിഎംസി. ക്ക് അച്ചന്മാരും സിസ്റ്റേഴ്സും ഇടവകജനങ്ങളും ചേർന്ന് ഏപ്രിൽ 17 ന് യാത്രയയപ്പ് നൽകി.

### 5. പല്ലേ വാസം

മേയ് 15 മുതൽ 20 വരെ വെങ്കിട്ടപുരം മിഷൻ സ്റ്റേഷന്റെ കീഴിലുള്ള മാമടിഘട്ട് വില്ലേജിൽ സി. നൂതൻ സി.എം.സി, സി. മാധുരി OSL, മിട്ടുപ്പള്ളി, ഗുഡിപ്പള്ളി വില്ലേജുകളിൽ സി. തേജസ് MLF, സി. ആശ OSL എന്നിവരും വില്ലേജിൽ താമസിച്ച് ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷപ്രഘോഷണം നടത്തി.

**6. മിഷൻ സന്ദർശനം**

അദിലാബാദ് രൂപതയിലെ ആദ്യകാല മിഷണറിമാരായ ഫാ. സൈമൺ തരകൻ സി.എം.ഐ., ഫാ. മൈക്കിൾ ഊക്കൻ സി.എം.ഐ. എന്നിവർ ചാന്ദ രൂപതയിലെ ഫാ. തോമസ് ചിറപ്പുറത്തിനോടൊപ്പം (സി.എം.ഐ.) മെയ് 19 ന് പാലാ മിഷനിൽ സന്ദർശനം നടത്തി.

**7. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. നിയമനങ്ങൾ**

ഫാ. ജോർജ് നെല്ലിക്കൽ ബാറുച്ച് വികാരിയായും, ഫാ. മൈക്കിൾ കുമ്മിണിയിൽ MST തൽത്തേജ് വികാരിയായും, ഫാ. മേരിദാസ് കുളങ്ങര ആനന്ദ് വികാരിയായും നിയമിക്കപ്പെട്ടു.

**2. സെന്റ് തോമസ് സീറോ മലബാർ ചർച്ച്, അഹമ്മദാബാദ്**

a) മാതൃദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ അമ്മമാരെ ആദരിച്ചു.

b) ഇൻഡോറിൽ വെച്ചു നടന്ന രൂപത യുവജന ക്യാമ്പിൽ ഇടവകയിൽ നിന്ന് 14 യുവജനങ്ങൾ പങ്കെടുത്തു.

c) S Y M സെന്റ് തോമസ് സോളാ യൂണിറ്റ് ഷംഷാബാദ് രൂപതയിലെ ബെസ്റ്റ് യൂണിറ്റിനുള്ള അവാർഡ് കരസ്ഥമാക്കി.

**3. മദർ മേരി സീറോ മലബാർ ചർച്ച്, ബാപ്പുനഗർ**

**a) നേഴ്സസ് ഡേ**

മേയ് 12 നേഴ്സസ് ദിനത്തിനോടനുബന്ധിച്ച് ആതുരശുശ്രൂഷരംഗത്ത് സേവനമനുഷ്ഠിച്ചവരും അനുഷ്ഠിച്ചുപോരുന്നവരുമായ ഇടവകാംഗളായ എല്ലാ നേഴ്സുമാരെയും ആദരിച്ചു.

b) മേയ് 14 മാതൃദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ അമ്മമാരെ ആദരിച്ചു.

c) ഇൻഡോറിൽ വെച്ചു നടന്ന രൂപത യുവജന ക്യാമ്പിൽ പങ്കെടുത്ത ഇടവകയിൽ നിന്നുള്ള യുവജനങ്ങളെ വികാരി ഫാ. മാത്യു കോലത്ത് അഭിനന്ദിച്ചു.

**4. അനുശോചനമറിയിച്ചു.**

ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, കോർഡിനേറ്റർ ജനറൽ ഫാ. ജോബി പാലയ്ക്കാത്തടത്തിൽ എന്നിവർ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ചാച്ചന്റെ

നിര്യാണത്തിൽ അനുശോചനമറിയിക്കുകയും മൃതസംസ്കാരശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്തു.

**5. അൽഫോൻസാ സീറോ മലബാർ ചർച്ച്, മനേജാ**

**a) മേയ്മാസവണക്കം**

യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാ ദിവസവും വൈകിട്ട് 8.30 ന് മേയ് മാസവണക്കം നടത്തപ്പെട്ടു.

b) മേയ് 14 മാതൃദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ അമ്മമാരെ ആദരിച്ചു.

**6. യൂത്ത് എലൈവ് 2023**

ഇൻഡോറിൽ വച്ചു നടന്ന രൂപതാ യുവജനസമ്മേളനത്തിൽ ഗുജറാത്തിലെ വിവിധ ഇടവകകളിൽനിന്ന് 68 പേർ പങ്കെടുത്തു. റീജണൽ ഡയറക്ടർ ടോം വടക്കേക്കര ആനിമേറ്റർ സി. ട്രീസാ എന്നിവർ നേതൃത്വം നല്കി. റീജണിൽ നിന്നും സ്റ്റെഫി തോമസ് ജനറൽ സെക്രട്ടറിയായും അഭയ് ബേബിച്ചൻ മീഡിയാ എഡിറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ മേയ് മാസത്തെ എക്സിക്യൂട്ടീവ് യോഗം മേയ് 7 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃ ഭവനിൽ വച്ചുനടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടുക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം മേയ് മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**റീജിയണൽ സംഗമം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ കോട്ടയം റീജിയണൽ സംഗമം പാലാ രൂപതയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 26 ബുധനാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ കോട്ടയം, കാഞ്ഞിരപ്പള്ളി, പാലാ, വിജയപുരം രൂപതകളിൽനിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**സംസ്ഥാന മാനേജിങ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന മാനേജിങ് കമ്മറ്റി മേയ് 13 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഭരണങ്ങാനം മാതൃഭവനിൽ വെച്ചു നടന്നു. സംസ്ഥാന മാനേജിങ് കമ്മറ്റിയിൽ ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയിലെ എല്ലാ എസിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗവും സംഘടനയുടെ കോട്ടയം റീജിയണൽ ഓർഗനൈസറുമായിരുന്ന ശ്രീ തോമസ് അടുപ്പുകല്ലുങ്കൽ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന ജനറൽ ഓർഗനൈസറായി തിരഞ്ഞെടുക്കപ്പെട്ടു. കോട്ടയം റീജിയണൽ ഓർഗനൈസറായി പാലാ രൂപത എക്സിക്യൂട്ടീവ് അംഗമായ ശ്രീ ജസ്റ്റിൻ വയലിൽ തിരഞ്ഞെടുക്കപ്പെട്ടു.

**വൈസ് ഡയറക്ടർ സമ്മേളനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയിലെ ശാഖ, മേഖല വൈസ് ഡയറക്ടർമാരുടെ സമ്മേളനം ജൂൺ 10 ശനിയാഴ്ച രാവിലെ 9.30 മുതൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടുന്നു.

**രൂപത പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2023-2024 പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 18 ഞായറാഴ്ച മുണ്ടാങ്കൽ സെന്റ് ഡൊമിനിക് ദേവാലയത്തിൽ വച്ചു നടക്കും രാവിലെ 9.15 നു വിശുദ്ധ കുർബാന. തുടർന്ന് പൊതുസമ്മേളനം. പൊതുസമ്മേളനത്തിൽ എല്ലാ ശാഖാഭാരവാഹികളും സംബന്ധിക്കേണ്ടതാണ്.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക മേയ് മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മേയ് 7 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം മേയ് 7 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 7 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മേയ് 6 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 7 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**നവപ്രേഷിതസംഗമം**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാന സ്വീകരണവും നടത്തിയ കുട്ടികൾക്കായുള്ള നവപ്രേഷിത സംഗമം മെയ് 14 ഞായറാഴ്ച 9 മണിക്ക് പ്രവിത്താനം സെന്റ് അഗസ്റ്റിൻ ഫൊറോനാ പള്ളിയിൽ വെച്ചു നടത്തപ്പെട്ടു. പാലാ രൂപത ചാൻസിലർ റവ ഡോ. ജോസഫ് കുറ്റിയാങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പരിശുദ്ധ കുർബാനയിലും തുടർന്ന് നടന്ന സമ്മേളനത്തിലും മേഖലയിലെ ഈ വർഷം പരിശുദ്ധ കുർബാന സ്വീകരിച്ച എല്ലാ കുട്ടികളും പങ്കെടുത്തു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മേയ് 7 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**നവപ്രേഷിതസമ്മേളനം**

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാനസ്വീകരണവും നടത്തിയ കുട്ടികൾക്കായുള്ള നവപ്രേഷിതസമ്മേളനം മേയ് 12 വെള്ളിയാഴ്ച ഭരണങ്ങാനം സെന്റ് മേരീസ് ദേവാലയത്തിൽ വച്ചു നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ കുട്ടികൾക്കായി വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ ഫാ. ജീവൻ കദളിക്കാട്ടിൽ ക്ലാസ് നയിച്ചു.

**ഇലഞ്ഞിമേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞിമേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മേയ് 7 ഞായറാഴ്ച നടന്നു.

**ചേർപ്പുങ്കൽമേഖല**

ചെറുപുഷ്പ മിഷൻ ലീഗ് ചേർപ്പുങ്കൽ മേഖല എക്സിക്യൂട്ടീവ് മേയ് 7 ഞായറാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**അവധിക്കാല ക്യാമ്പ്**

മേയ് 2,3,4 തീയതികളിലായി ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്യാമ്പ് നടത്തി. പാലാ രൂപത കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 135 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

മേയ് 27 ശനിയാഴ്ച എറണാകുളം പി.ഒ.സിയിൽ വച്ചുനടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് ജിജോ മാത്യു, സ്റ്റേറ്റ് എച്ച്.എസ്. സെക്രട്ടറി മിഷ്മാ മനോജ് എന്നിവർ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

മേയ് 31 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 11 മണിമുതൽ 1 മണിവരെ ഡയറക്ടർ ജോർജ്ജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 2023–24 വർഷം സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചചെയ്യുകയും മാർഗ്ഗരേഖ തയ്യാറാക്കുന്നതു സംബന്ധിച്ചു തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പാലാ രൂപതയിലെ യുവജനങ്ങളുടെ സ്വപ്നങ്ങൾക്കു ചിറകുവിരിക്കാൻ ശക്തി നൽകി ജൂബിലിവർഷത്തിൽ എൺപതോളം യുവജനങ്ങൾക്കു ജോലി ഉറപ്പാക്കി എസ്എംവൈഎം പാലാ രൂപതയുടെ മെഗാ ജോബ് ഫെയറും കരിയർ ഗൈഡൻസും**

എസ്.എം.വൈ.എം.- കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ സെന്റ് ജോസഫ് എൻജിനീയറിങ് കോളേജിൽ വെച്ച് മെഗാ ജോബ് ഫെയറും കരിയർ ഗൈഡൻസും നടത്തപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ വെരി റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. എസ് എം വൈ എം പാലാ രൂപത പ്രസിഡന്റ് ശ്രീ തോമസ് ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. മധുകുമാർ എസ്, കോളേജ് ബർസാർ ഫാ. ജോൺ മറ്റമുണ്ടയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി, മറ്റു രൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. അമ്പതോളം കമ്പനികൾ ജോബ് ഫെയറിൽ പങ്കെടുത്തു. എൺപതോളം യുവജനങ്ങൾക്ക് വിവിധ കമ്പനികളിലായി ജോലി ലഭിച്ചു. അതോടൊപ്പം കരിയർ ഗൈഡൻസ് ക്ലാസും നടത്തപ്പെട്ടു. വിവിധ കോളേജുകളുടെ പ്രസന്റേഷനുകളും സ്റ്റാളുകളും ഉണ്ടായിരുന്നു.

**2. ആദരാഞ്ജലികൾ നേർന്നു പ്രാർത്ഥിച്ചു**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ വത്സലപിതാവിന്റെ സംസ്കാരശുശ്രൂഷകളിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു.

**3. നഴ്സിംഗ് ദിനാചരണം സംഘടിപ്പിച്ചു.**

25 വർഷത്തോളമായി നേഴ്സിംഗ് മേഖലയിൽ സ്തുത്യർഹമായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന ജിൻസി സിസ്റ്ററിനെ എസ്.എം.വൈ.എം പാലാ രൂപത

ആദരിക്കുകയും അതോടൊപ്പം പാലാ മരിയൻ മെഡിക്കൽ സെന്ററിലെ മറ്റു സിസ്റ്റർമാർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ആശംസകൾ നേരുകയും ചെയ്തു. പാലാ രൂപത പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, സെക്രട്ടറി ആൽഫി ഫ്രാൻസീസ്, മറ്റു രൂപത ഭാരവാഹികൾ എന്നിവർ പങ്കാളികളായിരുന്നു.

**4. ജൂബിലിവർഷത്തിൽ YATP 30-ാം ബാച്ചിന് പ്രൗഢോജ്ജ്വലമായ തുടക്കം കുറിച്ചു.**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ജൂബിലി വർഷത്തിൽ കരുത്തുറ്റ യുവജനങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി YATP 30-ാം ബാച്ചിന് തുടക്കം കുറിക്കപ്പെട്ടു.

അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനം പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഡോ. ജോസഫ് തടത്തിൽ നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ, രൂപത ഭാരവാഹികൾ മുതലായവർ ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തു. മൂന്ന് ദിവസങ്ങളിലായാണ് ആദ്യക്യാമ്പ് നടത്തപ്പെട്ടത്. വെരി റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, റവ. ഫാ. ജോർജ് നെല്ലിക്കുന്ന് ചെരിവുപുരയിടാം, റവ. ഫാ. ഡിറ്റോ തോട്ടത്തിൽ, ഡോ. തോമസ് പുളിക്കൻ, ലിജോ മൂക്കത്ത് എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. അമ്പത്തഞ്ചോളം യുവജനങ്ങൾ ഈ പ്രോഗ്രാമിന്റെ ഭാഗമായി.

**5. കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ വിസിറ്റ്**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പാലാ രൂപതയിൽ വിസിറ്റ് നടത്തപ്പെട്ടു. മുപ്പതാമത് ബാച്ച് വൈ.എ.ടി.പി. ക്യാമ്പ് സന്ദർശിക്കുകയും, യുവജനങ്ങളോടു സംസാരിക്കുകയും, സംസ്ഥാനസമിതിയുടെ പദ്ധതികൾ, വിവരിക്കുകയും ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഷാരോൺ, ജനറൽ സെക്രട്ടറി ജോജി, ട്രഷറർ ഫ്രാൻസിസ്, പാലാ രൂപത ഇൻചാർജ് അനു ഫ്രാൻസിസ്, മറിയം ടി തോമസ്, രൂപതാസമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**5. ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു**

യുവജനങ്ങളുടെ കായികപ്രോത്സാഹനത്തിനുവേണ്ടി സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് ചേർപ്പുങ്കൽ ഫൊറോനയുടെ നേതൃത്വത്തിൽ പാലാ രൂപത Kalash 2023 വി. ജോൺ പോൾ IInd 9's ക്രിക്കറ്റ് ടൂർണ്ണമെന്റ് നടത്തപ്പെട്ടു. 25 ഓളം ടീമുകൾ പങ്കെടുത്തു.

**6. കരുതലിന്റെ കെ.സി.വൈ.എം. - എസ്.എം.വൈ.എം. രൂപതാതല ഉദ്ഘാടനം നടത്തപ്പെട്ടു**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഹ്വാനപ്രകാരം പാലാ രൂപതാ സമിതിയും അരുവിത്തുറ ഫൊറോനയും, മണിയംകുന്ന് ഇടവകയും സംയുക്തമായി പാലാ സ്നേഹാലയം സന്ദർശിക്കുകയും, പൊതിച്ചോറുവിതരണം നടത്തുകയും ചെയ്തു. അമ്പത്തഞ്ചോളം അന്തേവാസികൾക്കു ഭക്ഷണവും പരിചരണവും നൽകി രൂപതാതല ഉദ്ഘാടനം നടത്തപ്പെട്ടു.

**7. ബാഡ്മിന്റൺ ടൂർണമെന്റ് നടത്തപ്പെട്ടു.**

കോതനല്ലൂർ ഫൊറോനയുടെ ആഭിമുഖ്യത്തിൽ എസ്.എം.വൈ.എം. പാലാ രൂപതയും കോതനല്ലൂർ യൂണിറ്റും സംയുക്തമായി പാറേമ്മാക്കൽ തോമ ഗോവർണ്ണദോർ മെമ്മോറിയൽ ബാഡ്മിന്റൺ ഡബിൾസ് ടൂർണമെന്റ് നടത്തി, ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽനിന്നും നാല്പതോളം ടീമുകൾ പങ്കെടുത്തു.

**8. ആദരാഞ്ജലികൾ നേർന്നു പ്രാർത്ഥിച്ചു**

അകാലത്തിൽ മരണമടഞ്ഞ എസ്.എം.വൈ.എം. പ്രവിത്താനം A യൂണിറ്റ് വൈസ് പ്രസിഡന്റ് റിച്ചു ബെന്നിക്ക് പാലാ രൂപത എസ്.എം.വൈ.എം. കുടുംബം ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു.

**9. എസ്.എം.വൈ.എം. രൂപതാഡയറക്ടറി പ്രകാശനം ചെയ്തു**

എസ്.എം.വൈ.എം. പാലാ രൂപതയുടെ 2023 വർഷത്തെ ഡയറക്ടറി 26/05/ 2023 വെള്ളിയാഴ്ച രാവിലെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു.

**10. രക്തദാനം**

രൂപതാസമിതിയുടെ നിർദ്ദേശപ്രകാരം രൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നും യൂണിറ്റുകളിൽനിന്നുമായി രൂപതയിലെ യുവജനങ്ങൾ വിവിധ ഹോസ്പിറ്റലുകളിൽ ബ്ലഡ് ഡൊണേഷൻ നടത്തി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**തുടങ്ങനാട് ഏകദിനപ്രോഗ്രാം**

2023 മേയ് 4-ാം തീയതി തുടങ്ങനാട് ഇടവകയിലുള്ള 13 മുതൽ 25 വയസ്സു വരെയുള്ളവർക്കായി എസ്.എം.വൈ.എമും ജീസസ് യൂത്തും ചേർന്ന് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിലാണ് പ്രോഗ്രാം നടത്തപ്പെട്ടത്. കുട്ടികൾ പങ്കെടുത്തു.

**ഹൗസ് ഹോൾഡ്**

2023 മേയ് 7 ന് ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പതിനഞ്ചോളം ആളുകൾ പങ്കെടുത്തു.

**സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്**

2023 മേയ് പതിമൂന്നാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതരമുതൽ വൈകിട്ട് മൂന്നരവരെ പാലാ അൽഫോൻസാ കോളേജിൽ വച്ച് സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ് നടത്തപ്പെട്ടു. അരുവിത്തുറ കോളേജിൽ വച്ചുനടന്ന ബ്ലൂമിങ് റോസസ് പ്രോഗ്രാമിന്റെ ഫോളോ അപ്പ് ആയിട്ടാണു നടത്തപ്പെട്ടത്. ഏകദേശം 120 പേർ പങ്കെടുത്തു.

**ഒഡീഷ മിഷൻ**

പത്തു ദിവസത്തെ മിഷനുവേണ്ടി പാലായിൽനിന്ന് മേയ് 21-ാം തീയതി 11 പേർ ഒഡീഷയിലേക്കു പോയി. അവിടെ രണ്ടു ഗ്രാമങ്ങളിൽ പ്രോഗ്രാമുകൾ നടത്തുകയും ഇടവകകൾ സന്ദർശിക്കുകയും യൂത്ത് ഗാതറിങ്ങുകൾ സംഘടിപ്പിക്കുകയും ചെയ്തു.

**കമിറ്റ്മെന്റ് ഡേ**

പന്തക്കുസ്തത്തിരുന്നാളിന് ഒരുക്കമായി 2023 മേയ് 1 മുതൽ 28 തീയതി വരെ അപ്പസ്തോലപ്രവർത്തനം 1 മുതലുള്ള അധ്യായങ്ങൾ ഓരോ ദിവസവും വായിച്ചു ധ്യാനിച്ചു. കമിറ്റ്മെന്റ് ഡേയോടനുബന്ധിച്ച് മേയ് 20-ാം തീയതി കൺഫഷൻ ഡേ ആയി ആചരിച്ചു. അന്ന് പാലാ സോൺ മുഴുവൻ കുമ്പസാരിച്ച് ഒരുങ്ങി.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

രൂപതയിലെ ഫൊറോന കൗൺസിലുകൾ ഫൊറോന വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപം, സെകട്ടറി ബാബു പോൾ പെരിയപ്പുറം എന്നിവരും പ്രസ്തുത സമ്മേളനങ്ങളിൽ പങ്കുചേർന്നു.

8/5/2023 ഭരണങ്ങാനം, പ്രവിത്താനം, 9/5/2023 തുടങ്ങനാട്, മൂലമറ്റം, 10/5/2023 കടനാട്, 11/5/2023 കോതനല്ലൂർ, കടുത്തുരുത്തി, 15/05/2023 മുട്ടുചിറ, 16/05/2023 കത്തീഡ്രൽ ബി, 18/05/2023 കുറവിലങ്ങാട്, കത്തീഡ്രൽ എ 22/5/2023 ഇലഞ്ഞി, രാമപുരം, 27/5/2023 കൂട്ടിക്കൽ, പൂഞ്ഞാർ, 29/5/2023 അരുവിത്തുറ, തീക്കോയി, 31/5/2023 ചേർപ്പുങ്കൽ.

(2) 23/5/2023 ൽ രൂപത പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗത്തിൽ കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ ഈ വർഷത്തെ പരിശീലനപരിപാടികളുടെ ആരംഭം കുറിച്ചു.

(3) കുടുംബക്കൂട്ടായ്മാവാർഷികങ്ങൾ :- ഉള്ളനാട്, ഏന്തയാർ ഇടവകകളിലെ കുടുംബക്കൂട്ടായ്മാവാർഷികവും ഇടവകദിനവും സമുചിതമായി ആഘോഷിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. ജോസഫ് തടത്തിൽ, ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസിഡന്റ് എന്നിവർ സംബന്ധിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**മേയ് 1-3, 15-17** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 246 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂൺ 5-7, 19-21 ജൂലൈ 10-12, 24-26** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മേയ് മാസത്തിലെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 408 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. കുടുംബസംഗമം**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് - മാതൃപിതൃവേദി പ്രോലൈഫ് സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് കുടുംബസംഗമം മേയ് 18 വ്യാഴാഴ്ച നടത്തപ്പെട്ടു. ഒരു വീടിനെ നല്ല ഒരു കുടുംബമാക്കിത്തീർക്കുന്നത് കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരസ്നേഹമാണെന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് കുടംബസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയുണ്ടായി. വെരി റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏവർക്കും സ്വാഗതവും പാലാ രൂപത വികാരി ജനറാൾ വെരി റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, പിതൃവേദി പ്രസിഡന്റ് ശ്രീ ജോസഫ് വടക്കേൽ, മാതൃവേദി ജോയിന്റ് ഡയറക്ടർ സി. എൽസാ ടോം എസ്.എച്ച്, പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ, പ്രോലൈഫ് പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ് എന്നിവർ ആശംസ പ്രസംഗങ്ങളും നടത്തി. രൂപതയുടെ വിവിധ ഇടവകകളിൽനിന്ന് ആയിരത്തി എണ്ണൂറിലധികം പേർ സമ്മേളിച്ച കുടുംബസംഗമത്തിന് മാതൃപിതൃവേദി - പ്രോലൈഫ് സമിതി ഭാരവാഹികൾ നേതൃത്വം നല്കി. പിതൃവേദി രൂപത സെക്രട്ടറി ശ്രീ ജോസ് തോമസ് മുത്തനാട്ട് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

## B. പിതൃവേദി

**1. രൂപതാസമിതി**

മേയ് 4-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി.

**2. ആദരിക്കൽ**

മേയ് 27-ാം തീയതി അമ്പാറനിരപ്പേൽ പിതൃവേദി യൂണിറ്റ് സംഘടിപ്പിച്ച മുതിർന്നവരെ ആദരിക്കൽ ചടങ്ങിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിക്കുകയും പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

## C. മാതൃവേദി

**1. രൂപതാസമിതി**

മേയ് 4-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**2. മാതൃദിനാഘോഷം**

മാതൃവേദി രാമപുരം മേഖലയുടെ മാതൃദിനാഘോഷം മേയ് 12-ാം തീയതി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി വെരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ, മേരിക്കുട്ടി ആഗസ്റ്റ്യൻ വടക്കുംകര എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**3. കുടുംബദിനാഘോഷം**

അന്താരാഷ്ട്ര കുടുംബദിനത്തോടനുബന്ധിച്ച് മേയ് 14-ാം തീയതി രാവിലെ 7 മണിക്ക് കുടക്കച്ചിറ ഇടവകയിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പരിശുദ്ധ കുർബാന അർപ്പിച്ച് കുടുംബദിനാഘോഷം നടത്തി.

## D. പ്രോലൈഫ്

**1. സമ്മേളനം**

മേയ് 28-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ ‘സീറോ മലബാർ പാലാ മാട്രിമണി’ സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിംഗ്**

മേയ് 16-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് സീറോ മലബാർ മാട്രിമോണി ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരി പിതാവിന്റെ സാന്നിധ്യത്തിൽ കൂടിയ ഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**3. ചർച്ച**

മേയ് 22-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ പുതിയ മാട്രിമണി സൈറ്റ് നവീകരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡയറ

ക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ കൊരട്ടി വെബ് & ഡ്രാഫ്റ്റ് ഓഫീസ് സന്ദർശിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മേയ് മാസത്തിൽ **തിടനാട്** ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**105-ാം ജന്മദിനസമ്മേളനം**

കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാതല 105-ാം ജന്മദിനസമ്മേളനം ഏപ്രിൽ 30 ന് ഇലഞ്ഞി ഫൊറോന പാരിഷ് ഹാളിൽ നടത്തി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗം ഇലഞ്ഞി ഫൊറോന വികാരി പെരിയ ബഹു. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. സി. ബി.സി.ഐ. ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ജനറൽ ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു, സാജു അലക്സ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് ഡയറക്ടറായ ഫാ. ജോസഫ് പരിയാത്ത്, ഫാ. സിറിയക് തടത്തിൽ, ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ, ഫാ. പോൾ കുന്നംപുറം തുടങ്ങിയവർ സംബന്ധിച്ചു ലൈഫ് മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**പതാക ഉയർത്തൽ**

105-ാം ജന്മദിനത്തിൽ യൂണിറ്റുകളിൽ പതാക ഉയർത്തി. യൂണിറ്റ് ഡയറക്ടർമാർ നേതൃത്വം നൽകി.

**കർഷകജ്വാല തെളിക്കൽ**

കാർഷികവിളകളുടെ വിലയിടിവിനു പരിഹാരം കണ്ടെത്തണമെന്നും വന്യ മൃഗ ആക്രമണങ്ങൾ ശാശ്വതമായി പരിഹരിക്കണമെന്നും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കർഷക അവഗണന അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടും കർഷകജ്വാല തെളിച്ച് അംഗങ്ങൾ പ്രതിഷേധിച്ചു. യൂണിറ്റ് ഡയറക്ടർ ജ്വാല തെളിച്ചു നല്കി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ജീവനായി ജാഗ്രതയോടെ**

മുട്ടം സിബിഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ സംഘ ടനകളുടെയും ആഭിമുഖ്യത്തിൽ ക്രൈസ്തവപീഡനത്തിനെതിരേയും കാർഷിക പ്രശ്നങ്ങൾ ഉയർത്തിയും ഇടവകാംഗങ്ങൾ ഒന്നാകെ പ്രകടനവും സമ്മേളനവും നടത്തി. ടൗൺ ചുറ്റിയുള്ള പ്രകടനം ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചു പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. ഇടവകാംഗങ്ങളുടെ സാന്നിധ്യം പ്രകടനത്തെ വൻ വിജയമാക്കിത്തീർത്തു. തുടർന്നു നടന്ന പൊതുസമ്മേളനം രൂപത പ്രസി ഡന്റ് എമ്മാനുവൽ നിധീരി ഉദ്ഘാടനം ചെയ്തു. പൗരസ്ത്യവിദ്യാപീഠം ഡയറ ക്ടർ റവ.ഡോ. ജോസഫ് കടുപ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഇടവക വികാ രിയും ഡയറക്ടറുമായ ഫാ. ജോൺ പാളിത്തോട്ടം അധ്യക്ഷത വഹിച്ച് ജോസഫ് വട്ടുകുളം, ഫ്രാൻസിസ് കരുമ്പാനി, എഡ്വിൻ പാമ്പാറ എന്നിവർ സംസാരിച്ചു.

**ഫൊറോനാസമ്മേളനം**

ഇലഞ്ഞി ഫൊറോന കമ്മിറ്റി ഇലഞ്ഞിയിൽ വച്ച് പ്രസിഡന്റ് ജയിംസ് കുറ്റി തോട്ടയിലിന്റെ അധ്യക്ഷതയിൽ നടത്തി. ഫൊറോന ഡയറക്ടർ പെരിയ ബഹു. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു സെക്രട്ടറി റിപ്പോർട്ട് അവത രിപ്പിച്ചു. ജന്മദിനസമ്മേളനം മനോഹരമാക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണ ങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു. രൂപത സെക്രട്ടറി ബേബി ആലുങ്കൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**അന്ത്യാളം വാർഷികം**

അന്ത്യാളം യൂണിറ്റിന്റെ വാർഷികവും മുതിർന്നവരെ ആദരിക്കലും നടത്തി. സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ ആനിത്താനം, സാജു അലക്സ്, ഔസേപ്പച്ചൻ വെള്ളമൂഴയിൽ എന്നിവർ സംസാരിച്ചു.

**മേലുകാവുമറ്റം**

മേലുകാവുമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെ യർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചെറുധാന്യങ്ങളും ആരോഗ്യജീവിതവും എന്ന വിഷയത്തിൽ സെമിനാറും ധാന്യമേളയും നടത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോർജ് കാരാംവേലി സെമിനാർ ഉദ്ഘാടനം ചെയ്തു. റവ.ഫാ. തോമസ് കിഴക്കേൽ, രമേശൻ തലനാട് തുടങ്ങിയവർ സെമിനാർ നയിച്ചു. യൂണിറ്റ് ഭാരവാ ഹികൾ നേതൃത്വം നൽകി.

**അരുവിത്തുറ**

അരുവിത്തുറ യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന വീടിന്റെ പണികൾ പുരോഗമിക്കുന്നു. വെഞ്ചെരിപ്പുകർമം പെരിയ സഹ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ നിർവഹിച്ചു. നിർമാണപ്രവർത്തനങ്ങൾക്കു യൂണിറ്റ് മെമ്പർ ബെന്നി വെട്ടവും സെക്രട്ടറി സാബു പ്ലാത്തോട്ടവും നേതൃത്വം നൽകുന്നു.

**പ്രതിഷേധിച്ചു**

മണിപ്പൂരിലെ ക്രൈസ്തവവേട്ടക്കെതിരേ രൂപതാസമിതി പ്രതിഷേധിച്ചു. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിൽ പരാജയമായ മണിപ്പൂർ സർക്കാർ രാജിവയ്ക്കണമെന്ന് രൂപതാതലസമ്മേളനം ആവശ്യപ്പെട്ടു. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് പ്രമേയം പാസ്സാക്കി എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**ഗ്ലോബൽ ഡയറക്ടർ**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടറായി റവ. ഫാ. ഡോ. ഫിലിപ്പ് കവിയിൽ നിയമിതനായി. തലശ്ശേരി അതിരൂപതയിലെ ചന്ദനയ്ക്കാംപാറ ഇടവകാംഗമാണ്. ഇപ്പോൾ തലശ്ശേരി അതിരൂപത ഡയറക്ടറാണ്.

**ആദരാഞ്ജലികൾ**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ചാച്ചന്റെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് പാലാ രൂപതാസമിതി അനുശോചനം രേഖപ്പെടുത്തി. പരേതന്റെ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷകളിലും ഡയറക്ടറോടൊപ്പം രൂപത, മേഖല, യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സിവിൽ സർവീസ് പരീക്ഷയിൽ പാലാ രൂപതാംഗങ്ങളായ അരുണാപുരം ഇടവക ചിറയ്ക്കൽ ഗഹന നവ്യ ജയിംസ് (6-ാം റാങ്ക്), കാഞ്ഞിരത്താനം ഇടവക പുതിയിടത്ത് അഞ്ജലി ജോയി (416-ാം റാങ്ക്) എന്നിവർക്കു രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**മൂലമറ്റം ഫൊറോന**

മൂലമറ്റം ഫൊറോന കമ്മിറ്റി പ്രസിഡന്റ് അജിലിന്റെ അധ്യക്ഷതയിൽ കൂടി. ഫൊറോന ഡയറക്ടർ പെരി. സഹ. കുര്യൻ കാലയിൽ ഉദ്ഘാടനം ചെയ്തു രൂപത സെക്രട്ടറി ഫ്രാൻസീസ് കരിമ്പാനിയിൽ സന്ദേശം നൽകി. എല്ലാ യൂണിറ്റുകളിൽനിന്നും പ്രതിനിധികൾ സംബന്ധിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും അഗ്രിമ സെൻട്രൽ നഴ്സറിയുടെയും സംയുക്ത ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ ആരംഭിച്ച സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും കമ്പനിയുടെ ആദ്യസംരംഭമായ അഗ്രിമ സെൻട്രൽ നഴ്സറിയുടെയും സംയുക്ത ഉദ്ഘാടനം പാലാ മുണ്ടുപാലം സ്റ്റീൽ ഇൻഡ്യ കോംപ്ലക്സ് അങ്കണത്തിൽ വച്ചു നടന്നു. പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കമ്പനിയുടെ ഉദ്ഘാടനവും അഗ്രിമ നഴ്സറിയുടെയും ഓഫീസിന്റെയും വെഞ്ചെരിപ്പുകർമവും നിർവഹിച്ചു. അഗ്രിമ സെൻട്രൽ നഴ്സറിയുടെ വിപണനോദ്ഘാടനം മാണി സി. കാപ്പൻ എം.എൽഎ. നിർവഹിച്ചു. മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ ജോസഫ് കണിയോടിക്കൽ പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ, മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷാജു വി. തുരുത്തേൽ, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു.

**ടെലി കൗൺസിലിംഗ് ആരംഭിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മാർ സ്ലീവാ മെഡിസിറ്റിയും അഡാർട്ട് പാലായുമായി സഹകരിച്ചു ലഹരി അടിമത്തത്തിനെതിരേ ടെലി കൗൺസിലിംഗ് സംവിധാനം ആരംഭിച്ചു. രാവിലെ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ലഹരിക്കു അടിമയായവർക്കും കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് സൗകര്യം ലഭിക്കുന്നതാണ്. പ്രോജക്ടിന്റെ ഉദ്ഘാടനം മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**കെ.സി.എസ്.എൽ. അംഗങ്ങൾക്ക് ലഹരിവിരുദ്ധ ക്ലാസ് നടത്തി**

കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് ഫോറവും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ചു പാലാ രൂപതയിലെ കെ.സി.എസ്.എൽ. അംഗങ്ങൾക്കായി ലഹരിവിരുദ്ധ ക്ലാസ് നടത്തി. 150 ഓളം കുട്ടികൾ പങ്കെടുത്ത പരിപാടിയിൽ പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസർ മെർലി ജെയിംസ്, അഡാർട്ട് കൗൺസിലർ ടീന ജോസ്, സി. ഗ്രേസ്മി തുടങ്ങിയവർ ക്ലാസ്സെടുത്തു.

**ചികിത്സാസഹായപദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള സ്വയംസഹായ അംഗങ്ങൾക്കായി ചികിത്സാസഹായപദ്ധതിയുടെ ഭാഗമായി വിവിധ ഗ്രൂപ്പംഗങ്ങളുടെ കുടുംബത്തിനു ചികിത്സാസഹായം വിതരണം ചെയ്തു.

**വാർഷികാഘോഷം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കടനാട് സോണിന്റെ വാർഷികം ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ നടന്നു.

ഫാത്തിമാപുരം എലൈറ്റ് കർഷകദളം ഡയറക്ടർ ഫാ. മാത്യു തേവർകുന്നത്തിന്റെ അധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടെയും നടത്തപ്പെട്ടു. സ്നേഹവിരുന്നും ആഘോഷത്തിന്റെ ഭാഗമായി നടന്നു.

**പാലാഹരിതം തേൻസംഭരണം ആരംഭിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ രൂപപ്പെടുത്തിയിരിക്കുന്ന പാലാ ഹരിതം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ തേൻകർഷകരുടെ പക്കൽനിന്നു തേൻസംഭരണം ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി മൂന്നാം 100 ദിനകർമപരിപാടി പാലാ ടൗൺ ഹാൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ട ചടങ്ങിൽ ബഹു. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫിന് നൽകിക്കൊണ്ടു വിതരണോദ്ഘാടനം നടത്തി. വിവിധ കർഷക സംഘടനകളും കർഷകരും കൃഷിവകുപ്പ് അധികാരികളും പങ്കെടുത്തു.

**സെമിനാർ നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി എ.കെ.സി.സി. മേലുകാവുമറ്റവുമായി സഹകരിച്ച് ചെറുധാന്യങ്ങളും ആരോഗ്യജീവിതവും എന്ന വിഷയത്തെക്കുറിച്ചു മേലുകാവുമറ്റം സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു സെമിനാർ നടത്തി. മേലുകാവുമറ്റം സെന്റ് തോമസ് പള്ളി വികാരി ഫാ. ഡോ. ജോർജ് കാരാംവേലി സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന്, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിൽ ചെറുധാന്യങ്ങളും ആരോഗ്യജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ ക്ലാസുകൾ നടത്തി. മില്ലറ്റ് ധാന്യങ്ങളും ഉത്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു.

**മാതൃദിനാഘോഷം**

സ്വയംസഹായസംഘങ്ങളും സ്വാശ്രയസംഘങ്ങളും ലോകമാതൃദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും മാതാക്കളെ ആദരിക്കുകയും ചെയ്തു.

**ലഹരിവിരുദ്ധസെമിനാർ**

പ്രവിത്താനം, കടുത്തുരുത്തി, കോതനല്ലൂർ സോണുകളിൽ സോണൽ മീറ്റിംഗിനോടനുബന്ധിച്ചു ലഹരിവിരുദ്ധസെമിനാറുകൾ നടത്തി. പ്രോജക്ട് ഓഫീസർ മെർലി ജെയിംസ് സി. ഗ്രേസ്മി സി.എം.സി. എന്നിവർ ക്ലാസുകൾ നയിച്ചു. നൂറ്റമ്പതിലധികം എസ്എച്ച്ജി അംഗങ്ങൾ പങ്കെടുത്തു.

**പച്ചക്കറിത്തൈവിതരണം**

ഓണക്കാലത്ത് എല്ലാ വീടുകളിലും വിഷരഹിതപച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

മേയ് മാസം 15-ാം തീയതി മുതൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ പച്ചക്കറിത്തൈ വിതരണം ചെയ്യുന്നു. ചീനി, വെണ്ട, വഴുതന, മത്തൻ, പടവലം, കുക്കുമ്പർ, തക്കാളി, പയർ, കുറ്റിപ്പയർ, ചീര, കാന്താരി, വെള്ളരി തുടങ്ങിയ പച്ചക്കറി തൈകളുടെ വിതരണം നടത്തുന്നു.

**മുട്ടക്കോഴിവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ ബി.വി. 380 എന്ന ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളും ഹൈടെക് കോഴിക്കൂടുകളും ജൂൺ മാസം ആദ്യ ആഴ്ചയിൽ വിതരണം ചെയ്യുന്നു.

**മീൻകുഞ്ഞുവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ മിതമായ നിരക്കിൽ വിവിധയിനം മീൻകുഞ്ഞുങ്ങളുടെ വിതരണം നടത്തിവരുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**രൂപത കമ്മിറ്റി**

2023 മേയ് 20 ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ രൂപത കമ്മിറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. രൂപത സെക്രട്ടറി റിപ്പോർട്ടു വായിച്ചു, തുടർന്ന് ഖജാൻജി കണക്ക് അവതരിപ്പിച്ചു. രൂപത വാർഷികത്തെക്കുറിച്ചും മറ്റു വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**മരങ്ങോലി യൂണിറ്റ് വാർഷികം**

2023 മേയ് 21 ഞായറാഴ്ച വൈകുന്നേരം 5.30 ന് മരങ്ങോലി പള്ളി പാരീഷ് ഹാളിൽ വെച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ പൗലോസ് മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. KCBC SC/ST/BC കമ്മീഷൻ സെക്രട്ടറിയും രൂപത ഡയറക്ടറുമായ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ മുഖ്യപ്രഭാഷണവും, ഡി.സി.എം.എസ്. യൂണിറ്റ് ഡയറക്ടർ റവ. ഡോ. ജോസഫ് പരിയാത്ത് അനുഗ്രഹപ്രഭാഷണവും നടത്തി. യൂണിറ്റ് സെക്രട്ടറി ശ്രീമതി സജിനി പോൾ 2022-23 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ദളിത് ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച നിവേദനം പൗലോസ് മാത്യു ബഹു. എം.എൽ.എ. മോൻസ് ജോസഫിനു സമർപ്പിച്ചു. തുടർന്ന്, വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ ആദരിക്കുകയും

പാഠ്യേതരവിഷയങ്ങളിൽ മികവു പുലർത്തിയവരെ അനുമോദിക്കുകയും ചെയ്തു. ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയംഗം ശ്രീ ബാബു പീറ്റർ, മേഖല പ്രസിഡന്റ് ഇ.എം. പൈലി, ഞീഴൂർ പാഞ്ചയത്ത് 2-ാം വാർഡ് മെമ്പർ ലില്ലി മാത്യു, പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ ബെന്നി കൊഴുപ്പൻകുറ്റി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ ബെന്നി കെ.എം. യോഗത്തിന് കൃതജ്ഞതയർപ്പിച്ചു. തുടർന്ന് കലാസന്ധ്യയും സ്നേഹവിരുന്നും നടത്തി.

**നേഴ്സിങ് വിദ്യാർത്ഥികളുടെ ക്യാപ്പിംഗ് പ്രോഗ്രാം**

കേരളത്തിനുപുറത്ത് ഹൈദരാബാദ്, നൽഗോണ്ട എന്നീ സ്ഥലങ്ങളിൽ ബി.എസ്.സി. നേഴ്സിങ് പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥിനികളുടെ ക്യാപ്പിംഗ് ലാമ്പ് ലൈറ്റിംഗ് പ്രോഗ്രാം പാലാ സെന്റ് അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് മേയ് 22-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നടത്തപ്പെട്ടു. ഡിസിഎംഎസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വക്കേക്കുറ്റ് അവറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ശ്രീ ബേബി കെ.സി. ആശംസകളർപ്പിച്ചു സംസാരിച്ചു.

**ഡി.സി.എം.എസ്. ഭാരവാഹികൾ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു**

ഡി.സി.എം.എസ്. സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രവർത്തന ഫണ്ടിനെക്കുറിച്ചും രൂപതാവാർഷികത്തെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റിയും ഡി.സി.എം.എസ്. രൂപത ഭാരവാഹികൾ പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ച് ചർച്ച നടത്തി.

**ഉള്ളനാട് യൂണിറ്റ് വാർഷികം**

2023 മേയ് 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉള്ളനാട് പള്ളി പാരിഷ് ഹാളിൽവച്ച് ഇടവക വികാരി ഫാ. മാത്യു മതിലകത്തിന്റെ അധ്യക്ഷതയിൽവച്ച് ഉള്ളനാട് യൂണിറ്റ് വാർഷികം നടത്തി. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം നടത്തിയ യോഗത്തിൽ ഡി.സി.എം.എസ്. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രസംഗം നടത്തി. ശ്രീ അനീഷ്, ശ്രീ ജോമി ജോർജ് എന്നിവർ സംസാരിച്ചു.

**അനുശോചനം**

പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ വത്സലപിതാവിന്റെ നിര്യാണത്തിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടറും കമ്മിറ്റി അംഗങ്ങളും ഭവനത്തിൽ സന്ദർശിച്ച് പ്രാർത്ഥന നടത്തി അനുശോചനം രേഖപ്പെടുത്തി. 2023 മേയ് 11 വ്യാഴാഴ്ച രാവിലെ നടത്തിയ മൃതസംസ്കാരശുശ്രൂഷകളിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും ഭാരവാഹികളും പങ്കെടുക്കുകയും ചെയ്തു.

**കുറവിലങ്ങാട് യൂണിറ്റ് വാർഷികം**

ഡി.സി.എം.എസ്. കുറവിലങ്ങാട് യൂണിറ്റിന്റെ വാർഷികം മേയ് 21 ഞായറാഴ്ച രാവിലെ 10.30 ന് പള്ളി ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ശ്രീ സി.ഒ. വർക്കിയുടെ

അധ്യക്ഷതയിൽ കൂടിയ യോഗത്തിന് ശ്രീമതി പെണ്ണമ്മ ജേക്കബ് സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ഓസ്റ്റിൻ മേച്ചേരി ആമുഖപ്രസംഗം നടത്തി. സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ കണക്കും അതരിപ്പിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ സിബി സി.ഡി, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി. എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തുകയും പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്തു. 10 മുതൽ 10.15 വരെ എത്തിയവരിൽനിന്നു നറുക്കിട്ട് മൂന്നുപേർക്ക് സമ്മാനങ്ങൾ നൽകി. ശ്രീ സി.ഒ. ജോസഫ് എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പത്താം ക്ലാസുമുതൽ പി.ജി. വരെയുള്ള ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് ക്യാമ്പ് മെയ് 28 ഞായർ വൈകുന്നേരം 4 മുതൽ 30-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 4 വരെ നടത്തി. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി എന്നിവർ സംസാരിച്ചു. എഡ്യൂബഡിന്റെ നേതൃത്വത്തിൽ മഹാദേവൻ സാർ & ടീം ക്ലാസുകൾ എടുത്തു. എക്സൈസ് ഇൻസ്പെക്ടർ ശ്രീ ഫിലിപ്പ് തോമസ് 'മയക്കുമരുന്നിനെതിരെ' എന്ന വിഷയത്തെക്കുറിച്ചു ക്ലാസ്സെടുത്തു. പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസർ ശ്രീമതി മെർളിൻ ജെയിംസ് സംസാരിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ കുടുംബോദ്ധാരണത്തിനുള്ള വിവിധ പദ്ധതികളെക്കുറിച്ചു സംസാരിച്ചു സമാപനസന്ദേശം നല്കി. ഡയറക്ടർ ഫാ. ജോസഫ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ശ്രീമതി ബിന്ദു ആന്റണി, ശ്രീ ബേബി പാറയ്ക്കൽ, ശ്രീമതി അഞ്ജലി ബേബി മേടയ്ക്കൽ, സോനാ ഷാജി, ആൽബിൻ ജോബി, ആൻമരിയ എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

K.C.B.C SC/ST/BC കമ്മീഷൻ ദലിത് കത്തോലിക്കാകുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. 2022-2023 അധ്യയനവർഷം പാസ്സായകുട്ടികൾക്കാണ് സ്കോളർഷിപ്പ്.

SSLC - 80%,Plus two - 70%

UG, PG, Bsc Nursing, Engineering, Medicine.B.Ed, TTC - 60% മാർക്കു വാങ്ങി പാസ്സായ ദലിത് കത്തോലിക്കാ കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറം ആവശ്യമായ രേഖകളോടുകൂടി ഇടവക വികാരിയച്ചന്റെ സാക്ഷിപ്പോടുകൂടി 2023 ജൂലൈ 31 നുമുമ്പ് ഡി.സി.എം.എസ്. രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

## Entrance Coaching പഠനക്ലാസ്സുകൾ

K.C.B.C SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ എസ്.എസ്, എൽസി പരീക്ഷയിൽ 80% ത്തിനുമുകളിൽ (സയൻസ്, കണക്ക് വിഷയങ്ങൾക്ക്) മാർക്ക് വാങ്ങിയ, ദളിത് കത്തോലിക്കാ കുട്ടികൾക്കായി എൻട്രൻസ് കോച്ചിങ് ക്ലാസ്സുകൾ (Long Term - 2 വർഷം) ഫീസ് ഇളവോടുകൂടി പാലാ ബ്രില്ല്യന്റ് കോച്ചിങ് സെന്ററിന്റെ നേതൃത്വത്തിൽ (ഓൺലൈനായും, ഓഫ് ലൈനായും) നടത്തുന്നതാണ്. പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കും ഒരുവർഷത്തെ കോച്ചിംഗ് ക്ലാസ്സ് (Repeaters Batch) ഓൺലൈനായോ ഓഫ് ലൈനായോ നടത്തുന്നതാണ്. പ്ലസ്ടു പഠനശേഷം മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ 2023 ജൂൺ 15 നകം ഡി.സി.എം.എസ്. രൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### പി.എസ്.സി. കോച്ചിങ്

K.C.B.C SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പി.ജി. കഴിഞ്ഞ ദലിത് കത്തോലിക്കാ കുട്ടികൾക്കായി പാലാ ലാലച്ചൻസ് അക്കാദമിയുടെ നേതൃത്വത്തിൽ പി.എസ്.സി. കോച്ചിങ് ഫീസ് ഇളവോടുകൂടി ഓൺലൈനായി നടത്തുന്നതാണ്. താത്പര്യമുള്ളവർ 2023 ജൂൺ 15 നകം ഡി.സി.എം.എസ്. രൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### ഡി.സി.എം.എസ്. പാലാ രൂപത സ്കോളർഷിപ്പ്

2023 ൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്ടു) ഇതരകോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ദളിത് കത്തോലിക്ക കുട്ടികൾക്ക് ഡി.സി.എം.എസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കോളർഷിപ്പിന് അർഹരായവർ അപേക്ഷ ഫോറം പൂരിപ്പിച്ച്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, മാർക്ക്ലിസ്റ്റ് എന്നിവ സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി ജൂലൈ 31-നകം രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

### എൻട്രൻസ് കോച്ചിംഗ്

കഴിഞ്ഞ അധ്യയനവർഷം (2021-22) X, XI, XII ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിങ് ക്ലാസ്സിലും, സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്സിലും പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ ഫീസ് ഇളവോടുകൂടി പഠിക്കുവാൻ ബ്രില്യന്റ് കോച്ചിംഗ് സെന്ററിലും, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലും അവസരമുണ്ട്. താത്പര്യമുള്ളവർ ജൂൺ 15-നകം ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### നേഴ്സിംഗ് പഠനാവസരം

പ്ലസ്ടു കഴിഞ്ഞ് നഴ്സിംഗ് പഠിക്കുവാൻ (GNM, B.Sc) താത്പര്യമുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ കേരളത്തിനകത്തും പുറത്തും പഠിക്കുവാൻ

അവസരമുണ്ട്. താത്പര്യമുള്ള കുട്ടികളുടെ പേര് വിവരം, ഫോൺ നമ്പർ സഹിതം ഡി.സി.എം.എസ്. രൂപത ഓഫീസിൽ (Whats app Number - 9446200345) നൽകണമെന്ന് അറിയിക്കുന്നു. താത്പര്യമുള്ളവർ ജൂൺ 15-നകം ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**അഡ്മിഷൻ**

എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനത്തിന് അഡ്മിഷൻ ലഭിക്കുവാൻ ഡി.സി.എം.എസ്. പാലാ രൂപത ഓഫീസിൽ മുൻകൂട്ടി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

1. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി വിവിധ സ്പെഷൽ സ്കൂളുകളിലെ 6 വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കു പശുവിനെ നൽകി. ആ ഭവനങ്ങൾ സന്ദർശിച്ചു. നിഷ സതീഷ്, സാലി ബേബി, അന്നമ്മ തോമസ്, ഷൈലജ ദാസൻ, തങ്കമ്മ ഐസക്, ലിസി ജെയിംസ് എന്നിവർക്കാണ് പശുവിനെ നൽകിയത്.
2. കാവാലി, ഏന്തയാർ എന്നിവിടങ്ങളിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

1. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി 6 വനിതകൾക്ക് പശുവിനെ വാങ്ങാനുള്ള സഹായം (ലീവ്‌ലിഹുഡ് സപ്പോർട്ട്) നൽകി. നിഷ സതീഷ്, സാലി ബേബി, അന്നമ്മ തോമസ്, ഷൈലജ ദാസൻ, തങ്കമ്മ ഐസക്, ലിസി ജെയിംസ് എന്നിവർക്കാണ് പശുവിനെ നൽകിയത്. ഇവരുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി.
2. കാവുംകണ്ടം ഇടവകയിൽ ക്ഷേമനിധിയിൽ പുതിയ അംഗത്വവും യൂണിറ്റ് രൂപീകരണവും നടത്തി.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2023**

രക്ഷകനും നാഥനുമായ ഈശോയെ ആഴത്തിലറിയുക ബൈബിൾ പ്രാർത്ഥനാപൂർവം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ബൈബിൾ ക്വിസ് ഈ വർഷം കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തുവാൻ നമുക്കു പരിശ്രമിക്കാം.

പഠനവിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

പരീക്ഷത്തീയതി : 2023 സെപ്റ്റംബർ 24

സമയം : 2.00 pm - 3.30 pm

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2023 ജൂൺ 1

ദീർഘകാലം സംസ്ഥാനതല ലോഗോസ് ക്വിസ് മത്സരം നടത്തി പരിചയസമ്പന്നനായ ബഹു. സൈറസ് വേലംപറമ്പിലച്ചനും മുൻവർഷങ്ങളിലെ ലോഗോസ് പ്രതിഭകളും ചേർന്നു തയ്യാറാക്കിയ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നത് 2023 ജൂലൈ 31.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബൈബിൾ കോഴ്സിന്റെ ജൂൺ മാസത്തെ ക്ലാസ് 10 ന് നടത്തുന്നു.

വചനം മാംസം ധരിച്ചു നമ്മുടെ ഇടയിൽ വസിച്ചു. വചനം ഈശോയാണ്. ഈശോയുമായുള്ള സംഭാഷണമാണു വചനവായന. ഒരു ദിവസം 12-20 മിനിറ്റുകൾ ദൈവവചനവായനയ്ക്കായി നീക്കിവച്ചാൽ 365 ദിവസങ്ങൾകൊണ്ട് വിശുദ്ധ ബൈബിൾ മുഴുവൻ ഒരാവൃത്തി വായിച്ചുതീർക്കാവുന്ന വിധത്തിൽ വചനഭാഗങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്ന 'കെറിയാന' യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോമിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.
2. മേയ് 2, 16 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.
3. നാൽപ്പതാമത് ബൈബിൾ കൺവെൻഷന്റെ വരവുചെലവുകണക്കുകൾ അരമനയിൽ അവതരിപ്പിച്ചു.
4. മുട്ടുചിറ ഫൊറോന പള്ളിയിൽ 13/06 ൽ വചനപ്രഘോഷണം നടത്തി.

5. ജാഗ്രതാ മീറ്റിംഗ്

07 / 05 കത്തീഡ്രൽ B

12 / 05 കോതനല്ലൂർ

14 / 05 അരുവിത്തുറ

- തുടങ്ങനാട്

19 / 05 കടുത്തുരുത്തി

21 / 05 ചേർപ്പുങ്കൽ

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ചശുശ്രുഷകൾ**

ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യ കാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

മേയ് മാസത്തിൽ ബ്രദർ ബെന്നി കെ.വി. രാമപുരം, ബ്രദർ ബിനു ജേക്കബ് വാഴേപ്പറമ്പിൽ, ബീനാ ഷാജി അറയ്ക്കൽ, മൂലമറ്റം, ബ്രദർ സിബി ചെരുവിൽ പുരയിടം മണലുങ്കൽ എന്നിവർ വചനശുശ്രുഷയ്ക്കു നേതൃത്വം നൽകി.

**2. പാലാ രൂപത കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതു ങ്കലിന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ഏപ്രിൽ 1 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്ത പ്പെട്ടു.

**3. പന്തക്കുസ്താത്തിരുനാൾ ആചരണം**

കരിസ്മാറ്റിക് സോണൽ സേവനസമിതി ഡയറക്ടർ ബഹുമാനപെട്ട ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പന്തക്കുസ്താത്തിരുന്നാളിനൊരുക്കമായി 30 ദിവസം ഓൺലൈനിൽ രാത്രി 8.30 മുതൽ 9.15 വരെ ശുശ്രുഷകൾ നടത്തി. ഇതിൽ എഴുപത്തഞ്ചോളം പേർ ദിവസവും പങ്കെടുത്തു. തുടർന്ന്, ഓരോ സബ് സോണുകളുടെയും നേതൃത്വത്തിൽ പാലാ സെന്റ് ജോർജ് ദൈവാലയത്തിൽ ദിവ്യകാരുണ്യസന്നിധിയിൽ രാവിലെ 10 മുതൽ 4വരെ ദിവസവും 60 ഓളം പേർ 9 ദിവസങ്ങൾ ശുശ്രൂഷകളിൽ പങ്കുകൊണ്ടു, മേയ് 28 പന്തക്കുസ്ത്തതിരുനാളിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരിഷ്ഹാളിലും ദൈവാലയത്തിലുമായി നടത്തപ്പെട്ട ശുശ്രൂഷയിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ജീവൻ കദളിക്കാട്ടിൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി. ബഹുമാനപ്പെട്ട ആന്റണി പയ്യപ്പള്ളി VC വചനശുശ്രുഷ നടത്തി

പാലാ രൂപതയിലെ എല്ലാം ഇടവകകളിൽനിന്നുമായി അനേകർ പങ്കുകൊണ്ടു.

**4. രാത്രിയാരാധന**

രൂപത കരിസ്മറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. മേയ് 27 ശനി ബ്രദർ ബേബി ജോൺ കലയന്താനി വചന ശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ഫിസിക്കലായി പൂഞ്ഞാർ, ഇലഞ്ഞി, തീക്കോയി എന്നീ സബ് സോണുകളിൽ എല്ലാ ചൊവ്വ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ ഒരു മണി മുതൽ 4 മണി വരെയായി 7 ആഴ്ചകൾകൊണ്ടു നടത്തിയ സെമിനാറിൽ പങ്കെടുത്ത് പൂർത്തിയാക്കിയവർക്ക് പന്തക്കുസ്ത്തതിരുനാൾ ദിവസം സർട്ടിഫിക്കറ്റുകൾ നൽകി. അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ആ സബ് സോണിലുള്ളവർക്കായി പുതിയ എൽ.എസ്.എസ്. ബാച്ച് ആരംഭിച്ചു.

**6.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മേയ് 25, 26, 27 തീയതികളിൽ രത്നഗിരി സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് 10 വയസ്സുമുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

**7. കരിസ്മാറ്റിക് സബ് സോൺ സംഗമം**

ഇടവകകളിലെ പ്രാർത്ഥനക്കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലാ സബ്സോൺ പാലാ ളാലം സെന്റ് മേരീസ് ദൈവാലയം, കടനാട് സബ് സോൺ സെന്റ് സെബാസ്റ്റ്യൻ ദൈവാലയം കടനാട്, അരുവിത്തുറ സബ്സോൺ സെന്റ് ജോർജ് ദൈവാലയം അരുവിത്തുറ എന്നീ ദേവാലയങ്ങളിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം-മേയ് 13ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

2. മേയ് 4 മുതൽ 10 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സിസ്റ്റേഴ്സിനായി വാർഷികധ്യാനം നടത്തി.

3. മേയ് 16 മുതൽ 22 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | |
|---|---|
| 2023 ജൂൺ 10, 9 am 3 pm: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജൂൺ 18, 5 pm - 24, 9 am: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ജൂലൈ 8, 9 am 3 pm | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജൂലൈ 16, 5 pm - 22, 9 am: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ആഗസ്റ്റ് 12, 9 am 3 pm: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ആഗസ്റ്റ് 27, 5 pm- സെപ്റ്റ 2, 9 am: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അല്മായസഭയുടെ വിവിധ യൂണിറ്റുകളെ സംഘടനാസംവിധാനത്തിന്റെ ഭാഗമായി പാലാ, കുറവിലങ്ങാട്, അരുവിത്തുറ, ഭരണങ്ങാനം, തുടങ്ങനാട് എന്നീ 5 റീജിയനുകളായി തിരിച്ചിരിക്കുന്നു. പ്രസ്തുത റീജിയനുകളിലെ റീജിയൻ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുനടപടിക്രമങ്ങൾ പൂർത്തിയാവുകയും 2023-26 വർഷത്തേക്കുള്ള റീജിയൻ സമിതി നിലവിൽ വരികയും ചെയ്തു. SFO നാഷണൽ കൗൺസിലർ ബ്രദർ ഫ്രാങ്കോ ജോൺ പ്രസ്തുത തിരഞ്ഞെടുപ്പുകൾക്കു നേതൃത്വം നൽകുകയുണ്ടായി.

അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാടിന്റെ പിതാവിന്റെ സംസ്കാരശുശ്രൂഷയിൽ SFO രൂപതാസമിതി ഭാരവാഹികൾ ഡയറക്ടർ ഫാദർ ആന്റണി വെച്ചൂരിനോടൊപ്പം പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. കോട്ടയം കപ്പുച്ചിൻ സെന്റ് ജോസഫ് പ്രൊവിൻസിന്റെ ചാപ്റ്ററിന്റെ സമാപനത്തിനുശേഷം യൂണിറ്റുകൾ സന്ദർശിക്കാൻ തീരുമാനിച്ചു.

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡി.എഫ്.സി. രൂപത ഇലക്ഷൻ കമ്മിറ്റി രൂപീകരിച്ചു**

**പുരുഷ വിഭാഗം**

| | |
|---|---|
| പ്രസിഡന്റ് | ശ്രീ രാജു കൊക്കപ്പുഴ |
| വൈസ് പ്രസിഡന്റ് | ശ്രീ ജോണി വെച്ചൂർ |
| സെക്രട്ടറി | ശ്രീ ബിജു കദളിയിൽ |
| ജോയിന്റ് സെക്രട്ടറി | ശ്രീ ജെയ്സൺ ജോസഫ് |
| ട്രഷറർ | ശ്രീ അലക്സ് |

**വനിതാവിഭാഗം**

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ഷൈനി തോമസ് |
| വൈസ് പ്രസിഡന്റ് | ശ്രീമതി ആലീസ് തോമസ് |
| സെക്രട്ടറി | ശ്രീമതി ഡെയ്സമ്മ സെബാസ്റ്റ്യൻ |
| ജോയിന്റ് സെക്രട്ടറി | ശ്രീമതി ജയമ്മ ഷാജു |
| ട്രഷറർ | ശ്രീമതി മേരിക്കുഞ്ഞു ടോമി |

**2. ഫൊറോന പ്രസിഡന്റുമാരെ തിരഞ്ഞെടുത്തു**

എല്ലാ ഫൊറോനകളിൽനിന്നും പ്രസിഡന്റുമാരെ തിരഞ്ഞെടുത്തു.

**സന്ദർശനം**

1. കാവാലി, ഏന്തയാർ ഇടവകകളിൽ സന്ദർശനം നടത്തി
2. **ഫൊറോനാതല തിരഞ്ഞെടുപ്പ്**
   കടനാട് ഫൊറോനാതല തിരഞ്ഞെടുപ്പ് നടത്തി
   കൂട്ടിക്കൽ ഫൊറോനാതല തിരഞ്ഞെടുപ്പ് നടത്തി
3. **ദീപികപത്രപ്രചരണം**
   ഭരണങ്ങാനം ഡി.എഫ്.സി. വർക്ക് നടന്നു.
   അറുനൂറ്റിമംഗലം ഡി.എഫ്.സി. വർക്ക് നടന്നു.
4. **സംസ്ഥാനഭാരവാഹികളുടെ സന്ദർശനം**

26-5-2023 വെള്ളിയാഴ്ച 2.30ന് സംസ്ഥാന ഭാരവാഹികൾ സന്ദർശനത്തിന് എത്തി. എല്ലാ രൂപതാ ഫൊറോന ഭാരവാഹികളും സന്നിഹിതരായിരുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പ്രതിഷേധിച്ചു**

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 24-5-2023 ൽ ചേർന്ന എക്സിക്യൂട്ടീവ് യോഗം കണമലയിൽ കാട്ടുപോത്തിന്റെ ആക്രമണ

ത്തിൽ മരണമടഞ്ഞ കർഷകരെയും സംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണമടഞ്ഞവരെയും അപകടപ്പെട്ടവരെയും സ്മരിക്കുകയും സർക്കാരുകളുടെ നിലപാടുകളിൽ ആശങ്കയും പ്രതിഷേധവും അറിയിക്കുകയും ചെയ്തു.

**ദേശീയ നേതൃയോഗം പി.ഒ.സിയിൽ**

ഇൻഫാം രക്ഷാധികാരി മാർ റെമജിയൂസ് ഇഞ്ചനാനിയിൽ പിതാവ് പി.ഒ.സിയിൽ 25-05-2023 വെള്ളിയാഴ്ച വിളിച്ചുചേർത്ത ദേശീയ നേതൃയോഗത്തിൽ പാലായിൽനിന്ന് ഫാ. ജോസ് തറപ്പേൽ ജോസഫ് ചെറുകരക്കുന്നേൽ മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പിള്ളിൽ തുടങ്ങിയവർ പങ്കെടുത്തു. ബഫർ സോൺ, വന്യമൃഗശല്യം തുടങ്ങിയ വിവിധ കാർഷികപ്രശ്നങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. കനീഷ്യസ് എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപത പാലൂർക്കാവ് ഇടവക ചിറ്റപ്പനാട്ട് കുടുംബത്തിൽ സി.വി. വർക്കിയുടെയും അന്നമ്മയുടെയും 9 മക്കളിൽ രണ്ടാമത്തെ മകളായി 15.11.1926 ൽ സി. കനീഷ്യസ് ജനിച്ചു. 24.11.1926 ൽ മാമ്മോ ദീസാ സ്വീകരിച്ച് അന്ന എന്ന നാമം സ്വീകരിച്ചു. 1948 ൽ Third form പരീക്ഷയ്ക്കായി ഭരണങ്ങാനം മഠത്തിൽ ബോർഡിംഗിൽ താമസിക്കുവാൻ വന്നപ്പോൾ വി. അൽഫോൻസാമ്മയെ കാണാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചിരുന്നു. 1948 ൽ ESLC പാസായതിനുശേഷം ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിൽ അധ്യാപികയായിരിക്കെ ബഹു. കനീഷ്യസമ്മ 15.06.1949 ൽ ളാലം മഠത്തിൽ അർത്ഥിനി യായിച്ചേർന്നു. 03.06.1953 ൽ പ്രഥമവ്രതവാഗ്ദാനവും 28.05.1956 ൽ നിത്യ വ്രതവാഗ്ദാനവും നടത്തി. സി. കനീഷ്യസ് എന്ന നാമവും സ്വീകരിച്ച് നാഥന്റെ സ്വന്തമായി തീർന്നു. 1952 ൽ റ്റി.റ്റി.സി. പാസായ അമ്മ, സെന്റ് മേരീസ് ജി.എച്ച്.എസിൽ അധ്യാപികയായും, കലാനിലയം യു.പി.സ്കൂ ളിൽ പ്രധാനാധ്യാപികയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തന്റെ ശിഷ്യ ഗണങ്ങളോട് പ്രത്യേക സ്നേഹവും കരുതലും പ്രകടിപ്പിച്ചിരുന്ന ബഹു. കനീഷ്യസമ്മ കുഞ്ഞുങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട ടീച്ചർ ആയിരുന്നു.

തന്റെ കുടുംബത്തിലും, ശിഷ്യഗണത്തിലും അനേകം വൈദികരെയും സമർപ്പിതരെയും വാർത്തെടുക്കുവാൻ ബഹു. അമ്മയുടെ മാതൃകാജീവി തവും പ്രാർത്ഥനയുംവഴി സാധിച്ചിട്ടുണ്ട്.

ളാലം, കലാനിലയം, സാൻജോ ഹോസ്റ്റൽ, പ്രൊവിൻഷ്യൽ ഹൗസ്, സെറാഫിക് എന്നീ മഠങ്ങളിൽ താമസിച്ച് ലോക്കൽ സുപ്പീരിയർ, ജൂണിയർ മിസ്ട്രസ്, ഡിസ്പെൻസർ, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിൽ സ്തുത്യർഹമാംവിധം സന്തോഷത്തോടെ ശുശ്രൂഷ ചെയ്തു. അമ്മയുടെ അർപ്പണബോധവും, പ്രാർത്ഥനാചൈതന്യവും, കൃത്യനിഷ്ഠയും എടുത്തുപറയേണ്ട സവിശേഷതകളായിരുന്നു.

My God My All എന്നതായിരുന്നു ബഹു. കനീഷ്യസമ്മയുടെ ആദർശവാക്യം. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം എന്ന തിരുവചനം തന്റെ ജീവിതത്തിന്റെ ലക്ഷ്യമായി സ്വീകരിച്ച അമ്മ ചെറിയ കാര്യം പോലും അധികാരികളോട് ചോദിച്ചു ചെയ്യുന്നതിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. എല്ലാ സാഹചര്യങ്ങളിലും വിശ്വാസത്തോടെ ദൈവചിത്തത്തിനു കീഴ്പ്പെടുക. എന്നാൽ മാത്രമേ പുണ്യവതിയാകൂ എന്നും ബാഹ്യപ്രവൃത്തികളുടെ ആധിക്യത്താൽ സഭാക്രമങ്ങൾ അനുസരിക്കാതെ വരുമ്പോൾ ദൈവപരിപാലനയിൽനിന്നും അത് നമ്മെ അകറ്റുന്നുവെന്ന് സദാ ഓർത്തുകൊള്ളുകയെന്നുമുള്ള തന്റെ നൊവിഷ്യേറ്റ് ഗുരുനാഥൻ ഫാ. ജെറോം സി.എം.ഐയുടെ ഉപദേശം അനുസരിച്ച് അമ്മ തന്റെ ജീവിതം ക്രമപ്പെടുത്തിയിരുന്നു. ഈടുറ്റ പ്രാർത്ഥനാചൈതന്യവും, ചെറിയ ജോലികൾപോലും പൂർണ്ണതയിലും ആത്മാർത്ഥതയിലും ചെയ്യുന്നതിനുള്ള സന്നദ്ധതയും, സഭാധികാരികളോടും സഭാ നിയമങ്ങളോടുമുള്ള വിശ്വസ്തതയും, അത് അനുഷ്ഠിക്കുന്നതിനുള്ള അമ്മയുടെ നിശ്ചയദാർഢ്യവും, സഹോദരങ്ങളോടുള്ള സ്നേഹവും അമ്മയിൽ വിളങ്ങി ശോഭിച്ചിരുന്നു.

പ്രാർത്ഥനയ്ക്കും ജോലികൾക്കും മറ്റുള്ളവരുമായുള്ള ബന്ധത്തിനും ഒരു നിഷ്ഠയും ക്രമവും പാലിച്ചിരുന്ന ബഹു. കനീഷ്യസമ്മ. 1991 ൽ ഒരു മേജർ ഓപ്പറേഷനു വിധേയയായ കനീഷ്യസമ്മ തന്റെ രോഗാവസ്ഥയിലെ സഹനങ്ങളെ ശാന്തതയോടെയും സന്തോഷത്തോടെയും സ്വീകരിച്ചു.

ശയ്യാവലംബിയാകുന്നതുവരെ അമ്മ സമൂഹാഭ്യാസങ്ങൾ കൃത്യമായി പാലിച്ചിരുന്നു. നടക്കാൻ പ്രയാസമായിരുന്നപ്പോൾപോലും മുറിയുടെ പുറത്ത് വരാന്തയിൽ കസേരയിട്ട് അവിടെയിരുന്ന് സമൂഹപ്രാർത്ഥനയിൽ പങ്കെടുത്തിരുന്നു. മണിക്കൂറുകളോളം കർത്താവിന്റെ സന്നിധിയിൽ അമ്മ പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. പരി. അമ്മയോട് പ്രത്യേകമായ ഭക്തിയും സ്നേഹവും ബഹു. കനീഷ്യസമ്മയ്ക്ക് ഉണ്ടായിരുന്നു. എപ്പോഴും ജപമാല കയ്യിൽ കരുതുകയും എല്ലാവർക്കുംവേണ്ടി ധാരാളം ജപമാല ചൊല്ലുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

സമൂഹാംഗങ്ങളുമായി വ്യക്തിപരമായി എന്നും സംസാരിക്കുന്നതിൽ അമ്മ സമയം കണ്ടെത്തിയിരുന്നു. സമൂഹത്തിലെ പൊതുജോലികളും ആഴ്ച ജോലികളും അതീവ താത്പര്യത്തോടെയും സ്നേഹത്തോടെയും ചെയ്തിരുന്നു. രോഗത്തിന്റെ ക്ഷീണത്തിലും തന്നാലാവുംവിധം പരസ്നേഹപ്രവൃത്തികൾ ചെയ്തിരുന്നുവെന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. തിരുവചനം വായിക്കുന്നതിലും പഠിക്കുന്നതിലും പങ്കു വയ്ക്കുന്നതിലുമുള്ള താത്പര്യം ഏവർക്കും ഒരു മാതൃകയായിരുന്നു.

09.03.2003 ൽ തന്റെ സന്ന്യാസസമർപ്പണജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. പ്രായ ത്തിന്റെയും രോഗത്തിന്റെയും ബുദ്ധിമുട്ടുകൾ അമ്മയെ അലട്ടികൊണ്ടി രുന്നു. 1982 ൽ തന്റെ അധ്യാപനജീവിതത്തിൽനിന്നു വിരമിച്ച അമ്മ അന്നുമുതൽ സെറാഫിക് ഭവനത്തിൽ അംഗമായിരുന്ന് സഹോദരങ്ങളെ അവരുടെ ആവശ്യങ്ങളിൽ സഹായിച്ച്, എല്ലാവരുടെയും ഹൃദയത്തിൽ ഇടം കണ്ടെത്തിയിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന മൂന്നു വർഷക്കാലം അമ്മ ശയ്യാവലംബിയായിരുന്നു. അമ്മയുടെ ആരോഗ്യനില അനുദിനം വഷളായികൊണ്ടിരുന്നു. 03.03.2023 ൽ അരുണാപുരം സെന്റ് തോമസ് പള്ളി വികാരി ബഹു. ഫാ. മാത്യു പുല്ലുകാലായിൽ കനീഷ്യ സമ്മയ്ക്ക് രോഗീലേപനം നൽകി. ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് 11.03.2023, രാത്രി 10.30 ന് ബഹു. കനീഷ്യസമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. രാത്രി 11.55 ന് സന്ന്യാസസഹോദരങ്ങളും സഭാ ധികാരികളും നോക്കിനിൽക്കേ അമ്മയുടെ പാവനാത്മാവ് സ്വർഗീയ ഗേഹത്തിലേക്കു പറന്നുയർന്നു.

13.03.2023 തിങ്കളാഴ്ച രാവിലെ 6.15 ന് കനീഷ്യസമ്മയുടെ ഭൗതിക ദേഹം മഠം ചാപ്പലിലെത്തിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക്, കാഞ്ഞിരപ്പള്ളി വിയാനി പ്രീസ്റ്റ് ഹോം ഡയറക്ടർ ഫാ. ജോസഫ് പന്നലക്കുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയുടെ സമാപനത്തിൽ അമ്മയുടെ ബന്ധുവായ ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ ചരമപ്രസംഗം നടത്തി. തുടർന്ന് ഭവനത്തിൽ വച്ച് നടന്ന മൃതസംസ്ക്കാരശുശ്രൂഷ കൾക്കു നേതൃത്വം വഹിച്ചത് ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ ആണ്. തുടർന്ന് മൃതദേഹം അരുണാപുരം സെന്റ് തോമസ് ദേവാലയ ത്തിലേക്കു സംവഹിക്കപ്പെട്ടു. പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ജോസഫ് തടത്തിൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂ ഷകൾക്കു നേതൃത്വം നൽകുകയും ചെയ്തു. സ്വസഹോദരനായ ഫാ. സെബാസ്റ്റ്യൻ ചിറ്റപ്പനാട്ടിന്റെയും മറ്റ് വൈദികരുടെയും സമർപ്പിതരു

ടെയും കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യ ത്തിൽ 4.00 pm ന് അമ്മയുടെ ഭൗതികദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യകിരീടമണി യിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. എൽസീസ് എഫ്.സി.സി., പാലാ

പാലാ രൂപത വിളക്കുമാടം ഇടവകയിൽ ഇലഞ്ഞി മറ്റം കുടുംബത്തിൽ ചെറിയ സ്കറിയായുടെയും കൊച്ച ന്നയുടെയും പതിനൊന്ന് മക്കളിൽ 4-ാമത്തെ പുത്രി യായി 29.03.1929 ൽ എൽസീസമ്മ ഭൂജാതയായി. 05.04.1929 ൽ എലിക്കുളം ഇടവകപ്പള്ളിയിൽ മാമ്മോദീസാ സ്വീകരിച്ചു. ഏലി എന്നായിരുന്നു മാമ്മോദീസാ പേര്. 1946 ൽ ഭരണങ്ങാനം ഹൈസ്കൂളിൽനിന്ന് എം.എച്ച്.സി. പാസ്സായി. 1946 മുതൽ വിളക്കുമാടം സെന്റ് തെരേസാസ് യു.പി. സ്കൂളിൽ അധ്യാപികയായി ജോലി ചെയ്തു. 1948 ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്നും റ്റി.റ്റി.സി. പാസായി. 28.08.1948-ൽ കണ്ണാടിയുറുമ്പ് മഠത്തിൽ അർത്ഥിനിയായി ചേർന്നു. തുടർന്ന് പോസ്റ്റ്യുലൻസിയും നൊവിഷ്യേറ്റും കണ്ണാടിയുറുമ്പ് മഠത്തിലായിരുന്നു. 27.04.1950 ൽ സഭാവസ്ത്രസ്വീകരണവും 16.05.1951-ൽ പ്രഥമവ്രതവാഗ്ദാനവും ചെയ്ത് സി. എൽസിയൂസ് എന്ന പേരും സ്വീകരിച്ചു. 28.05.1956 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 1956 ൽ മലയാളം വിദ്വാൻ (സാഹിത്യവിശാരദ്) പാസ്സായി. 1951 മുതൽ 1956 വരെ കണ്ണാടിയുറുമ്പ് എൽ.പി. സ്കൂളിലും ഒരുവർഷം മണലുങ്കൽ സ്കൂളിലും, തുടർന്ന് 1957 മുതൽ 1964 വരെ മഞ്ഞാമറ്റം ഹൈസ്കൂളിലും 1964 മുതൽ 20 വർഷം 1984 വരെ പാലാ സെന്റ് മേരീസ് ഹൈസ്കൂളിലും മലയാളം അധ്യാപികയായി സേവനം ചെയ്തു. നീണ്ട 38 വർഷത്തെ തന്റെ അധ്യാപനജോലിയിൽനിന്ന് 1984 മാർച്ച് 31 ന് ബഹു. അമ്മ വിരമിച്ചു. സെന്റ് മേരീസ് സ്കൂളിൽ അധ്യാപികയായി ജോലി ചെയ്യുന്നതിനിടയിൽ പാലാ രൂപതയിൽ കെ.സി.എസ്.എൽ. സംഘടനയിൽ നേതൃത്വം വഹിച്ച് വളരെ സ്തുത്യർഹമാംവിധം പ്രവർത്തിച്ചു. കുട്ടികളിൽ നിന്നു തീപ്പെട്ടി അരി ശേഖരിച്ച് ദാരിദ്ര്യം അനുഭവിക്കുന്ന കുട്ടികൾക്ക് കൊടുത്തിരുന്നു. അത് അനുഭവിച്ചറിഞ്ഞ കുട്ടികൾതന്നെ, അവരെ വളർത്തി വലുതാക്കിയ അനുഭവങ്ങൾ പങ്കുവച്ചിരുന്നു. അവരിൽ ചിലർ നിറകണ്ണുകളോടെ ബഹു. അമ്മയെ സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകി പ്രാർത്ഥിച്ചു പോകാറുമുണ്ടായിരുന്നു.

1986 മുതൽ ഒരുവർഷം വാഗമൺ മഠത്തിൽ താമസിച്ച് അവിടെയുള്ള നഴ്സറിക്കുട്ടികളെ പഠിപ്പിക്കുകയും ഭവനസന്ദർശനങ്ങൾ നടത്തുകയും ചെയ്തിരുന്നു. വിശ്വാസപരിശീലനം, ഭവനസന്ദർശനം, സാമൂഹിക സേവനം ഇവയിലെല്ലാം തത്പരയായിരുന്ന അമ്മ തന്റെ 80-ാം വയസ്സിലും ഭവനസന്ദർശനം നടത്തുകയും കൊച്ചുകുട്ടികളെ സുകൃതജപങ്ങൾ പഠിപ്പിക്കുകയും മാതാപിതാക്കൾക്ക് നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു.

അധികാരികളോട് സ്നേഹവും ബഹുമാനവും രോഗികളോട് കരുണയും കരുതലും തളരാത്ത അദ്ധ്വാനശീലവും ഉണ്ടായിരുന്ന ബഹു. അമ്മയിൽനിന്ന് ഒരിക്കലും പരിഭവത്തിന്റെയോ പരാതികളുടെയോ വാക്കുകൾ ഉണ്ടായിട്ടില്ല. എല്ലാ ഹൃദയഭാവങ്ങളും ഒരു ചിരിയിൽ ഒതുക്കുവാൻ അമ്മയ്ക്കു സാധിച്ചിരുന്നു. സ്വന്തക്കാരെയും ബന്ധുക്കാരെയും നാട്ടുകാരെയും സഭാംഗങ്ങളെയും ഏറെ സ്നേഹിച്ചിരുന്ന അമ്മ ദിവ്യകാരുണ്യ സന്നിധിയിൽ മണിക്കൂറുകളോളം എല്ലാവർക്കുംവേണ്ടി മാദ്ധ്യസ്ഥ്യം നടത്തിയിരുന്നു.

ശിശുസഹജമായ നിഷ്കളങ്കത, ഈശോയിലുള്ള ആശ്രയബോധം, എളിയ മനോഭാവം, പാവങ്ങളോടുള്ള അനുകമ്പാർദ്രമായ സ്നേഹം ഇവയെല്ലാം അമ്മയിൽ വിളങ്ങിയിരുന്ന സവിശേഷഗുണങ്ങളാണ്. സുവിശേഷാനുസൃതമായ എളിയജീവിതം നയിച്ച് ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ച് പുണ്യവതിയാവുക എന്ന ആദർശം ജീവിതാവസാനംവരെ അമ്മ കാത്തുസൂക്ഷിച്ചു. ഏറ്റവും ഇഷ്ടമുള്ള ഹോബിയായി അമ്മ തന്റെ ഡയറിയിൽ കുറിച്ചുവച്ചത് 'ക്ലീനിങ്' എന്നായിരുന്നു. പ്രത്യേകിച്ച് ചാപ്പൽ അതിവിശുദ്ധമായി സൂക്ഷിക്കുവാൻ അമ്മ എക്കാലത്തും ശ്രമിച്ചിരുന്നു. അൾത്താര ഏറ്റവും ഭംഗിയായി കാത്തുസൂക്ഷിക്കാൻ അമ്മ ഉത്സാഹിച്ചിരുന്നു.

2006 മുതൽ കലാനിലയം മഠത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന അമ്മ, 2022 ജൂലൈ മാസത്തിൽ ഒരു വീഴ്ചയെത്തുടർന്ന് അവശയായി. മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ട അമ്മയ്ക്ക് രോഗീലേപനം നൽകുകയും ചെയ്തു. ഏകദേശം ആറു മാസത്തോളം ശയ്യാവലംബിയായി കഴിയേണ്ടിവന്ന ബഹു. അമ്മയെ ആശുപത്രി അധികൃതരുടെ അനുമതിയോടുകൂടി മഠത്തിലേക്കു കൊണ്ടുവരികയും ചികിത്സകൾ തുടരുകയും ചെയ്തു. 2023 മേയ് 8-ാം തീയതി അമ്മയുടെ സ്ഥിതി കൂടുതൽ മോശമാവുകയും സഭാംഗങ്ങളും സഹോദരങ്ങളും അമ്മയെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. മേയ് 9-ാം തീയതി രാവിലെ 10

മണിയോടുകൂടി സമൂഹാംഗങ്ങൾ പ്രാർത്ഥനാനിരതരായി നോക്കിനില്ക്കേ അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗീയസന്നിധിയിലേക്കു യാത്രയായി.

10-ാം തീയതി രാവിലെ 10 മണിക്ക് ബഹു. ജോസഫ് താഴത്തുവരിക്കയിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി ശവസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. വിശുദ്ധബലിമദ്ധ്യേ ബഹു. തോമസ് മൂലയിൽ അച്ചൻ ചരമപ്രസംഗം നടത്തി. തുടർന്ന്, അരുണാപുരംപള്ളി വികാരി ബഹു. മാത്യു പുല്ലുകാലാ അച്ചന്റെ നേതൃത്വത്തിൽ ശവസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപത പ്രൊട്ടോ സിഞ്ചെലൂസ് ബഹു. മോൺസിഞ്ഞോർ ജോസഫ് തടത്തിൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂഷകൾക്കു നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് 12.30 ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. പ്രീമ മാത്യു പൗവ്വത്ത് എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപത, തെക്കേമല ഇടവക പൗവ്വത്ത് മത്തായി-അന്നമ്മ ദമ്പതികളുടെ സീമന്ത പുത്രിയായി 4.2.1964-ൽ സി. പ്രീമ ജനിച്ചു. ബിരുദവും മലയാളം എം. എയും വിജയകരമായി പൂർത്തിയാക്കിയ മോളി മാത്യു ഒരു സന്ന്യാസിനിയായിത്തീരാനുള്ള അതിയായ ആഗ്രഹത്തോടെ 01.06.1991-ൽ എഫ്.സി.സി. പാലാ അൽഫോൻസാ പ്രൊവിൻസിൽ അർത്ഥിനിയായിച്ചേർന്നു. സന്ന്യാസപരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ മോളി മാത്യു 03.11.1994-ൽ ആദ്യവ്രതം ചെയ്ത് സി. പ്രീമ എന്ന പേര് സ്വീകരിച്ചു. 22.05.1999-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

അൽഫോൻസാഭവൻ, സാൻജോ ഹോസ്റ്റൽ, മംഗളാരാം കുമ്മണ്ണൂർ, ആശാനിലയം, ളാലം, റാണിമരിയ എന്നീ മഠങ്ങളിൽ തന്റെ സ്തുത്യർഹ സേവനം കാഴ്ചവച്ച സിസ്റ്റർ നലംതികഞ്ഞ ഒരു അധ്യാപികയായിരുന്നു. തന്റെ സന്ന്യാസജീവിതത്തിന്റെ ആരംഭംമുതൽ അധ്യാപനജീവിതം നയിച്ച സിസ്റ്റർ ഇന്ന് വലിയ ഒരു ശിഷ്യസമ്പത്തിനുടമയാണ്. 1995 മുതൽ മേരിമാതാ കോളേജിൽ മലയാളം അധ്യാപികയായി സേവനം അനുഷ്ഠിച്ചു. 2002-ൽ മേരി മാതാ കോളേജ് മേരി മാതാ സ്കൂൾ ആക്കി മാറ്റി. അന്നു മുതൽ മരണംവരെ സ്കൂളിലെ മാതൃകാധ്യാപികയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. മേരി മാതാ സ്കൂളിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ തന്റെ സേവനവും ത്യാഗപൂർവ്വകവുമായ പ്രാർത്ഥനയും അർ

പ്പിച്ച സി. പ്രീമ തന്റെ അധ്യാപനപ്രേഷിതത്വത്തിലൂടെ കുഞ്ഞുങ്ങൾക്ക് ഈശോയെ നൽകാൻ ഏറെ ശ്രദ്ധിച്ചു.

പിതാവായ വി. ഫ്രാൻസീസിനെപോലെ പ്രകൃതിയെ സ്നേഹിക്കുകയും പ്രകൃതിയുമായി ഇണങ്ങിച്ചേരുകയും ചെയ്ത സിസ്റ്റർ മണ്ണിനെ ഏറെ സ്നേഹിച്ചു. നല്ലൊരു കർഷകയായിരുന്നു. എന്തുതന്നെ നട്ടാലും നടുന്നതെല്ലാം നൂറുമേനി വിളവുകളായി. വിശ്വാസപരിശീലനരംഗങ്ങളിലും പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് കുഞ്ഞുങ്ങളെ ഒരുക്കുന്നതിലും വിവിധ സംഘടനകൾക്ക് നേതൃത്വം നൽകുന്നതിലും സി. പ്രീമ ഏറെ തീക്ഷ്ണത പ്രകടിപ്പിച്ചു. ദൈവികകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്നതുകൊണ്ട് ദൈവാലയത്തോടനുബന്ധിച്ചുള്ള ജോലികൾ ചെയ്യാൻ സിസ്റ്ററിന് വളരെ ഇഷ്ടമായിരുന്നു. 30.04.2023 ഞായറാഴ്ചവരെ കണ്ണാടിയുറുമ്പു കുരിശുപള്ളിയുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുകയും വി. കുർബ്ബാനയിൽ സജീവഭാഗഭാഗിത്വം വഹിക്കുകയും ചെയ്തു. തന്റെ മണവാളന്റെ കാര്യങ്ങളിൽ അതീവ ജാഗ്രതയായിരിക്കേണ്ടവളാണ് താൻ എന്ന ഉറച്ച ബോധ്യമുണ്ടായിരുന്നതിനാൽ വി. കുർബ്ബാനയുടെ ശുശ്രൂഷിയാകുവാനും ദിവ്യബലിഗാനങ്ങൾ ആലപിക്കുവാനുമൊക്കെ ഏറെ ഇഷ്ടപ്പെട്ടു. പാവങ്ങളോട് കരുണയും സ്നേഹവും പ്രദർശിപ്പിച്ചിരുന്ന സി. പ്രീമ ഭവനസന്ദർശനത്തിലൂടെ അനേകം രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചുശക്തിപകർന്നു.

ധാരാളം ജപമാല ചൊല്ലുവാനും തിരുവചനത്തിൽ ആശ്വാസം കണ്ടെത്താനും ഏറെ ശ്രദ്ധിച്ചു. കുട്ടികളെ കൂടുതലായി സ്നേഹിക്കുകയും കൂടുതൽ സമയമെടുത്ത് അവർക്ക് ആവശ്യമായവ പറഞ്ഞുകൊടുക്കുവാനും സിസ്റ്റർ തത്പരയായിരുന്നു. മറ്റുള്ളവരുടെ നന്മകാണാനും നന്മ പറയാനും വളരെ ഉത്സുകയായിരുന്നു. ലൗകികവസ്തുക്കളോട് തെല്ലും മമത പുലർത്താതെ 'മതി' 'വേണ്ട' മനോഭാവം സ്വീകരിച്ച് അത്യാവശ്യ സാധനങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടുന്ന വ്യക്തിയായിരുന്നു സി. പ്രീമ.

ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെട്ടുകൊണ്ട് ദൈവത്തിൽ എത്തിച്ചേരുക എന്ന തന്റെ മോട്ടോ പ്രാവർത്തികമാക്കുവാൻ സിസ്റ്റർ പ്രീമ എവിടെയും എല്ലായ്പ്പോഴും ബദ്ധശ്രദ്ധയായിരുന്നു. ഏറെ തന്മയത്വത്തോടെ തന്റെ പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനിടയിൽ 2018 ഫെബ്രുവരിയിൽ സി. പ്രീമയ്ക്ക് ബോൺക്യാൻസർ സ്ഥിരീകരിക്കുകയുണ്ടായി. എങ്കിലും തീക്ഷ്ണമായ പ്രാർത്ഥനയുടെ ശക്തിയാൽ അതിനെയെല്ലാം അതിജീവിച്ച് കൂടുതൽ കരുത്തോടെ ഏറെ സ്നേഹത്തോടെ വീണ്ടും പ്രേഷിതമേഖലകളിലേക്കിറങ്ങി. 2019 വർഷത്തിൽ തന്റെ സമർ

പ്പണജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും ഉണ്ടായി. രാത്രിയുടെ നീണ്ടയാമങ്ങളിൽ ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിക്കുവാനും രോഗത്തിന്റെ വേദനകളും കഷ്ടപ്പാടുകളും പുറത്തു കാണിക്കാതെ പുഞ്ചിരിയോടെ സ്വീകരിക്കുവാനും സി. പ്രീമയ്ക്കു സാധിച്ചു.

01.05.2023 ൽ റാണി മരിയ കോൺവെന്റിൽനിന്ന് കണ്ണാടിയുറുമ്പ് മഠത്തിലേക്ക് സ്ഥലംമാറി വന്ന സി. പ്രീമ 02.05.2023 രാവിലെ ശാരീരിക അസ്വസ്ഥതകൾ വകവയ്ക്കാതെ ദിവ്യബലിക്ക് എത്തുകയും വി. കുർബ്ബാനമധ്യേ തലകറങ്ങിവീഴുകയും ചെയ്തു. വി. കുർബ്ബാന സ്വീകരണ ശേഷം മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. സ്കാനിംഗിൽ സി. പ്രീമക്ക് തലച്ചോറിൽ ബ്ലീഡിങ്ങ് ഉണ്ട് എന്നു മനസ്സിലാക്കുകയും കാരിത്താസ് ആശുപത്രിയിൽ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

തുടർന്ന് ബോധരഹിതയായ സിസ്റ്റർ മരുന്നുകളോടു പ്രതികരിക്കാതാവുകയും സിസ്റ്ററിന് രോഗീലേപനം നൽകുകയും ചെയ്തു. 04.05.2023 വ്യാഴാഴ്ച രാവിലെ 9.15 ന് ഈ പാവനാത്മാവ് തന്റെ മണവാളന്റെ സന്നിധിയിലേക്കു യാത്രയായി.

ചെറിയ ജോലികൾ സന്തോഷത്തോടെ ചെയ്ത് എളിയ ജീവിതം നയിച്ച് സ്വർഗ്ഗത്തിലെത്തിച്ചേരുക എന്നതായിരുന്നു സി. പ്രീമയുടെ ജീവിതലക്ഷ്യം. എത്രവർഷം ജീവിച്ചു എന്നതിലല്ല എങ്ങനെ ജീവിച്ചു എന്നതിലാണ് ഒരു സന്ന്യാസിയുടെ ജീവിതമഹത്ത്വം അടങ്ങിയിരിക്കുന്നതെന്ന് സി. പ്രീമയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. 59 വർഷം നീണ്ടു നിന്ന തന്റെ തീക്ഷ്ണത നിറഞ്ഞ ജീവിതം ദൈവത്തിനും ദൈവമഹത്ത്വത്തിനുംവേണ്ടിയായിരുന്നു.

05.05.2023 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 ന് വി. കുർബ്ബാനയോടുകൂടി സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. വി. കുർബ്ബാനയ്ക്കുശേഷം ബഹു. വികാരി. ഫാ. ജോസ് കാക്കല്ലിൽ തുടർന്നുള്ള ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാലാ രൂപത പ്രൊട്ടോ സിഞ്ചെലൂസ് ബഹു. മോൺസിഞ്ഞോർ ജോസഫ് തടത്തിൽ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും അനുശോചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മൃതദേഹം പാലാ സെന്റ് തോമസ് കത്തീഡ്രൽപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. സെബസ്റ്റിൻ എഫ്.സി.സി.

പാലാ കത്തീഡ്രൽ ഇടവകയിൽ കിഴപറയാർ പറയരുതോട്ടത്തിൽ ഉതുപ്പു ചെറിയാൻ-മറിയാമ്മ എന്നീ ദമ്പതികളുടെ 4-ാമത്തെ സന്താനമായി 1931 ഫെബ്രുവരി 10-ാം തീയതി സാറാമ്മ എന്ന പെൺകുഞ്ഞ് ഭൂജാതയായി. 15.02.1931 ൽ മാമ്മോദീസാ സ്വീകരിച്ചു.

1950-ൽ പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്. എൽ.സി പാസായശേഷം ദൈവത്തിന്റെ വിളി സ്വീകരിച്ച് കണ്ണാടിയുറുമ്പ് ക്ലാരമഠത്തിൽ അർത്ഥിനിയായിച്ചേർന്നു. പ്രീപോസ്റ്റ്യുലൻസിയും പോസ്റ്റ്യുലൻസിയും പൂർത്തിയാക്കി 25.01.1952-ൽ ക്ലാര സഭാവസ്ത്രം സ്വീകരിച്ചു. 1954-55 കാലഘട്ടത്തിൽ ഭരണങ്ങാനം മഠത്തിൽ വച്ച് നൊവിഷ്യേറ്റു പൂർത്തിയാക്കിയശേഷം പ്രഥമവ്രതവാഗ്ദാനം ചെയ്ത് സി. സെബസ്റ്റിൻ എന്ന പേര് സ്വീകരിച്ചു. 29.05.1958-ൽ നിത്യവ്രതവാഗ്ദാനം നടത്തി തന്നെത്തന്നെ പൂർണ്ണമായി ദിവ്യനാഥന് അർപ്പിച്ചു.

പാലാ സെന്റ് ജോസഫ് കോളേജിൽനിന്നു ഹിന്ദി വിദ്വാൻ പാസ്സായശേഷം കണ്ണാടിയുറുമ്പ് സെന്റ് ജോസഫ് യു.പി. സ്കൂളിൽ അദ്ധ്യാപനം ആരംഭിച്ചു. പിന്നീട് ഹിന്ദി ബി.എ. പാസ്സായശേഷം ളാലം സെന്റ് മേരീസ് സ്കൂളിലും അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു.

തുടർന്ന് സെന്റ് തോമസ് കോളേജിൽനിന്നു ഹിന്ദി എം.എ. പാസ്സായി പ്രസ്തുത കോളേജിൽ രണ്ടുവർഷം അധ്യാപനം നടത്തി. 1967 മുതൽ 1993 വരെ 26 വർഷക്കാലം അൽഫോൻസാ കോളേജിൽ ഹിന്ദി ഡിപ്പാർട്ടുമെന്റിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചശേഷം 60-ാമത്തെ വയസ്സിൽ കോളജിൽനിന്നു വിരമിച്ചു. പിന്നീട് അരുണാപുരം അൽഫോൻസാ ഹോസ്റ്റൽ വാർഡനായി സേവനം അനുഷ്ഠിച്ചു.

അൽഫോൻസാ കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ കോർഡിനേറ്റർ എന്ന നിലയിൽ ആറുവർഷക്കാലം വിവിധ ഇനത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചും സേവനപരിപാടികൾ ആസൂത്രണം ചെയ്തും കുട്ടികളുടെ കഴിവുകളും കർമ്മോത്സുകതയും വർദ്ധിപ്പിക്കാനും അവരുടെ നേതൃത്വവാസനയും സേവനതത്പരതയും വളർത്തിയെടുക്കുവാനും നാട്ടുകാരോടു സഹകരിച്ച് ഗ്രാമീണറോഡുകൾ വെട്ടുക, ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നിങ്ങനെ ജനസേവനകർമ്മങ്ങളിൽ വ്യാപൃതയായി.

ഭയാശങ്കകളില്ലാതെ, പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ സാഹചര്യങ്ങളിൽ മുന്നിട്ടിറങ്ങി ധീരതയോടെ പ്രവർത്തിക്കാനും എല്ലാവരെയും അതിശയിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ സാധിക്കാനും രമ്യതപ്പെടുത്താനും അമ്മയ്ക്കു പ്രത്യേക കഴിവുണ്ടായിരുന്നു. ക്ലാസിൽ അച്ചടക്കം കാത്തുസൂക്ഷിക്കാനും ഉഴപ്പുന്ന കുട്ടികളെ മെരുക്കിയെടുക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നതിനാൽ അമ്മയുടെ ക്ലാസിൽ കുട്ടികൾ എപ്പോഴും കൃത്യനിഷ്ഠ പാലിച്ചിരുന്നു. കുട്ടികളുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കി അവരോടു സൗഹൃദത്തോടെ വർത്തിക്കാനും സഹായിക്കാനും ശ്രദ്ധിച്ചിരുന്നു. പഠനം കഴിഞ്ഞുപോയ ഒട്ടേറെ കുട്ടികൾ അമ്മയെ കാണാനും അമ്മയെയും കൂട്ടി ചെറിയ പിക്നിക്കുകൾ നടത്താനും വരുമായിരുന്നു.

കണ്ണാടിയുറുമ്പ്, ളാലം, അൽഫോൻസാ കോൺവെന്റ്, സെറാഫിക്, അൽഫോൻസാ ഭവൻ എന്നീ മഠങ്ങളിൽ താമസിച്ചുകൊണ്ട് സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

സഹോദരങ്ങളോടും കുടുംബാംഗങ്ങളോടും, സഹപ്രവർത്തകരോടും, അയൽപക്കകാരോടും ഊഷ്മളമായ ബന്ധം അമ്മ പുലർത്തിയിരുന്നു. ഇടയ്ക്കിടെ അവർ വന്നു സന്ദർശിക്കുകയും ഈ ഭവനാംഗങ്ങളോടും ഇടമുറിയാത്ത ബന്ധം നിലനിറുത്തുകയും ചെയ്തിരുന്നു.

കഴിഞ്ഞ 18 വർഷമായി അൽഫോൻസാഭവനിൽ വിശ്രമജീവിതം നയിച്ചുവരവേ, പല രോഗങ്ങളും ചില ഓപ്പറേഷനുകളും നിമിത്തം അമ്മയുടെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരുന്നു. അഞ്ചുവർഷംമുമ്പ് ഉണ്ടായ ഒരു വീഴ്ചയിൽ അമ്മയുടെ കാലിനു പരിക്കുപറ്റി ആശുപത്രിയിൽ കഴിഞ്ഞശേഷം അമ്മയ്ക്കു നടക്കുവാനും പ്രയാസമായി.

മിക്കവാറും കിടപ്പിലായിരുന്നുവെങ്കിലും ദിവസേന ദിവ്യബലിയിൽ പങ്കുകൊള്ളാനും ഇടയ്ക്കിടെ ദിവ്യകാരുണ്യസന്ദർശനം നടത്താനും ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് കരുണക്കൊന്ത ചൊല്ലാൻ ദിവ്യകാരുണ്യസന്നിധിയിൽ എത്താനും അമ്മ പ്രത്യേകം നിഷ്ഠവച്ചിരുന്നു. ജപമാല അമ്മ കൈയിൽനിന്നു താഴെ വയ്ക്കാറില്ലായിരുന്നു. കുരിശുരൂപം എവിടെ ക്കണ്ടാലും എടുത്തുമുത്തുവാനും ചുമരിലുള്ള കുരിശുരൂപത്തിൽ കൈ എത്തിച്ചു മുത്തുവാനും അമ്മ ഒരിക്കലും മറക്കാറില്ലായിരുന്നു. തന്റെ സമൂഹാംഗങ്ങളെ ഏറെ സ്നേഹിച്ചും അവരോടു തമാശകൾ പറഞ്ഞും അവരുടെ വ്യക്തിപരമായ നിയോഗങ്ങൾ ദൈവസന്നിധിയിൽ എത്തിച്ചും ഞങ്ങളുടെ അമ്മ ഈ ഭവനത്തിന് അനുഗ്രഹമായിരുന്നു. വിശുദ്ധഗ്രന്ഥ

പാരായണത്തിലും ജ്ഞാനവായനയിലും ഈ നാളുകളിൽ അമ്മ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു.

ഒരു ദിവസം രാത്രിയിൽ അമ്മ കിടക്കയിൽനിന്നു വീഴുകയുണ്ടായി. ബാഹ്യമായ ക്ഷതങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എങ്കിലും അമ്മയുടെ ശക്തി ചോർന്നതുപോലെയായി. എഴുന്നേൽക്കാനും നടക്കാനും ഒട്ടും സാധ്യമല്ലായിരുന്നു. എനിക്കു മരിക്കാൻ സമയമായി എന്നുപറഞ്ഞ് മരണ ത്തിനായി പ്രാർത്ഥിക്കുകയും മരിക്കാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണ മെന്നു മറ്റുള്ളവരോടു പറയുകയും ചെയ്തിരുന്നു.

മരണത്തിനു മൂന്നുദിവസം മുമ്പ് സന്ദർശിക്കാനെത്തിയ സഹോദര പുത്രനോട് താൻ യൗസേപ്പിതാവിനോടു പിണങ്ങി എന്നു പറഞ്ഞു. അത് എന്തിനാ ചേച്ചി എന്നു ചോദിച്ചപ്പോൾ, "എനിക്കു നല്ല മരണം തന്ന് കൊണ്ടുപോകണമെന്ന് എത്രനാളായി ഞാൻ പ്രാർത്ഥിക്കുന്നു, കേൾക്കു ന്നില്ലല്ലോ." ഏതായാലും യൗസേപ്പിതാവ് ആ പരാതി കേട്ടു. അമ്മയ്ക്ക് ക്ഷീണം, തളർച്ച ഭക്ഷണത്തോട് മടുപ്പ് എന്നിവ വർദ്ധിച്ചുവന്നു. ഇട യ്ക്കിടെ ഛർദ്ദിയും തുടങ്ങി. ആശുപത്രിയിൽ കൊണ്ടുപോകേണ്ട എന്നു ശാഠ്യം പിടിച്ചുഎങ്കിലും 17-ാം തീയതി നിർബന്ധിച്ച് കൊണ്ടുപോയി. 18-ാം തീയതി വെളുപ്പിന് 4 മണിയോടുകൂടി സ്ഥിതി തീരെ മോശമായ തിനാൽ മരിയൻ മെഡിക്കൽ സെന്റർ ചാപ്ലെൻ ബഹു. ഫാ. ജോർജ്ജ് ഞാറക്കുന്നേലിൽനിന്ന് അന്ത്യകൂദാശകൾ സ്വീകരിച്ചു. 6.30ന് യാതൊരു അസ്വസ്ഥതയും കൂടാതെ അമ്മയുടെ ആത്മാവ് ശാന്തമായി സ്വർഗ്ഗീയ ഗേഹത്തിലേക്കു പറന്നുയർന്നു.

19.04.2023 ബുധനാഴ്ച രാവിലെ 6 മണിക്ക് അമ്മയുടെ ഭൗതികശരീരം അൽഫോൻസാ ഭവൻ ചാപ്പലിൽ കൊണ്ടുവന്നു. ആദരണീയരായ വൈദി കരും സഹാധ്യാപകരും അയൽപക്കക്കാരും ശിഷ്യരും സിസ്റ്റേഴ്സും ബന്ധുജനങ്ങളും അമ്മയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു. ഫാ. അഗസ്റ്റിൻ ഒ.സി.ഡിയുടെ മുഖ്യകാർ മ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിമദ്ധ്യേ ബഹു. ഫാ. ജോർജ്ജ് അമ്പഴ ത്തുങ്കൽ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം അരുണാപുരം സെന്റ് തോമസ് ദേവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. പാലാ രൂപത പ്രൊട്ടോ സിഞ്ചെലൂസ് ബഹു. മോൺസിഞ്ഞോർ ജോസഫ് തടത്തിൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂഷകൾക്ക് നേതൃത്വം നൽകു കയും ചെയ്തു. തുടർന്ന് ഉച്ചകഴിഞ്ഞ് 4.30 ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യ കിരീടമണിയിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.



## സി. ഗ്രാസിയ കാക്കോളി

പാലാ രൂപത ഭരണങ്ങാനം ഇടവക ഈറ്റയ്ക്കക്കുന്നേൽ അവിരാ-ത്രേസ്യാ ദമ്പതികളുടെ പ്രഥമസന്താനമായി 16.07.1930 ൽ അന്നമ്മ ഭൂജാതയായി. 22.07.1930 ൽ ജ്ഞാനസ്നാനം സ്വീകരിച്ച അന്ന ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ്. ലെ പ്രാഥമിക വിദ്യാഭ്യാസത്തിനും പാലാ സെന്റ് മേരീസ് എച്ച്.എസ്.എസ്., പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂൾ എന്നിവിടങ്ങളിലെ ഇ.എസ്.എൽ.സി., റ്റി.റ്റി.സി പഠനത്തിനുശേഷം 27.11.1955 ൽ സി. മേരി ഗ്രാസിയ എന്ന പേരു സ്വീകരിച്ച അന്നമ്മ 28.05.1956 ൽ സഭാവസ്ത്രവും സ്വീകരിച്ച് 30.05.1957 ൽ പ്രഥമവ്രതവാഗ്ദാനം ചെയ്തു. 30.05.1960 ൽ നിത്യവ്രതവാഗ്ദാനത്തിലൂടെ ദിവ്യനാഥന് സ്വയം വിട്ടുകൊടുത്ത സി. മേരി ഗ്രാസിയയ്ക്ക് വി. അൽഫോൻസമ്മയുടെ രോഗാവസ്ഥയിലും മരണം, സംസ്കാരം എന്നിവയിലും അമ്മയെ കാണാനും അമ്മക്കുറിച്ച് അറിയാനും കഴിഞ്ഞുവെന്നത് ബഹു. ഗ്രാസിയമ്മയുടെ ഹൃദയത്തിൽ ദൈവവിളിയുടെ വിത്തു പാകാൻ കാരണമായി.

68 വർഷങ്ങൾ നീണ്ട സന്ന്യാസജീവിതത്തിൽ കൂട്ടിക്കൽ, ഭരണങ്ങാനം സേക്രഡ് ഹാർട്ട് കോൺവെന്റ്, കാക്കോളി സെന്റ് ജോസഫ്സ് കോൺവെന്റ്, ഇടപ്പാടി അസ്സീസി കോൺവെന്റ് എന്നിവിടങ്ങളിൽ സോഷ്യൽ വർക്കർ, പാർലർ സിസ്റ്റർ, മെസ് മാനേജർ, സെക്രട്ടറി, സൺഡേസ്കൂൾ അധ്യാപിക എന്നീ നിലകളിലും വെട്ടിക്കാനം കെ.സി. എം.എൽ.പി. സ്കൂൾ കൂട്ടിക്കൽ, സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി. സ്കൂൾ, ഭരണങ്ങാനം എന്നിവിടങ്ങളിൽ പ്രധാനാധ്യാപികയായും കാക്കോളി അൽഫോൻസ് റസിഡൻഷ്യൽ സ്കൂളിൽ ഓഫീസ് അസിസ്റ്റന്റായും നിസ്തുലസേവനം കാഴ്ച വച്ചിട്ടുണ്ട്.

ഈശോയുടെ സ്വയം ശൂന്യമാക്കലിൽ ബോധപൂർവം പങ്കാളികളാൻ ശ്രമിച്ചിരുന്ന ബഹു. അമ്മ ജീവിതപ്രതിസന്ധികളിൽ പകച്ചു നിൽക്കുന്നവർക്ക് ആശ്വാസവും സാന്ത്വനവും ദൈവസാന്നിധ്യാനുഭവവും പകർന്നു നൽകാൻ സ്വീകാര്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ചിരുന്നു. പാപികളുടെ മാനസാന്തരത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി നടത്തിയ ആത്മീയപോരാട്ടങ്ങൾ തന്റെ അവസാനശ്വാസംവരെ തുടർന്നുവെന്നത് സമീപസ്ഥർക്ക് സുവ്യക്തമാണ്.

വാർധക്യസഹജമായ ക്ഷീണംമൂലം മാസങ്ങളോളം രോഗക്കിടക്കയിലായിരുന്ന അമ്മ നോമ്പിന്റെ പീഡനുഭവവാരത്തിലേക്കു പ്രവേശിച്ചപ്പോൾമുതൽ കൂടുതൽ ക്ഷീണിതയായി കാണപ്പെട്ട ബഹു. ഗ്രാസിയമ്മയ്ക്ക് ഉയിർപ്പുഞായറിന്റെ പ്രഭാതത്തിൽ ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെത്തുടർന്ന് പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ടു. 09.04.2023 ഉയിർപ്പുഞായർ പ്രഭാതത്തിൽ 5.20 ന് ആ പാവനാത്മാവ് താൻ ശരണം അർപ്പിച്ചവനിൽ ശാന്തമായി വിലയംകൊണ്ടു.

2023 ഏപ്രിൽ 11 ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.30 ന് വിശുദ്ധ കുർബാനയോടെ കാക്കോളി മഠം ചാപ്പലിൽ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം വഹിച്ചു തുടർന്ന് മൃതദേഹം ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ഫ്ളോറിഡ പ്ലാപ്പള്ളിൽ എഫ്.സി.സി.

പാലാ രൂപത പറത്താനം ഇടവകയിൽ പ്ലാപ്പള്ളിൽ കുടുംബത്തിൽ കുഞ്ഞുവർക്കി ത്രേസ്യാമ്മ ദമ്പതികളുടെ 11 മക്കളിൽ ഏഴാമത്തവളായി 1939 ആഗസ്റ്റ് 1 ന് മറിയക്കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ട സി. ഫ്ളോറിഡ ജനിച്ചു. കൂട്ടിക്കൽ സെന്റ് ജോർജ് എച്ച്. എസിൽനിന്ന് ഏഴാം ക്ലാസ് പാസ്സായ മറിയക്കുട്ടി ഒരു സന്ന്യാസിനിയായിത്തീരാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ 1959 ൽ രാമപുരം നൊവിഷ്യേറ്റു ഹൗസിൽ അർത്ഥിനിയായി ചേർന്നു. 27.05.1961 ൽ ആദ്യവ്രതവും 27.05.1964 ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു. 2011 ൽ വ്രതവാഗ്ദാന സുവർണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും ബഹു. അമ്മയ്ക്കു ലഭിച്ചു.

സ്നേഹിക്കുക സേവനം ചെയ്യുക എന്ന മോട്ടോ സ്വീകരിച്ചു അമ്മ കൂട്ടിക്കൽ, അൽഫോൻസാഭവൻ അരുണാപുരം, പുലിയന്നൂർ, കോതനെല്ലൂർ, മൂന്നിലവ്, വാഗമൺ, വാകക്കാട്, ളാലം, പൂഞ്ഞാർ സൗത്ത്, കാക്കോളി, വിലാസ്റ്റഡ് ഹൗസ്, മലയിഞ്ചിപ്പാറ കോൺവെന്റ് എന്നീ മഠങ്ങളിൽ തന്റെ സ്നേഹശുശ്രൂഷകൾ കാഴ്ചവച്ചു. ദൈവസ്നേഹവും സഹോദരസ്നേഹവും അതിന്റെ സമ്പന്നതയിൽ ജീവിതത്തിലുടനീളം പ്രകാശിപ്പിക്കുവാൻ കഴിഞ്ഞ ഫ്ളോറിഡാമ്മയുടെ ജീവിതം കണ്ടുമുട്ടുന്നവർക്കെല്ലാം പ്രചോദനാത്മകമായിരുന്നു. 63 വർഷത്തെ സന്ന്യാസജീവിതത്തിൽ 26 വർഷവും അമ്മ മലയിഞ്ചിപ്പാറ മഠത്തിൽത്തന്നെയായിരുന്നു.

സഹോദരങ്ങളെ അകമഴിഞ്ഞു സ്നേഹിക്കുന്ന ഒരു നല്ല അസി. സുപ്പീരിയർ, കൗൺസിലർ എന്നീ നിലകളിലും തമ്പുരാന്റെ തിരു അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന സങ്കീർത്തികാരിയായും സഹോദര ങ്ങൾക്കായി നല്ല ഭക്ഷണം വച്ചു വിളമ്പുന്ന മെസ് മാനേജരായും പ്രകൃ തിയെ ഏറെ സ്നേഹിക്കുന്ന ഫാം സൂപ്പർവൈസറായും അമ്മ തന്റെ ജീവിതകാലം മുഴുവൻ കർത്താവിന്റെ ഭവനത്തിൽ ജാഗ്രതയുള്ള മണ വാട്ടിയായി ശുശ്രൂഷ ചെയ്തു.

ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹക രിക്കുവാൻ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഭവനസന്ദർശനത്തിലൂടെ അനേകം രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിച്ച്, അവർക്കുവേണ്ടി പ്രാർത്ഥിച്ച് ശക്തി പകർന്നിരുന്നു. പാവങ്ങളോടുള്ള കരുണയും സ്നേഹവും ഫ്ളോറിഡാമ്മയിൽ വേറിട്ടു നിന്നിരുന്ന സുകൃതമാണ്.

നല്ല ആരോഗ്യവതിയായിരുന്ന ഫ്ളോറിഡാമ്മയ്ക്ക് 2016 ൽ ഹൃദയ സ്തംഭനം ഉണ്ടാവുകയും ആൻജിയോപ്ലാസ്റ്റിക്ക് വിധേയയാവുകയും ചെയ്തു. കുറച്ചുനാളത്തെ വിശ്രമത്തിനുശേഷം പൂർണാരോഗ്യത്തോടെ സമൂഹത്തിലെ എല്ലാ കൂട്ടക്രമങ്ങളിലും പങ്കുചേർന്നിരുന്നു. 2021 ൽ ശ്വാസ കോശസംബന്ധമായ അസുഖത്തെത്തുടർന്ന് അമ്മ പാലാ മരിയൻ മെഡി ക്കൽ സെന്ററിൽ അഡ്മിറ്റായി. അതോടെ അമ്മ രോഗകിടക്കയിലായി 14.04.2023 വെള്ളിയാഴ്ച ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് അമ്മയെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഐസിയുവിലും വെന്റിലേറ്ററി ലുമായി കഴിഞ്ഞ അവസാന നിമിഷങ്ങളിലും അമ്മ വളരെ ശാന്തയായി രുന്നു. 16.04.2023 പുതുഞായറാഴ്ച കരുണയുടെ കർത്താവിന്റെ തിരു നാൾ ദിവസം രാവിലെ അഞ്ചു മണിക്ക് അന്ത്യകൂദാശകളെല്ലാം സ്വീക രിച്ച ഫ്ളോറിഡാമ്മ 10.05 ന് വളരെ ശാന്തമായി തന്റെ സ്നേഹനാഥനി ലേക്ക് പറന്നുയർന്നു. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ ഫ്ളോറിഡാമ്മ മൃതദേഹം മലയിഞ്ചിപ്പാറ മഠത്തിൽ കൊണ്ടുവന്നു. നിരവധി വൈദിക രും, സിസ്റ്റേഴ്സും ബന്ധുക്കളും ഇടവക ജനങ്ങളും അമ്മയ്ക്ക് അന്തി മോപചാരമർപ്പിച്ചു പ്രാർത്ഥിച്ചു.

17-ാം തീയതി രാവിലെ 9.30 ന് ദിവ്യബലിയോടുകൂടി സംസ്കാര കർമങ്ങൾ ആരംഭിച്ചു. മലയിഞ്ചിപ്പാറ പള്ളി വികാരി റവ.ഫാ. ജോസഫ് ചെറുകരക്കുന്നേൽ മുഖ്യകാർമികത്വം വഹിക്കുകയും അനുസ്മ രണപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന്, മൃതദേഹം മലയിഞ്ചി പ്പാറ ഹോളി ക്രോസ് ദൈവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. ദൈവാ ലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് വെരി

റവ.ഡോ. ജോസഫ് തടത്തിൽ നേതൃത്വം നൽകുകയും ഹൃദയസ്പർശിയായ അനുസ്മരണസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം മൃതദേഹം മലയിഞ്ചിപ്പാറ ഹോളി ക്രോസ് ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. നീണ്ട 83 വർഷങ്ങൾ സ്നേഹത്തിലൂടെയും സേവനത്തിലൂടെയും കടന്നുപോയി. ദൈവത്തെ മഹത്ത്വപ്പെടുത്തിയ ബഹു. ഫ്ളോറിഡാമ്മയുടെ ധന്യജീവിതത്തെ ദിവ്യനാഥൻ നിത്യകിരീടം അണയിക്കട്ടെ എന്ന നമുക്കു പ്രാർത്ഥിക്കാം.



## സി. ജറോസ് കുളത്തിനാൽ എഫ്.സി.സി.

പാലാ രൂപതയിലെ പെരിങ്ങുളം ഇടവകയിൽ കുളത്തിനാൽ കുടുംബത്തിൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തെ സന്താനമായി 18-03-1928 ൽ ജറോസമ്മ ഭൂജാതയായി. പെരിങ്ങുളം സ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം സമർപ്പിതജീവിതം നയിക്കണമെന്നുള്ള അതിയായ ആഗ്രഹത്താൽ 1947 ൽ മണിയംകുന്നു മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1948 ൽ സഭാവസ്ത്രസ്വീകരണം നടത്തി. 1949 ൽ പ്രഥമവ്രതവാഗ്ദാനവും 1952 ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

32 വർഷം പെരിങ്ങുളം സ്കൂളിൽ തയ്യൽ അധ്യാപികയായി സേവനമനുഷ്ഠിച്ച ബഹു. ജറോസമ്മയുടെ ഈ നാട്ടിലെ ശിഷ്യസമ്പത്ത് എടുത്തുപറയേണ്ടതാണ്. ജീവിതത്തിന്റെ ഏറിയ പങ്കും പെരിങ്ങുളം മഠത്തിൽ തന്നെയാണ് അമ്മ ജീവിച്ചത്. പെരിങ്ങുളം മഠത്തിൽ പല തവണ സുപ്പീരയറായും മെസ് മാനേജരായും സേവനമനുഷ്ഠിച്ച ജറോസമ്മ 1982 ൽ സർവീസിൽനിന്നു വിരമിച്ചശേഷം തിടനാടുമഠത്തിൽ സുപ്പീരിയറായി നിയമിക്കപ്പെട്ടു. 1985 മുതൽ ജറോസമ്മ പെരിങ്ങുളം മഠത്തിൽത്തന്നെ ആയിരുന്നു. ലോക്കൽ സുപ്പീരിയർ എന്ന നിലയിലുള്ള ജറോസമ്മയുടെ മാതൃത്വത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞ സഹോദരിമാർ നിരവധിയാണ്. ആദ്യകുർബാന സ്വീകരണത്തിനു കുട്ടികളെ ഒരുക്കുന്നതിലും അമ്മ ബദ്ധശ്രദ്ധയായിരുന്നു. പാവപ്പെട്ട കുടുംബങ്ങളെ സമുദ്ധരിക്കുവാനും നിർദ്ധനരായ കുട്ടികളെ ഉന്നതപഠനത്തിന് അയയ്ക്കാനും പൗരോഹിത്യ-സന്ന്യാസ ദൈവവിളിയിലേക്കു കുട്ടികളെ നയിക്കാനും അമ്മയ്ക്കു സാധിച്ചിട്ടുണ്ട്.

പാപികൾക്കുവേണ്ടി പ്രാർഥിക്കുക എന്നതായിരുന്നു ജറോസമ്മയുടെ ജീവിതത്തിന്റെ മോട്ടോ. വാർധക്യകാലത്തുപോലും സമൂഹപ്രാർഥനക

ളിൽ അമ്മ മുടക്കംകൂടാതെ എത്തിയിരുന്നു. ആശുപത്രിയിൽ പോകുന്ന ദിവസംവരെ അമ്മ വീൽചെയറിലാണെങ്കിലും ചാപ്പലിൽ വന്ന് എല്ലാ സമൂഹപ്രാർത്ഥനകളിലും ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു.

2023 ഏപ്രിൽ 27 ന് ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെത്തുടർന്ന് ജറോസമ്മയെ ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചു. ശാരീരികനില മോശമായിക്കണ്ടതിനാൽ മേയ് 5 ന് രോഗീലേപനം നൽകി മെയ് 6 ശനിയാഴ്ച വൈകിട്ട് 4.30 ന് അമ്മയുടെ പാവനാത്മാവ് തിരുസന്നിധിയിലേക്കു യാത്രയായി. അന്നുതന്നെ അമ്മയുടെ മൃതദേഹം മരിയൻ സെന്റർ മോർച്ചറിയിലേക്കു മാറ്റി. പിറ്റേദിവസം ഞായറാഴ്ച അമ്മയുടെ മൃതദേഹം പെരിങ്ങുളം മഠം ചാപ്പലിൽ കൊണ്ടുവന്നു. ഉച്ചയ്ക്ക് 2.30 ന് ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലച്ചന്റെ മുഖ്യ കാർമികത്തിൽ മൃതദേഹം പെരിങ്ങുളം തിരുഹൃദയദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.




## MAY 2023

| | | |
|---|---|---|
| 01 | 09.00 am | കയ്യൂർ ഇടവകയിൽ പാറപ്ലാക്കൽ പി.വി. വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 10.00 am | പൂവരണി ഇടവകയിൽ മുതുപ്ലാക്കൽ മേരികുട്ടി മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | മുട്ടുചിറ ഫൊറോനയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 1.30 pm | മരങ്ങാട്ടുപള്ളി ഇടവകയിൽ ഐരാറ്റിൽ അന്നക്കുട്ടി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 2.45 pm | പ്രവിത്താനം ഫൊറോനയിൽ അറക്കൽ റോസമ്മ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| 02 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 3 | 10.00 am | പൂവരണി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയസന്ന്യാസിനീസമൂഹത്തിലെ സന്ന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തോടും ജൂബിലിയാഘോഷങ്ങളോടും അനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 5.00 pm | തിടനാട് ഇടവകയിൽ വടക്കേമുറിയിൽ അന്നമ്മ തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 4 | 7.00 am | പാലാ കത്തീഡ്രലിൽ പാലാ രൂപത വൈദികാർത്ഥികളുടെ ഹെവുപ്പദ്യാക്ക്ന പട്ടം, കാറോയപട്ടം, വൈദികവസ്ത്ര സ്വീകരണം എന്നീ തിരുകർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 11.30 am | ളാലം സെന്റ് മേരീസ് പഴയ പള്ളിയിൽ ഫാ. അബ്രാഹം കൈപ്പൻപ്ലാക്കലിന്റെ കബറിടത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | ബിഷപ്സ് ഹൗസിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 5 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | കണ്ണാടിയുറുമ്പ് കോൺവെന്റിൽ സി. മേരി ഗ്രാസിയ FCC യുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.00 pm | പ്ലാശനാൽ ഇടവകയിൽ സന്ദർശനം നടത്തി. |
| 06 | 10.00 am | പാലാ കത്തീഡ്രലിൽ സ്നേഹഗിരി മിഷനറി സന്ന്യാസിനീ സമൂഹത്തിലെ സന്ന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 4.00 pm | വെള്ളികുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| 07 | 7.45 am | വെള്ളികുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 03.00 pm | മുത്തോലപുരം ഇടവകയിൽ അരഞ്ഞാണിപുത്തൻപുര സഖറിയായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 5.00 pm | കാഞ്ഞിരത്താനം ഇടവകയിലെ ബേസ് അപ്രേം ദയറയിൽ നടന്ന സമ്മേളനത്തിൽ സംബന്ധിച്ചു. |
| 08 | 11.00 am | പ്രവിത്താനം ഫൊറോനയിൽ ഒരു വിവാഹം അശീർവദിച്ചു. |
| | 3.00 pm | സെന്റ് തോമസ് പ്രസ്സിന്റെ നവീകരിച്ച ആർട്ട് ഗാലറിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 09 | 10.00 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിക്കൊപ്പം അഭിവന്ദ്യ പിതാവിന്റെ വത്സലപിതാവ് കല്ലറങ്ങാട്ട് കെ.എം. മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | മേലുകാവുമറ്റം സി.എസ്.ഐ. ബിഷപ്സ് ഹൗസിൽ ബിഷപ് എമിരത്തുസ് കെ.ജെ. സാമുവലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 10.30 am | കയ്യൂർ ഇടവകയിൽ അഭിവന്ദ്യ പിതാവിന്റെ വത്സല പിതാവ് കല്ലറങ്ങാട്ട് കെ.എം. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ സീറോ മലങ്കര മേജർ ആർച്ചു ബിഷപ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാത്തോലിക്കാ ബാവായുടെയും മറ്റ് അഭിവന്ദ്യ പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ പങ്കുചേർന്നു. |
| | 12.00 noon | കയ്യൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |

| | | |
|---|---|---|
| 12 | 6.30 am | കയ്യൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 pm | മുട്ടുചിറയിൽ ഡോക്ടർ വന്ദന ദാസിന്റെ മാതാപിതാക്കളെ സന്ദർശിച്ചു. |
| 13 | 6.30 am | കയ്യൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 10.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി ആരംഭിച്ച ആർത്രോസ്കോപ്പി സ്കിൽ ലാബിന്റെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| | 11.15 am | കയ്യൂർ ഇടവകയിലെ സ്വന്തം ഭവനത്തിൽ രോഗിയായ മാതാവിനെ കേരള ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി വീണ ജോർജിനൊപ്പം സന്ദർശിച്ചു. |
| | 12.00 noon | മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി ആരംഭിച്ച ആർത്രോസ്കോപ്പി സ്കിൽ ലാബിന്റെ വെഞ്ചെരിപ്പിന് മുഖ്യകാർമികത്വം വഹിച്ചു. |
| | 7.00 pm | ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ മലങ്കര സിറിയൻ ഓർത്തഡോക്സ് സഭാസമൂഹത്തിന്റെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് മൂന്നാമന് സ്വീകരണം നൽകി. |
| 14 | 7.45 am | തിരുമാറാടി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 5.00 pm | ബിഷപ്സ് ഹൗസിൽ രമേശ് ചെന്നിത്തല എംഎൽഎയുമായി കൂടിക്കാഴ്ച നടത്തി. |
| 15 | 6.30 am | കയ്യൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 11.00 am | മറ്റക്കര ഇടവകയിൽ ഫാ. ഫെലിക്സ് വടക്കേടത്ത് എസ്.എസ്.പിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.00 pm | പറത്താനം ഇടവകയിൽ ഹോം പാലായുടെ ഭാഗമായി പണിപൂർത്തിയാക്കിയ രണ്ട് ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 16 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 17 | 3.30 pm | പാലാ സി.എം.ഐ. ആശ്രമത്തിൽ ഫാ. ജോൺ കച്ചിറമറ്റം സി.എം.ഐയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 5.30 pm | മരങ്ങാട്ടുപള്ളി ഇടവകയിൽ ഹോം പാലായുടെ ഭാഗമായി പണിപൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 9.00 pm | സീറോ മലബാർ പെർമനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 18 | 2.30 pm | ചൂണ്ടച്ചേരി എസ്.ജെ.സി.ഇ.ടി.യിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 19 | 9.00 am | കാഞ്ഞിരപ്പള്ളി രൂപതയിൽ ചെങ്കല്ല് ഇടവകയിൽ ഫാ. പോൾ വടക്കേടത്തിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.30 pm | ബിഷപ്സ് ഹൗസിൽ കോട്ടാർ രൂപതയുടെ ബിഷപ് എമിരത്തുസ് പീറ്റർ റെമിജിയുസിനെ സ്വീകരിച്ചു. |
| 20 | 10.00 am | ചൂണ്ടച്ചേരി എസ്.ജെ.സി. ഇ.ടി.യിൽ സംഘടിപ്പിച്ച രൂപതയിലെ വിശ്വാസപരിശീലകരുടെ രണ്ടാമത്തെ ബാച്ചിന്റെ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 11.15 am | മോനിപ്പള്ളി ഇടവകയിൽ രണ്ടു കുട്ടികൾക്ക് പ്രാരംഭ കൂദാശകൾ പരികർമ്മം ചെയ്തു. |
| | 2.30 pm | പ്ലാശനാൽ ഇടവകയിൽ ഫാ. ജോർജ് മുളങ്ങാട്ടിലിന്റെ സുബാറക്കാലത്തെ ഇടയശുശ്രൂഷ സ്വീകരിച്ച ദമ്പതികളുടെയും കുഞ്ഞുങ്ങളുടെയും സംഗമസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 3.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച നസ്രാണിചരിത്രസെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 5.00 pm | വേദഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| 21 | 7.45 am | വേദഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. സിമിത്തേരി സന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 3.00 pm | ചൂണ്ടച്ചേരി എസ്.ജെ.സി.ഇ.ടിയിൽ സംഘടിപ്പിച്ച രൂപതയിലെ വിശ്വാസപരിശീലകരുടെ മൂന്നാമത്തെ ബാച്ചിന്റെ സമാപനസമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| | 4.00 pm | ഇടമറുക് ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 22 | 10.00 am | എടാട് ഇടവകയിൽ കളപ്പുരയ്ക്കൽ മറിയാമ്മ ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| | 11.15 am | മേലുകാവുമറ്റം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 3.30 pm | കുറിച്ചിത്താനം ഇടവകയിൽ ഫാ. കുര്യൻ കളപ്പുരയിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| 23 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കബറിടത്തിങ്കൽ ചരമവാർഷികപ്രാർത്ഥനകൾക്കു കാർമികത്വം വഹിക്കുകയും ശ്രാദ്ധ നേർച്ചയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു. |
| 24 | 12.00 pm | ഉാലം പഴയ പള്ളി ഇടവകയിൽ സി. സോളി പരമല എസ്. ഒ. എമ്മിന്റെ നിത്യവ്രതവാഗ്ദാനത്തിന്റെ സിൽവർ ജൂബിലി സമ്മേളനത്തിൽ സംബന്ധിച്ചു സംസാരിച്ചു. |
| | 4.00 pm | കയ്യൂർ ഇടവകയിൽ രോഗീസന്ദർശനം നടത്തി. |
| 25 | 12.00 pm | മൂലമറ്റം ഇടവകയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| | 4.15 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 26 | 10.00 am | ബിഷപ്സ് ഹൗസിൽ സി.വൈ.എം.എല്ലിന്റെ പ്ലാറ്റിനം ജൂബിലി സ്മരണികയുടെ പ്രകാശനം നിർവഹിച്ചു. |
| | 11.00 am | ബിഷപ്സ് ഹൗസിൽ എസ്.എം.വൈ.എമ്മിന്റെ ഡയറക്ടറിയുടെ പ്രകാശനം നിർവഹിച്ചു. |
| | 3.00 pm | മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കാമ്പസിൽ ആരംഭിച്ച പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും അഗ്രിമ സെൻട്രൽ നേഴ്സറിയുടെയും വെഞ്ചെരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. |
| 27 | 10.30 am | ചൂണ്ടച്ചേരി എസ്.ജെ.സി.ഇ.ടിയിൽ ഗവേണിങ് ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 11.45 am | തോടനാൽ ഇടവകയിൽ ഫാ. തോമസ് പുളിക്കലിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 4.00 pm | മുളക്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| | 9 pm | ബിഷപ്സ് ഹൗസിൽ വിശാഖപട്ടണം അതിരൂപതയുടെ ആർച്ച് ബിഷപ് പ്രകാശ് മല്ലവരപ്പിനെ സ്വീകരിച്ചു. |
| 28 | 7.45 am | മുളക്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. മഠങ്ങൾ സന്ദർശിച്ചു. |

| | | |
|---|---|---|
| | 3.30 pm | ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ പന്തക്കുസ്തത്തിരുനാളിനോടനുബന്ധിച്ചുള്ള ആദ്യാക്ഷരം കുറിക്കൽ കർമ്മത്തിൽ കാർമികത്വം വഹിച്ചു. |
| 29 | 2.45 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 30 | 10.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | പുലിയന്നൂർ സെറാഫിക് മഠത്തിൽ സി. ജിയോ മേരി FCC യുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.30 pm | അടുക്കം ഇടവകയിൽ ഹോം പാലായുടെ ഭാഗമായി പണി പൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 31 | 10.00 am | ചൂണ്ടച്ചേരി ഇടവകയിൽ പുതിയതായി ആരംഭിച്ച ഡി.എസ്.ടി. കോൺവെന്റിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 4.30 pm | മുത്തോലപുരം ഇടവകയിൽ ചക്കാലപാറ കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
വെള്ളികുളം ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
തിരുമാറാടി ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
വേദഗിരി ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
മുളക്കുളം ഇടവക



ചൂണ്ടച്ചേരി SJCET യിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച
കുടുംബസംഗമത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.






ചൂണ്ടച്ചേരി SJCET യിൽ മൂന്നു ബാച്ചുകളായി നടത്തിയ രൂപതയിലെ വിശ്വാസപരിശീലകരുടെ
സമ്മേളനങ്ങളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.





2023
JUNE

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ഹെവുപ്പദിയാക്നാ പട്ടം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യപിതാക്കന്മാരോടൊപ്പം



കാറോയ പട്ടം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



വൈദികവസ്ത്രം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

*Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura*